# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

2020 മാർച്ച് | വാല്യം 46 ലക്കം 12 | ചീഫ് എഡിറ്റർ : വി.വേണുഗോപാൽ | പേജ് 16 | വില 5.00 രൂപ


# ഫാസിസത്തിന്റെ കരിമ്പടം മൂടുമ്പോൾ
# രാജ്യമെമ്പാടും ഷഹീൻബാഗുകൾ ഉയരുന്നു

**ഷഹീൻബാഗ് ഇന്നൊരു സ്ഥലനാമമല്ല, ദേശമെമ്പാടും വളർന്നുകൊണ്ടിരിക്കുന്ന ജനകീയപ്രക്ഷോഭത്തിന്റെ തിളങ്ങുന്ന പ്രതീകമാണത്. രാജ്യത്തെ വിഭജിക്കുന്ന പൗരത്വനിയമ ഭേദഗതിക്കെതിരെ, ദേശീയ പൗരത്വരജിസ്റ്ററിതെിരെ അനുദിനം രാജ്യമെമ്പാടും പടർന്നുകൊണ്ടിരിക്കുന്ന പോർമുഖങ്ങളെ പ്രതിനിധാനം ചെയ്യുന്ന സമരസാക്ഷ്യമായി മാറിയിരിക്കുന്നു ഷഹീൻബാഗുകൾ. രാത്രിയെന്നോ, പകലെന്നോ വേർതിരിവില്ലാതെ, സ്ത്രീ-പുരുഷ ഭേദമന്യേ, ജാതി-മത ഭേദമില്ലാതെ ഭാരതീയർ ഒത്തുകൂടുന്നു. കൊടുംവെയിലിലും കടുത്ത മഞ്ഞിലും തളരാതെ അവർ മുദ്രാവാക്യം വിളിക്കുന്നു.**



ഫാസിസത്തിന്റെ കരിമ്പടം രാജ്യത്തെ ആവരണം ചെയ്യുമ്പോഴും വർഗ്ഗീയകലാപങ്ങൾ ആസൂത്രിതമായി അരങ്ങേറുമ്പോഴും വിട്ടുകൊടുക്കാതെ, ഐക്യത്തോടെ പൊരുതിമുന്നേറുന്ന അമ്മമാരെയും വിദ്യാർത്ഥികളെയും കൊണ്ടു നിറയുകയാണ് ഡൽഹി മുതൽ തിരുവനന്തപുരം വരെയുള്ള ഷഹീൻബാഗ് സമരകേന്ദ്രങ്ങൾ.

2019 ഡിസംബർ 15 നാണ് ന്യൂഡൽഹിയിൽ ഒരുകൂട്ടം അമ്മമാർ ഒത്തുകൂടി അനിശ്ചിതകാല സമരമാരംഭിക്കുന്നത്. ജാമിയ മിലിയ സർവ്വകലാശാലയിൽ പോലീസ് നടത്തിയ നരവേട്ടയ്ക്കെതിരായ പ്രതിഷേധമെന്ന നിലയിലാണ് 90 വയസ്സു കഴിഞ്ഞ അസ്മാ ഖാത്തൂൻ ഉൾപ്പെടെയുള്ള വന്ദ്യവയോധികരായ സ്ത്രീകൾ രണ്ടും കൽപ്പിച്ച് തെരുവിൽ ഇറങ്ങുന്നത്. ക്രമേണ, എണ്ണം കൂടി വന്നു. വൈകാതെ സമരമുഖത്ത് നൂറല്ല, ആയിരം പേർ എത്തുന്ന സ്ഥിതി വന്നു. ആയിരങ്ങൾ പതിനായിരങ്ങളായി മാറുന്നതിന് പിന്നെ അധികനാൾ വേണ്ടിവന്നില്ല. ജനുവരി 26 ന് റിപ്പബ്ലിക്ക് ദിനത്തിൽ, ലക്ഷക്കണക്കിന് ജനങ്ങൾ ഷഹീൻബാഗിൽ ഒത്തുചേർന്ന് ദേശീയപതാക ഉയർത്തുന്നതിന് രാജ്യം സാഭിമാനം സാക്ഷ്യം വഹിച്ചു. രോഹിത് വെമുലയുടെ അമ്മയും ജുനൈദിന്റെ ഉമ്മയും ചേർന്നാണ് ദേശീയ പതാക ഉയർത്തിയത്. ചെങ്കോട്ടയിൽ പ്രധാനമന്ത്രി വഴിപാടായി നടത്തുന്ന പതാകയുയർത്തൽ ചടങ്ങിന്റെ സമയത്ത്, പൗരത്വപ്രക്ഷോഭത്തിന്റെ ദേശീയ കേന്ദ്രത്തിലെ ദേശീയ പതാകയുയർത്തൽ സമരം സ്വാതന്ത്ര്യസമര ദിനങ്ങളെയാണ് അനുസ്മരിപ്പിച്ചത്.

പിന്നിട് അങ്ങോട്ട്, രാജ്യമെമ്പാടും ഷഹീൻബാഗുകൾ ഉയരുന്നതാണ് നാം കാണുന്നത്. ന്യൂഡൽഹിയിലെ തന്നെ സീലാലംപൂരിൽ, കൊൽക്കത്തയിലെ പാർക്ക് സർക്കിളിൽ, ലക്നൗവിൽ, മുബൈയിൽ, പാട്നയിൽ, ചെന്നൈയിൽ, മധുരയിൽ, തിരുവനന്തപുരത്ത് എന്നിങ്ങനെ തലസ്ഥാനനഗരികളിലും പീന്നിട് വിവിധ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഷഹീൻബാഗുകൾ ഉയർന്നുകൊണ്ടിരിക്കുന്നു. കേരളത്തിൽ കോഴിക്കോട്, വടകര, മലപ്പുറം, കൊല്ലം അയത്തിൽ, കണ്ണൂരിൽ തുടങ്ങി നിരവധി സ്ഥലങ്ങളിൽ സ്ത്രീകളുടെയും രാഷ്ട്രീയ സംഘടനകളുടെയും പൊതുവേദികളുടെയും നേതൃത്വത്തിൽ ഷഹീൻബാഗ് സമരകേന്ദ്രങ്ങൾ സജീവമായി പ്രവർത്തിക്കുന്നു.



തിരുവനന്തപുരം ശഹീൻബാഗിൽ ഫെബ്രുവരി 15 ന് നടന്ന ആസാദി മീറ്റ്

അക്ഷരാർത്ഥത്തിൽ, ഒരുകൂട്ടം വിദ്യാർത്ഥികളും അമ്മമാരുമാണ് തിരുവനന്തപുരത്ത് ഫെബ്രുവരി 3 ന് സെക്രട്ടേറിയറ്റിനുമുന്നിൽ ഷഹീൻബാഗ് മോഡൽ സമരത്തിന് മുന്നിട്ടിറങ്ങിയത്. 'എവേക്' എന്ന വാട്സ് അപ്പ് കൂട്ടായ്മയാണ് അതിന് മുൻകൈയെടുത്തത്. ജനുവരി 13 ന്, ഗാന്ധിപാർക്കിൽ കേരള സംസ്ഥാന ജനകീയ പ്രതിരോ

(ശേഷം 8-ാം പേജിൽ)

# ഡൽഹി അക്രമം: ആർഎസ്എസ് – ബിജെപി- സംഘപരിവാർ ആസൂത്രണം പകൽപോലെ വ്യക്തം

ഗുജറാത്ത് മോഡൽ കലാപം ഡൽഹിയിൽ നടക്കുമ്പോൾ നീറോമാർ വിരുന്നിലായിരുന്നു എന്നാണ് ഒരു മുഖ്യധാരാ ഇംഗ്ലീഷ് പത്രം, കൊടും വർഗീയ വാദികളായ ബിജെപി-ആർഎസ്എസ്- സംഘപരിവാർ ക്രിമിനൽ സംഘം ന്യൂനപക്ഷത്തിനെതിരെ നടപ്പിലാക്കിയ അക്രമം മൂലം കത്തിയ തലസ്ഥാനനഗരിയിൽ, സ്വസ്ഥമായി അമേരിക്കൻ പ്രസിഡണ്ടിനോടൊപ്പം വർണാഭമായ വിരുന്നിൽ പങ്കെടുത്ത പ്രധാനമന്ത്രിയെക്കുറിച്ച് ഏറ്റവും ഉചിതമായ തലക്കെട്ടോടുകൂടി എഴുതിയത്.

ഔദ്യോഗികമായി മരണസംഖ്യ 48 ആയിരിക്കുന്നു. അനൗദ്യോഗിക കണക്കുകൾ അതിനേക്കാൾ വളരെ ഉയർന്നതാണ്. പരിക്കേറ്റവർ നൂറുകണക്കിനാണ്. ദിവസം കഴിയുന്തോറും മരിച്ചവരുടെ എണ്ണം വർദ്ധിക്കുന്നു. മേൽപ്പറഞ്ഞ പത്രം തന്നെ പ്രമുഖനായ ഒരു ബിജെപി നേതാവിന്റെ നേതൃത്വത്തിൽ നയിക്കപ്പെട്ട അക്രമിസംഘം പോലീസിന്റെ ഒത്താശയോടെ എത്ര മനുഷ്യത്വ ഹീനവും ഭ്രാന്തും ആയിരുന്നു എന്ന് കാണിക്കാൻ 'ഭീകരസത്വം' എന്നാണ് പ്രയോഗിച്ചത്. സി.എ.എ. അനുകൂലികളായ അക്രമികൾ പോലീസ് ബാരിക്കേഡുകൾ ചാടിക്കടന്ന്, വടക്കുകിഴക്കൻ ഡൽഹിയിലെ ജാഫ്രാബാദിൽ, സിഎഎ – എൻആർസി വിരുദ്ധ സമരക്കാർക്കുനേരെ കല്ലെറിയുന്നതും, ബോംബെറിഞ്ഞ് പന്തൽ തകർക്കുന്നതിന്റെയുമെല്ലാം ചിത്രങ്ങളും വീഡിയോകളും ഇലക്ട്രോണിക്-അച്ചടി മാധ്യമങ്ങളിലൂടെയെല്ലാം ധാരാളമായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.



ഡൽഹി അക്രമത്തിൽ പ്രതിഷേധിച്ച് എസ്‌യുസിഐ(സി) സംഘടിപ്പിച്ച മത സൗഹാർദ്ദ ധർണ്ണ

മുസ്ലീം മതത്തിൽപെട്ട പുരുഷനെയും ബുർഖ ധരിച്ച സ്ത്രീയേയും അനേകം അക്രമികൾ ചേർന്ന് വടികളും ഇരുമ്പു ദണ്ഡുകളും കൊണ്ട് മർദ്ദിക്കുന്നതിന് റോയിട്ടേഴ്സ് ലേഖകൻ ദൃക്സാക്ഷിയായി. ഷാരൂഖ് എന്ന് പോലീസ് പറഞ്ഞ, പിന്നീട് ചന്ദ്രാൽ ശുക്ള എന്ന സംഘപരിവാർ പ്രവർത്തകൻ എന്ന് തെളിഞ്ഞ അക്രമി പോലീസിന്റെ മുന്നിൽ നിന്നാണ് വെടിയുതിർത്തത്. ഒരു അക്രമിസം

(ശേഷം 2-ാം പേജിൽ)


പേജ് 3
എഐയുടിയുസി അഖിലേന്ത്യാസമ്മേളനം: റിപ്പോർട്ട്

പേജ് 5
ന്യായാധിപന്മാർപോലും നീതിന്യായപ്രക്രിയയിൽ അസംതൃപ്തരാകുന്നതെന്തുകൊണ്ട്?

പേജ് 10
വിജ്ഞാന ശാസ്ത്രം വൈരുദ്ധ്യാത്മക, ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി

പേജ് 13
കേന്ദ്രബജറ്റ് അവലോകനം

# ജനങ്ങളുടെ ഐക്യവും സാഹോദര്യവും കാത്തുസൂക്ഷിക്കുക

## ഡൽഹി അക്രമം....

(1-ാം പേജിൽ നിന്ന്)

ഘം, മുസ്ലിം പേരുള്ള ഒരു കട തകർക്കുകയും വാഹനം കത്തിക്കുകയും ചെയ്തപ്പോൾ പോലീസ് ഒപ്പം നിന്നു. 'മുന്നോട്ടുപോവുക, കല്ലെറിയുക' എന്ന് ഒരു പോലീസുകാരൻ ആക്രമികൾക്ക് നിർദ്ദേശം നൽകുന്നതും പുറത്തുവന്നു. ടിറ്ററിൽ വന്ന ഒരു പോസ്റ്റിൽ പ്രകടമായും അക്രമികളുടെ ഭാഗം എന്നു തോന്നുന്ന ഒരു മനുഷ്യൻ അവകാശപ്പെടുന്നത് അവർക്ക് പോലീസിന്റെ പിന്തുണയുണ്ട് എന്നാണ്. അയാൾ പോലീസിന് സിന്ദാബാദ് വിളിക്കുന്നുമുണ്ട്. ഈ പ്രദേശത്തെ രണ്ട് മതവിഭാഗങ്ങളിൽ പെട്ട സാധാരണക്കാരും, കടയുടമകളും ഭയചകിതരാണ്. നഗരത്തിനാകെ ഭയത്തിന്റേയും ദുഃഖത്തിന്റെയും രാത്രിയായിരുന്നു.

'ജയ് ശ്രീറാം' മുദ്രവാക്യം മുഴക്കി ഒരു സംഘം ട്രക്കുകളിൽ കല്ലുകൾ ശേഖരിക്കുന്നതിന്റെ ചിത്രങ്ങൾ സോഷ്യൽ മീഡിയ വഴി പുറത്തുവന്നു. മറ്റൊരു വീഡിയോയിൽ ട്രാക്കിൽ നിന്ന് കല്ലുകളും കട്ടകളും ഇറക്കിയിട്ട് ആവേശത്തോടെ മുദ്രാവാക്യം മുഴക്കുന്ന സംഘത്തെയും കാണാം. അക്രമികൾ ചേർന്ന് ഒരു മുസ്ലീമിനെ ആക്രമിക്കുന്ന, റോയിട്ടേഴ്സ് പകർത്തിയ ചിത്രം നിരവധി പ്രമുഖ പത്രങ്ങൾ മുൻപേജിൽ പ്രസിദ്ധീകരിച്ചു. ഭ്രാന്ത് പിടിച്ച ഒരുകൂട്ടം പോലീസിന്റെ സാന്നിധ്യത്തിൽ ഒരു പ്രദേശം മുഴുവൻ കടന്നുകയറി കടകളും വീടുകളും ചന്തയും പള്ളിയും എല്ലാം തീയിടുകയായിരുന്നു എന്നാണ് പ്രദേശവാസികൾ പറഞ്ഞത്. ഡൽഹിയുടെ പല പ്രദേശങ്ങളും, വിശേഷിച്ചും വടക്കുകിഴക്കൻ ഡൽഹിയെ അഗ്നിക്കിരയാക്കി.

പത്രപ്രവർത്തകരെയും വെറുതെവിട്ടില്ല. ജെകെ 24x7 ന്യൂസ് കറസ്പോണ്ടന്റിന് വെടിയേറ്റു. എൻഡിടിവിയുടെ റിപ്പോർട്ടർമാരും ക്യാമറാമാൻമാരും ആക്രമണത്തിനിരയായി. ഇടിയേറ്റ ഒരു റിപ്പോർട്ടറുടെ മൂന്ന് പല്ലുകൾ നഷ്ടപ്പെട്ടു. അയാളുടെ തലയ്ക്കു കിട്ടേണ്ട അടി ക്യാമറാമാൻ തടയുകയും അയാൾക്ക് അടിയേൽക്കുകയും ചെയ്തു. മറ്റൊരു ഫോട്ടോ ജേർണലിസ്റ്റിനെ ആക്രമികൾ കയ്യേറ്റം ചെയ്യുകയും ഹിന്ദുവാണെന്ന് തെളിയിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഒരു വെബ് പോർട്ടലിന്റെ പ്രതിനിധി നിരവധി പത്രപ്രവർത്തകരെ സിഎഎ അനുകൂലികളായ അക്രമികൾ കയ്യേറ്റം ചെയ്യുന്നതും അവരുടെ മൊബൈൽ ഫോൺ വാങ്ങി ചിത്രങ്ങളും വീഡിയോകളും മായിക്കുന്നതും കണ്ടതായി റിപ്പോർട്ട് ചെയ്യുന്നുണ്ട്. ബിജെപിക്ക് വോട്ടു നൽകാത്തതിന് അവർ ജനങ്ങളോട് പ്രതികാരം ചെയ്യുന്നതായാണ് തോന്നിയതെന്നാണ് ജാഫ്രാബാദിനോട് ചേർന്നുള്ള സീലാംപൂർ നിവാസിയായ ഹിന്ദുമത വിശ്വാസി പറഞ്ഞത്. സിഎഎ വിരുദ്ധ സമരങ്ങളെ അപകീർത്തിപ്പെടുത്താനും സമാനമായ സമാധാനപരമായ സമരങ്ങളെ നിയമവിരുദ്ധമാക്കാനും വേണ്ടി ആസൂത്രണം ചെയ്ത കലാപമായിരുന്നു ഇതെന്നാണ് മറ്റൊരാൾ പറഞ്ഞത്. വർഗീയ അഗ്നി പടർത്തിയതിൽ പോലീസിന്റെ നിഷ്ക്രിയത്വമാണ് ഏവരും കുറ്റപ്പെടുത്തിയത്. പോലീസിന്റെ വർഗീയ പക്ഷപാതിത്വവും ജനശ്രദ്ധയിൽ വന്നു. ദില്ലി കത്തുമ്പോൾ പോലീസ് വാർഷിക ക്രിക്കറ്റ് ടൂർണമെൻറ് തിരക്കിലായിരുന്നുവെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. ഇതൊരു കലാപം ആയിരുന്നില്ല. ആസൂത്രിതമായ കൂട്ടക്കൊല ആയിരുന്നു. കലികൊണ്ട് പാഞ്ഞുനടക്കുന്ന ആർഎസ്എസ്-ബിജെപി അക്രമി സംഘം സ്ഥിതി കൂടുതൽ കൂടുതൽ വഷളാക്കികൊണ്ടിരിക്കുകയാണ്. ഭയചകിതരായ ഡൽഹിനിവാസികൾ 'ജനാധിപത്യം പോകട്ടെ, ഇതൊരു പരിഷ്കൃത സമൂഹം ആണോ? അതോ, മൃഗീയ വാസനകളോടുകൂടിയ ഏതെങ്കിലും പ്രാകൃത സമൂഹമാണോ" എന്നാണ് സംശയിക്കുന്നത്.

### ആര്, എന്തിനുവേണ്ടി ഈ അക്രമം സൃഷ്ടിച്ചു?

ബിജെപി-ആർഎസ്എസ് ഗൂണ്ടാ സംഘങ്ങൾക്ക് സമനിലതെറ്റിയവണ്ണം ഗുജറാത്ത് വംശഹത്യയുടെ പുനഃസൃഷ്ടിക്ക് പ്രേരിപ്പിച്ചത് എന്താണ്? കാരണം, ഷാഹീൻബാഗ് വഴികാട്ടിയാവുകയാണ്. ജനങ്ങളുടെ ഇടയിൽ വർഗീയ വിഭജനം സൃഷ്ടിച്ച് യഥാർത്ഥ ഇന്ത്യക്കാരെ അനധികൃത കുടിയേറ്റക്കാർ എന്നുപറഞ്ഞ് പുറന്തള്ളാൻ ലക്ഷ്യം വെച്ചുകൊണ്ടുള്ള പൈശാചിക നിയമങ്ങളായ സിഎഎ, എൻആർസി, എൻപിആർ എന്നിവയ്ക്കെതിരെയുള്ള സമരം വീട്ടമ്മമാർ(അതും 80 ഉം,90 ഉം വയസ്സുള്ളവർവരെ ഉൾപ്പെടുന്ന), കൈക്കുഞ്ഞുങ്ങളുള്ളവർ തുടങ്ങി, ഏറ്റവും ദരിദ്രരായ സ്ത്രീകൾ നേതൃത്വം കൊടുക്കുന്ന സമരം. വിഭാഗീയതകൾ തള്ളിക്കളഞ്ഞ് ജനങ്ങൾ വൻതോതിൽ ന്യായമായ ഈ സമരത്തോടൊപ്പം നിന്നു. ലക്ഷംപേർ വരെ എത്തിച്ചേർന്ന ഈ സമരം സ്വതന്ത്ര ഇന്ത്യയിൽ സ്ത്രീകൾ നയിക്കുന്ന ഏറ്റവും വലിയതും വ്യതിരിക്തവുമായ ഒന്നായി മാറി. വൈകാതെ രാജ്യമാകെ ഷാഹീൻബാഗിനോട് പ്രതികരിച്ചു. എല്ലാ വിഭാഗീയതയ്ക്കും അതീതമായി ജനങ്ങൾ ഒന്നിക്കുന്ന 96000 പ്രകടനങ്ങൾ ഇതിനകംതന്നെ രാജ്യമെമ്പാടും നടന്നുകഴിഞ്ഞു. മൗലികവാദ ശക്തികളെ ഒന്നും നുഴഞ്ഞു കയറാൻ അനുവദിച്ചില്ല. എല്ലാ പ്രതിസന്ധികളെയും തരണം ചെയ്ത് ഷാഹീൻബാഗ് മാതൃകയിലുള്ള നിരവധി സമരങ്ങൾ മാസങ്ങളായി തുടരുന്നു. ഫാസിസ്റ്റുകളുടെ തനത് ശൈലിയിൽ ആർഎസ്എസ്-ബിജെപി അവരുടെ എല്ലാ ആയുധങ്ങളും ഇതിനെതിരെ പ്രയോഗിക്കുകയാണ്. പ്രകടനക്കാരെ ദേശവിരുദ്ധർ എന്ന് വിളിച്ച്, കടുത്ത പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് ഭീഷണിപ്പെടുത്തി. ആയുധധാരികളായ അക്രമികളെ അഴിച്ചുവിട്ടു. ആർഎസ്എസ് പ്രവർത്തകരെ ബുർഖ ധരിപ്പിച്ച് സമരക്കാരുടെയിടയിൽ കടത്തിവിട്ട് പാകിസ്ഥാൻ അനുകൂല മുദ്രാവാക്യം വിളിപ്പിച്ചു. അങ്ങനെ എല്ലാ പ്രയോഗങ്ങളും നടത്തുകയാണ്. അവസാനം, അടുത്തിടെ നടന്ന ദില്ലി തിരഞ്ഞെടുപ്പിൽ ആർഎസ്എസ്-ബിജെപി നേതാക്കൾ പരസ്യമായി വർഗീയ വിഷംതുപ്പിക്കൊണ്ട് അക്രമത്തിനു പ്രേരിപ്പിക്കുന്ന പ്രസംഗങ്ങൾ നടത്തി. ഷാഹീൻബാഗിനെ ദേശവിരുദ്ധമെന്നും രാജ്യദ്രോഹികളും വഞ്ചകരുമാണ് നടത്തുന്നത് എന്നുമെല്ലാം അപകീർത്തിപ്പെടുത്തി പക്ഷേ, സ്വമേധയാ വളർന്നുവന്ന ഈ സമരത്തിലൂടെ വിവിധ മത-വംശ-ഭാഷാവിഭാഗങ്ങൾക്കിടയിൽ ഉണ്ടായിവന്ന ഐക്യത്തെ തകർക്കാൻ ഇതിനൊന്നും ആയില്ല. എന്ന് മാത്രമല്ല, സമരം കൂടുതൽ ശക്തമാകുകയും ചെയ്തു. സമരക്കാർ പ്രധാനപാതയിൽ യാത്രാദുരിതം സൃഷ്ടിക്കുന്നുവെന്ന് ആരോപിച്ച് സമരക്കാരെ മാറ്റണമെന്ന് ആവശ്യപ്പെട്ടു. അതിനായി അവർ സുപ്രീംകോടതിയെ സമീപിച്ചു. പക്ഷേ, സുപ്രീംകോടതി നിയോഗിച്ച മധ്യസ്ഥരിൽ ഒരാൾ ഈ സമരം സമാധാനപരവും മനോഹരവുമാണെന്ന് വിശേഷിപ്പിച്ചു. അനാവശ്യമായി റോഡ് തടഞ്ഞിരിക്കുന്നത് പോലീസാണെന്നും അവർ കണ്ടെത്തി. ഒരു റോഡിൽ സമരം നടത്തുന്ന സമരക്കാരുടെ പേരിൽ, യാത്രക്കാർക്ക് ഉപയോഗിക്കാൻ കഴിയുന്ന രണ്ട് ബദൽ പാതകൾ തടഞ്ഞുകൊണ്ട് ദില്ലി, യുപി പോലീസ് ആണ് യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നതെന്ന് മാധ്യമങ്ങളും കണ്ടെത്തി. കൂടാതെ ഡൽഹി തെരഞ്ഞെടുപ്പിൽ ബിജെപിയെ ജനങ്ങൾ പരാജയപ്പെടുത്തി നിലംപരിശാക്കി. ഈ പരാജയം കൂടുതൽ ഷഹീൻബാഗുകൾ തലസ്ഥാന നഗരിയുടെ വിവിധ ഭാഗങ്ങളിൽ തുറക്കാൻ ദില്ലിയിലെ പീഡനം അനുഭവിക്കുന്ന അധ്വാനിക്കുന്ന ജനങ്ങൾക്ക് പ്രേരണയായി.

വടക്കുകിഴക്കൻ ഡൽഹിയിലെ ജാഫ്രാബാദാണ് അവർ തെരഞ്ഞെടുത്ത അടുത്ത സ്ഥലം. രാജ്യമെമ്പാടും സിഎഎയ്ക്കും എൻആർസിക്കുമെതിരെ ഉയർന്നുകൊണ്ടേയിരുന്ന പ്രക്ഷോഭങ്ങളാൽ അസ്വസ്ഥരും ഡൽഹിതെരഞ്ഞെടുപ്പുഫലത്താൽ പ്രതിരോധത്തിലുമായിരുന്ന ബിജെപിയെ സംബന്ധിച്ചിടത്തോളം ഷഹീൻബാഗ് മാതൃകകളുടെ ആവേശം എവ്വിധവും തടഞ്ഞേ മതിയാകുമായിരുന്നുള്ളൂ. വർഗ്ഗീയവിദ്വേഷം നിറഞ്ഞവരും എന്തുക്രൂരകൃത്യത്തിനും മടിക്കാത്തവരുമായ ഒരു പറ്റം ആളുകൾ പിന്നെ തെരുവിലേയ്ക്കിറങ്ങുന്നതാണ് നാം കണ്ടത്. കപിൽ മിശ്രയെ പോലുള്ള ബിജെപി നേതാക്കൻമാരാകട്ടെ ഒന്നിനുപിന്നാലെ ഒന്നായി വിദ്വേഷ പ്രസംഗങ്ങൾ നടത്തിക്കൊണ്ടേയിരുന്നു. സിഎഎയ്ക്കെതിരെ പ്രതിഷേധിക്കുന്നവരെ രാജ്യദ്രോഹികൾ എന്നാണ് കപിൽ മിശ്ര സംബോധന ചെയ്തത്. ജാഫ്രാബാദിൽ നടന്ന സിഎഎ അനുകൂല റാലിയിൽ മറ്റൊരു ഷഹീൻബാഗ് അനുവദിക്കില്ലെന്നും മൂന്ന് ദിവസത്തിനുള്ളിൽ ഉപരോധമവസാനിപ്പിച്ച് റോഡ് ഗതാഗതം പുനഃസ്ഥാപിക്കണമെന്നും ഭീഷണി മുഴക്കി. ജാഫ്രാബാദ് മെട്രോസ്റ്റേഷനു സമീപം ആരംഭിക്കാൻ പോകുന്ന ഷഹീൻബാഗ് സമരം തടയുവാൻ സംഘടിക്കുവാൻ സ്വന്തം അനുയായികൾക്ക് ടിറ്ററിലൂടെ ആഹ്വാനം നൽകി.

കപിൽ മിശ്രയുടെ നേതൃത്വത്തിൽ ജാഫ്രാബാദിൽ നടന്ന റാലിയെത്തുടർന്നാണ് പ്രദേശത്ത് സംഘർഷം പൊട്ടിപ്പുറപ്പെട്ടത്. ഭൂരിപക്ഷ സമുദായാംഗങ്ങളുടെ വീടുകളിലും കടകൾക്കുമുന്നിലും മുൻകൂറായി കാവിക്കൊടികൾ സ്ഥാപിച്ചു. "ഹിന്ദുവീടുകൾ തെരെഞ്ഞുപിടിച്ച് കാവിക്കൊടി കെട്ടുന്നത് എന്തിനാണ്? പ്രകോപനപരമായ പ്രസംഗം നടത്തിയ കപിൽ മിശ്രയ്ക്കെതിരെ പോലീസ് നടപടിയെടുക്കാത്തത് എന്തുകൊണ്ടാണ്?'' ജാഫ്രാബാദിലെ ഒരു സ്കൂൾ അധ്യാപകൻ ചോദിക്കുന്നു. സുപ്രീംകോടതി പോലും ഡൽഹി പോലീസിനെ അതിനിശിതമായി വിമർശിച്ചു. ഡൽഹിപോലീസിന് പ്രോഫഷണലിസം ഇല്ല എന്നാണ് കോടതി അഭിപ്രായപ്പെട്ടത്. പോലീസ് സമയോചിതമായി ഇടപെട്ടിരുന്നുവെങ്കിൽ കുറ്റക്കാർ രക്ഷപ്പെടുമായിരുന്നില്ല എന്നും കോടതി അഭിപ്രായപ്പെട്ടു. മാത്രവുമല്ല നേതാക്കളുടെ സ്പർദ്ധ പടർത്തുന്ന പ്രസ്താവനകൾക്കെതിരെ പോലീസ് സമയോചിതമായ നടപടികൾ എടുത്തിരുന്നുവെങ്കിൽ വർഗ്ഗീയ കലാപവും ജീവഹാനിയും ഒഴിവാക്കാനാകുമായിരുന്നുവെന്ന് സുപ്രീംകോടതി ജസ്റ്റിസ് കെ.എം.ജോസഫ് നിരീക്ഷിച്ചു. നമ്മുടെ രാജ്യത്തും ലോകമെമ്പാടുമുള്ള സമാധാനകാംക്ഷികളായ ജനങ്ങളും അന്താരാഷ്ട്ര മാധ്യമങ്ങളുമെല്ലാം ഒരേഭാഷയിൽ, വർഗ്ഗീയ വെറിപൂണ്ട ഈ നടപടികളെയും പോലീസിന്റെ അനാസ്ഥയെയും അപലപിച്ചു, ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ഭരിക്കുന്ന പാർട്ടിയും സർക്കാരും പ്രതിഷേധത്തിന്റെ ഈ ശബ്ദങ്ങൾ അശേഷം പരിഗണിച്ചില്ല. ആഭ്യന്തര സഹമന്ത്രി കിഷൻ റെഡ്ഡി പറഞ്ഞത് ട്രംപിന്റെ സന്ദർശന വേളയിൽ ഇന്ത്യയെ ആഗോളമായി ഇടിച്ചുകാണിക്കാൻ നടന്ന ഗൂഢാലോചനയാണിത് എന്നായിരുന്നു. ഈ അഭിപ്രായം പരമാവധി പ്രചരിപ്പിക്കാൻ ശ്രമിച്ച ഭരണനേതൃത്വം സമാധാനം സ്ഥാപിക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ട് ഒരു പ്രസ്താവനപോലും നടത്തിയില്ല. നീണ്ട മൗനത്തിനുശേഷം ആഭ്യന്തരമന്ത്രി പറഞ്ഞതാകട്ടെ ഡൽഹിയിൽ നടന്നത് പെട്ടെന്നുണ്ടായ പ്രതികരണമാണ് എന്നായിരുന്നു. എന്നുമാത്രമല്ല സ്ഥിതിഗതികൾ നേരെയാക്കാനും സമാധാനം പുനഃസ്ഥാപിക്കാനും പോലീസ് പരമാവധി പരിശ്രമിച്ചിട്ടുണ്ടെന്നും അദ്ദേഹം പ്രതികരിച്ചു. ഈ പ്രസ്താവനകളിലൂടെയെല്ലാം കൂട്ടക്കൊലയുടെയും കലാപത്തിന്റെയും പിന്നിൽ ആർഎസ്എസ്-ബിജെപി സംഘടനകൾക്കുള്ള നിർണായകപങ്കിനെ ബോധപൂർവ്വം തമസ്കരിക്കുകയാണ് നേതൃത്വം ചെയ്യുന്നത്.

കപിൽ മിശ്ര, അനുരാഗ് ഠാക്കൂർ, പർവേഷ് വർമ്മ തുടങ്ങിയ ബിജെപി നേതാക്കന്മാരുടെ വിദ്വേഷ പ്രസംഗത്തിന്റെ വീഡിയോ ഡൽഹി പോലീസ് ഇനിയും കണ്ടിട്ടില്ല എന്നതിൽ, ഡൽഹി കലാപത്തെ സംബന്ധിച്ച ഒരു അടിയന്തരപരാതി കേൾക്കുന്നതിനിടെ ജസ്റ്റിസ് മുരളീധറും ജസ്റ്റിസ് തൽവന്ത് സിംഗും ഉൾപ്പെടുന്ന ബഞ്ച് നടുക്കം രേഖപ്പെടുത്തി. ഫെ

(ശേഷം 3-ാം പേജിൽ)

# രാജ്യവ്യാപകമായി വീറുറ്റ തൊഴിലാളിവർഗ്ഗ പ്രക്ഷോഭണം അഴിച്ചുവിടുക

# എ.ഐ.യു.ടി.യു.സി. 21–ാം അഖിലേന്ത്യാ സമ്മേളനം

**ആൾ ഇന്ത്യ യുണൈറ്റഡ് ട്രേഡ് യൂണിയൻ സെന്ററി(എ.ഐ.യു.റ്റി.യു.സി.)ന്റെ 21–ാം അഖിലേന്ത്യാ സമ്മേളനം 2020 ഫെബ്രുവരി 13 മുതൽ 15 വരെ, കൽക്കരി നഗരം എന്നറിയപ്പെടുന്ന ജാർഖണ്ഡിലെ ധൻബാദിൽവച്ച് നടന്നു. 13ന് ധൻബാദിലെ കോഹിന്നൂർ മൈതാനത്തായിരുന്നു പൊതുസമ്മേളനം.**

രാജ്യത്തെ തൊഴിലാളി വർഗ്ഗവും തൊഴിൽരംഗവും അഭൂതപൂർവ്വമായ വെല്ലുവിളികൾ നേരിടുന്ന സമയത്ത് നടന്ന ഈ തൊഴിലാളി സമ്മേളനത്തിന് വളരെയേറെ പ്രാധാന്യമുണ്ടായിരുന്നു. കഴിഞ്ഞ ആറുവർഷത്തെ ബി.ജെ.പി.ഭരണം, രാജ്യത്തിന്റെ പൊതുസമ്പത്ത് ഒരുപിടി കുത്തകകൾക്ക് തീറെഴുതിക്കൊണ്ടും, ബഹുഭൂരിപക്ഷം ജനങ്ങളെയും തൊഴിലില്ലായ്മയ്ക്കും ദാരിദ്ര്യത്തിനും എറിഞ്ഞു കൊടുത്തു കൊണ്ടും വൻ അന്തരവും പ്രതിസന്ധിയും സൃഷ്ടിച്ചിരിക്കുന്നു. തൊഴിൽ നിഷേധിച്ചും അവകാശങ്ങൾ കവർന്നെടുത്തും കോടിക്കണക്കിന് തൊഴിലാളികളെ തെരുവിലേക്ക് തള്ളുകയാണ്. അവർ സംഘടിക്കുന്നതും സമരം ചെയ്യുന്നതും തടയാൻ ഭരണ വർഗ്ഗം ഫാസിസ്റ്റ് നടപടികൾ കൈക്കൊള്ളുകയാണ്. ജനങ്ങളെ മതാടിസ്ഥാനത്തിൽ വിഭജിക്കുവാനും വർഗ്ഗീയ കലാപങ്ങൾ കുത്തിപ്പൊക്കാനും തന്ത്രങ്ങൾ മെനയുന്നു.




**എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് പ്രതിനിധിസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുന്നു. ട്രേഡ്‌യൂണിയൻ അഖിലേന്ത്യാ നേതാക്കൾ വേദിയിൽ.**

എന്നാൽ, നീണ്ട വീറുറ്റ സമര ചരിത്രമുള്ള ഇന്ത്യൻ തൊഴിലാളിവർഗ്ഗം ഈ ഭരണകൂട തേർവാഴ്ചയ്ക്കു മുന്നിൽ മുട്ടുമടക്കില്ലെന്ന് വിളിച്ചോതുന്നതായിരുന്നു ധൻബാദ് തൊഴിലാളി സമ്മേളനം. രാജ്യത്തെ 22 സംസ്ഥാനങ്ങളിൽ നിന്നായി ഇരുമ്പ്-ഉരുക്ക്, കൽക്കരി, വൈദ്യുതി, ബാങ്ക്-ഇൻഷൂറൻസ്, റെയിൽവെ, മോട്ടോർവാഹനം, പെട്രോളിയം, പോർട്ട്, മത്സ്യബന്ധനം, നിർമ്മാണം, പരമ്പരാഗത ഉല്പാദനം, സ്കീംവർക്ക്, ഗാർഹിക തൊഴിൽ തുടങ്ങി വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവർ, കടുത്ത തൊഴിൽ ചൂഷണം അനുഭവിക്കുന്ന ഖനി തൊഴിലാളികളുടെ നഗരമായ ധൻബാദിൽ മൂന്ന് ദിവസത്തേയ്ക്ക് ഒത്തുചേർന്നു. തൊഴിൽരംഗത്ത് ധാരാളം സവിശേഷ വൈജാത്യങ്ങൾ ഉണ്ടെങ്കിലും തങ്ങളുടെ അടിസ്ഥാന പ്രശ്നം ഒന്നു തന്നെയാണെന്ന് അവർ തിരിച്ചറിയുന്നു. അതു കൊണ്ടു തന്നെ തങ്ങളുടെ പോരാട്ടം, തൊഴിലാളി വർഗ്ഗ പോരാട്ടം, ഒറ്റക്കെട്ടായി നടത്തേണ്ടതാണെന്നും അവർ കൃത്യമായി മനസ്സിലാക്കിയിരുന്നു.

കൽക്കരി നഗരത്തിലെ രക്തസാക്ഷി സ്മാരകം മുതൽ പൊതുസമ്മേളനവേദിവരെ 22 സംസ്ഥാനങ്ങളിൽ നിന്നും വിവിധ തൊഴിൽ മേഖലകളിൽ നിന്നും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള ആയിരക്കണക്കിന് തൊഴിലാളികൾ സുസജ്ജവും അച്ചടക്കമുള്ളതുമായ പ്രകടനം നടത്തി. എഐയുടിയുസി അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് കെ. രാധാകൃഷ്ണ, ജനറൽ സെക്രട്ടറി സഖാവ് ശങ്കർ സാഹ, ബീഹാർ കോൾ മൈൻസ് യൂണിയൻ നേതാവ് സഖാവ് ആർ.തിവാരി എന്നിവർ രക്തസാക്ഷി സ്മാരകത്തിൽ പുഷ്പാർച്ചന നടത്തി

*(ശേഷം 4–ാം പേജിൽ)*

## ഡൽഹി അക്രമം....

*(2–ാം പേജിൽ നിന്ന്)*

ബ്രുവരി 26ന് അർദ്ധരാത്രിയിൽ ജസ്റ്റിസ് മുരളീധറിന്റെ വസതിയിൽ നടന്ന അടിയന്തര സിറ്റിങ്ങിനുശേഷം കോടതി പുറപ്പെടുവിച്ച ഉത്തരവിൽ പോലീസിനോട് അടിയന്തരമായി ഹെൽപ് ലൈൻ ആരംഭിക്കുവാനും മുറിവേറ്റവർക്ക് അടിയന്തര വൈദ്യസഹായം എത്തിക്കുവാനും പരക്കേറ്റവർക്ക് സുരക്ഷിതമായി ആശുപത്രികളിലെത്തിച്ചേരാനുള്ള സംവിധാനം ഒരുക്കുവാനും ആവശ്യപ്പെട്ടു. 1984 ആവർത്തിക്കാൻ അനുവദിക്കില്ല എന്നു ശക്തമായ ഭാഷയിൽ താക്കീതു നൽകിയ കോടതി, സോളിസിറ്റർ ജനറൽ തുഷാർ മേത്തയോട് നേതാക്കൻമാരുടെ വിദ്വേഷ പ്രസംഗത്തിന്റെ വീഡിയോ പരിശോധിക്കാനും വിദ്വേഷ പ്രസംഗത്തിന്റെ പേരിൽ ബിജെപി നേതാക്കൻമാർക്കെതിരെ എഫ്ഐആർ തയ്യാറാക്കാൻ പോലീസ് കമ്മീഷണർ അമൂല്യ പട്നായിക്കിനോട് നിർദ്ദേശിക്കുവാനും ആവശ്യപ്പെട്ടു. പോലീസ് കമ്മീഷണറുടെ ആഫീസിൽ ടിവി കാണുമെന്ന് പ്രത്യാശിക്കുന്നുവെന്നും അദ്ദേഹം വീഡിയോ ക്ലിപ്പിംഗ് പരിശോധിക്കണം എന്നും കോടതി അഭിപ്രായപ്പെട്ടു. ഫെബ്രുവരി 27 രാവിലെ അടുത്ത സിറ്റിംഗ് തീരുമാനിച്ചാണ് കോടതി പിരിയുന്നത്. എന്നാൽ ജസ്റ്റിസ് മുരളീധറിനെ അർദ്ധരാത്രിയിൽ തന്നെ പഞ്ചാബ്-ഹരിയാന ഹൈക്കോടതിയിലേയ്ക്ക് സ്ഥലംമാറ്റിക്കൊണ്ടാണ് നിയമകാര്യവകുപ്പ് തിരിച്ചടിച്ചത്. ജസ്റ്റിസ് മുരളീധറിന് പകരം വന്ന ബഞ്ചിനാകട്ടെ ഉടൻ എഫ്ഐആർ ഇടാനും മാത്രം അടിയന്തര പ്രാധാന്യമുണ്ട് വിഷയത്തിന് എന്നുതോന്നായ്കയാൽ വീഡിയോ പരിശോധിക്കുവാൻ 4 ആഴ്ചത്തെ സാവകാശമാണ് അനുവദിച്ചിരിക്കുന്നത്. കുറ്റവാളികൾക്ക് ഒരു മാസത്തേയ്ക്ക് സൈ്വര്യവിഹാരം(കപിൽ മിശ്രയ്ക്ക് വൈ കാറ്റഗറി സുരക്ഷയും).

കപിൽ മിശ്രയ്ക്ക് എതിരെ ഇതിനുമുമ്പും വിദ്വേഷ പ്രസംഗങ്ങളുടെ പേരിൽ പരാതികൾ ഉയർന്നിട്ടുണ്ട്. 2019 ഫെബ്രുവരി 27 ന്, ടെലികമ്മ്യൂണിക്കേഷൻ വകുപ്പിലെ ഉദ്യോഗസ്ഥനായ ആശിഷ് ജോഷി ഇതേ ഡൽഹി പോലീസ് കമ്മീഷണർ അമൂല്യ പട്നായിക്ക് മുമ്പാകെ കപിൽ മിശ്രയ്ക്കെതിരെ വിദ്വേഷപ്രസംഗത്തിന്റെ വീഡിയോയുമായി സമീപിച്ചിട്ടുണ്ട്. എന്നാൽ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യുകയാണ് എന്ന് പറഞ്ഞ് കേസ് തള്ളുകയാണ് ഉണ്ടായത്.

തെളിവുകൾ മേൽക്കുമേൽ വ്യക്തമാക്കുന്നു ആരാണ് ഇതിന്റെ പിന്നിലെന്ന്. നടക്കുന്നത് പൈശാചികതയും മനുഷ്യത്വവും തമ്മിലുള്ള ഏറ്റുമുട്ടൽ ആണ്. ആസൂത്രിതവും സംഘടിതവുമായ കൊള്ളയും കൊലയും തീവയ്പുമൊക്കെയായി ഡൽഹിയിൽ നടന്നത് വർഗ്ഗീയ കലാപം എന്നനിലയിൽ ചുരുക്കിക്കാണാവുന്ന ഒന്നല്ല. മറിച്ച് ഭരണസംവിധാനത്തിന്റെ അകമഴിഞ്ഞ പിന്തുണയോടെ നടന്ന വംശശുദ്ധീകരണമാണത്. കൗശലംകൊണ്ടോ വാചാടോപം കൊണ്ടോ ഈ യാഥാർത്ഥ്യങ്ങളെ മൂടുവാൻ സാധിക്കില്ല.

ഭൂരിപക്ഷംവരുന്ന ഹിന്ദുക്കളുടെ ഔദാര്യത്തിലാണ് സ്വന്തം സുരക്ഷ എന്നത് മുസ്ലീങ്ങൾ മനസ്സിലാക്കണമെന്ന ബാംഗ്ലൂർ പ്രമേയം 2002ലെ ഗുജറാത്ത് വംശഹത്യക്ക് അടിത്തറയായതായാണ് കണക്കാക്കപ്പെടുന്നത്. ആരാണ് ഈ ഹിന്ദുക്കൾ? തെരുവിൽ നാം കാണുന്ന സാധാരണക്കാരായ ജനങ്ങളാണോ? അല്ല. നേരിയ പ്രകോപനംപോലും സഹിക്കാൻ സാധിക്കാത്ത, ഏതു നിമിഷവും ആയുധമെടുത്തേക്കാവുന്ന, സമൂഹത്തെ ഒന്നാകെ മുൾമുനയിൽ നിർത്താൻപോന്ന വർഗ്ഗീയ വിഷം നിറഞ്ഞവർ. നിയമവും നീതിയും അവർ തീരുമാനിക്കും. സിവിൽ സമൂഹത്തെ വെല്ലുവിളിക്കും. സ്വയം എല്ലാത്തിന്റെയും അധിപന്മാരായി ചമയും. ഇതെല്ലാമാകട്ടെ രാമന്റെ പേരിലാണുതാനും.

### ഈ ഹീനനീക്കത്തെ പരാജയപ്പെടുത്തിയേ മതിയാകൂ

ആർഎസ്എസും ബിജെപിയും, വർഗ്ഗീയതയുടെ തീച്ചൂളയിലേയ്ക്ക് തള്ളിവിടുമ്പോൾ ഒരു പരിഹാരത്തിന് ജനങ്ങൾ ആരെയാണ് ആശ്രയിക്കേണ്ടത്? എവ്വിധമാണ് എല്ലാജനവിഭാഗങ്ങളും തമ്മിലുള്ള ഐക്യം ഉറപ്പാക്കേണ്ടത്? എങ്ങനെയാണ് വർഗ്ഗീയത എന്ന അപകടത്തെ മറികടക്കേണ്ടത്? മുതലാളിത്തമുള്ളിടത്തോളം വർഗ്ഗീയതയുടെ ഭീഷണിയുമുണ്ടാകും എന്ന് നമുക്കറിയാം. മുതലാളിവർഗ്ഗ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വർഗ്ഗീയത ഊതിവളർത്തിക്കൊണ്ടേയിരിക്കും. മുതലാളിത്തത്തെ നിഷ്കാസനം ചെയ്ത് സോഷ്യലിസം സ്ഥാപിച്ചുകൊണ്ടേ ആത്യന്തികമായി വർഗ്ഗീയത ഇല്ലാതെയാക്കാൻ സാധിക്കൂ. അതുകൊണ്ട് നീറുന്ന ജീവിത പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുള്ള പ്രക്ഷോഭണങ്ങൾക്കൊപ്പം വർഗ്ഗീയതയ്ക്കും യാഥാസ്ഥിതിക പിന്തിരിപ്പത്തത്തിനുമെതിരായ പ്രചാരണവും ശക്തമാക്കണം.

വിലക്കയറ്റം, തൊഴിലില്ലായ്മ, പിരിച്ചുവിടൽ, വിദ്യാഭ്യാസരംഗത്തെ നിരവധിയായ വിഷയങ്ങൾ, ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ തുടങ്ങി ജനങ്ങളുടെ ദൈനംദിന ജീവിതത്തിനു മുന്നിലെ നിരവധിയായ വിഷയങ്ങൾ ഉയർത്തിക്കൊണ്ടുള്ള അതിശക്തമായ പ്രക്ഷോഭത്തിന്റെ ഭാഗത്ത് അണിനിരക്കുവാൻ ഏവരോടും അഭ്യർത്ഥിക്കുന്നു. ജനസമരങ്ങളെ അകത്തുനിന്നും പുറത്തുനിന്നും ആക്രമിക്കുകയും ദുർബ്ബലപ്പെടുത്തുകയും ചെയ്യുന്ന വർഗ്ഗീയതയ്ക്കെതിരെ ഒറ്റക്കെട്ടായി അണിനിരക്കുവാനും ഏവരോടും അഭ്യർത്ഥിക്കുന്നു. ■

# എഐയുടിയുസി അഖിലേന്ത്യാ സമ്മേളനം

(3-ാം പേജിൽ നിന്ന്)

യ ശേഷമാണ് പ്രകടനം ആരംഭിച്ചത്. യാത്രാമധ്യേ നേതാജി സുബാഷ് ചന്ദ്രബോസിന്റെ പ്രതിമയിലും പുഷ്പചക്രംഅർപ്പിച്ചു.

പൊതുസമ്മേളനത്തിൽ അഖിലേന്ത്യാ പ്രസിഡണ്ട് സഖാവ് കെ.രാധാകൃഷ്ണ അദ്ധ്യക്ഷത വഹിച്ചു. ബിഹാർ കോൾ മൈൻസ് യൂണിയൻ വർക്കിംഗ് പ്രസിഡണ്ടും സ്വാഗതസംഘം ചെയർമാനുമായ സഖാവ് ആർ.തിവാരി സ്വാഗതപ്രസംഗം നടത്തി. സൗഹാർദ്ദ പ്രതിനിധികളായി ബംഗ്ലാദേശിൽ നിന്ന് വന്ന ജഹീറുൽ ഇസ്ലാം, മസൂദ് റെജ (ബംഗ്ലാദേശ് ലേബർ ആന്റ് എംപ്ലോയീസ് ഫെഡറേഷൻ) എന്നിവർ പ്രസംഗിച്ചു. ഇരുരാജ്യങ്ങളിലെയും അധ്വാനിക്കുന്ന തൊഴിലാളികൾ, മുതലാളിമാരുടെ ക്രൂരമായ ചൂഷണം മൂലം വളരെയധികം ദുരിതമനുഭവിക്കുകയാണെന്ന് ജഹീറുൽ ഇസ്ലാം തന്റെ പ്രസംഗത്തിൽ പറഞ്ഞു.



അഖിലേന്ത്യാ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട സഖാവ് ശങ്കർസാഹ

ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള മോദി സർക്കാരും എല്ലാ സംസ്ഥാന സർക്കാരുകളും ആഗോളവൽക്കരണ-ഉദാരവൽക്കരണ-സ്വകാര്യവൽക്കരണനയങ്ങൾ നടപ്പാക്കുകയാണെന്നും കൽക്കരി ഖനികൾ ഉൾപ്പെടെയുള്ള എല്ലാ പൊതുമേഖലാ യൂണിറ്റുകളും സ്വകാര്യവൽക്കരിക്കുകയാണെന്നും, ഇവരെല്ലാം തൊഴിലാളിവിരുദ്ധ നയങ്ങളാണ് നടപ്പാക്കുന്നതെന്നും മുഖ്യപ്രസംഗം നടത്തിയ എഐയുടിയുസി ജനറൽ സെക്രട്ടറി സഖാവ് ശങ്കർ സാഹ പറഞ്ഞു. നല്ല ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ മോദി സർക്കാർ കോർപ്പറേറ്റുകൾക്ക് തുച്ഛ വിലയ്ക്ക് കൈമാറുകയാണ്. 44 തൊഴിൽ നിയമങ്ങൾ ഒഴിവാക്കി നാല് തൊഴിലാളിവിരുദ്ധ ലേബർ കോഡുകൾ സൃഷ്ടിക്കുന്നു. ട്രേഡ് യൂണിയനുകൾ സംഘടിപ്പിക്കുന്നതിനുള്ള തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കാനുള്ള ഗൂഢാലോചനയിലാണ്. തൊഴിലാളികൾക്ക് പണിമുടക്കാനുമുള്ള അവകാശങ്ങളും നിഷേധിക്കുന്നു. 'ഫിക്സഡ് ടേം എംപ്ലോയ്മെന്റ്' വഴി, 'നിയമിക്കുക, നീക്കംചെയ്യുക' എന്ന നയം ഉടമകൾക്ക് അവരുടെ ഇഷ്ടാനുസരണം നടപ്പിലാക്കാൻ കഴിയും. ഇതിലൂടെ സ്ഥിരമായ തൊഴിൽ എന്ന ആശയം തന്നെ പൂർണ്ണമായും ഇല്ലാതാക്കപ്പെടുന്നു. സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ നിർത്തൽ ചെയ്യപ്പെടുന്നു. മുതലാളിത്ത ചൂഷണം തൊഴിലാളികളുടെ ജീവിതത്തെ ദുഷ്കരവും ദയനീയവുമാക്കി. തൊഴിലാളി പ്രസ്ഥാനത്തിന് വിപ്ലവകരമായ ദിശാബോധം നൽകാനുള്ള ചരിത്രപരമായ ഉത്തരവാദിത്തം എഐയുടിയുസിയുടെ ചുമലിലാണ് - അദ്ദേഹം ചൂണ്ടിക്കാട്ടി. അഖിലേന്ത്യാ വൈസ് പ്രസിഡണ്ട് സ.സത്യവാൻ, സെക്രട്ടേറിയറ്റംഗം സഖാവ് ശങ്കർദാസ് ഗുപ്ത എന്നിവരും സമ്മേളനത്തിൽ സംസാരിച്ചു.

എസ്‌യുസിഐ(സി) ജാർഖണ്ഡ് സംസ്ഥാന സെക്രട്ടറി സഖാവ് റബിൻ സമാജ്പതിയുടെ പ്രസംഗത്തോടെയാണ് പൊതുസമ്മേളനം സമാപിച്ചത്.

**പ്രതിനിധി സമ്മേളനം**

ഫെബ്രുവരി 13ന്, വൈകിട്ട് ധൻബാദിലെ നെഹ്റു സമുച്ചയത്തിൽ ആരംഭിച്ചു. അഖിലേന്ത്യാപ്രസിഡന്റ് സഖാവ് കെ.രാധാകൃഷ്ണയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട 5 അംഗ പ്രസീഡിയമാണ് സമ്മേളനം നിയന്ത്രിച്ചത്.

ക്യൂബ, പലസ്തീൻ, പാകിസ്ഥാൻ, നേപ്പാൾ എന്നീ രാജ്യങ്ങളിലെ സൗഭ്രാത്ര സംഘടനകളുടെ സന്ദേശങ്ങൾ സമ്മേളനത്തിൽ വായിച്ചു.

ജനറൽ സെക്രട്ടറി സഖാവ് ശങ്കർ സാഹ രാഷ്ട്രീയ-സംഘടനാ റിപ്പോർട്ട് അവതരിപ്പിച്ചു. 22 സംസ്ഥാനങ്ങളിൽ എഐയുടിയുസി പ്രവർത്തിക്കുന്നുണ്ടെന്നും, ഉരുക്ക്, കൽക്കരി, വൈദ്യുതി, മത്സ്യബന്ധനം, സ്കീംവർക്കർമാർ, തോട്ടം തുടങ്ങിയ ഫെഡറേഷനുകളിലായി 47 ലക്ഷം അംഗങ്ങളുണ്ടെന്നും റിപ്പോർട്ട് ചൂട്ടിക്കാട്ടി. പിഎഫ്, ഇഎസ്ഐ, സോഷ്യൽ സെക്യൂരിറ്റി ബോർഡ്, മിനിമംവേജ് അഡ്വൈസറി ബോർഡ് തുടങ്ങി ഇന്ത്യാ ഗവൺമെന്റിന്റെ എല്ലാ കമ്മിറ്റികളിലും തൊഴിലാളികളെ പ്രതിനിധീകരിച്ച് എഐയുടിയുസി പ്രവർത്തിക്കുന്നുണ്ട്. 1999 മുതൽ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ഐഎൽഒ) വാർഷിക കൺവെൻഷനുകളിൽ യൂണിയൻ തുടർച്ചയായി പങ്കെടുക്കുന്നു. വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ് (ഡബ്ല്യുഎഫ്ടിയു) -ൽ വളരെക്കാലമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള എഐയുടിയുസി വിവിധ അന്താരാഷ്ട്ര ഫോറങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. സംയുക്ത ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൽ എഐയുടിയുസി ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. എഐയുടിയുസി വളർന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ, ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്കകത്തുള്ള സാമ്പത്തിക വാദം, നിയമവിധേയവാദം, പരിഷ്കരണവാദം എന്നിവയുടെ പിടിയിൽനിന്ന് തൊഴിലാളികളെ കരകയറ്റാൻ ഇനിയും വളരെയധികം പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. മുതലാളിത്ത ചൂഷണത്തിൽ നിന്ന് തൊഴിലാളികളെ മോചിപ്പിക്കാനുള്ള പോരാട്ടം പൂർത്തീകരിക്കുകയെന്ന ഉയർന്ന ധാർമ്മികതയെ അടിസ്ഥാനമാക്കി സാമ്പത്തിക-ജനാധിപത്യ ആവശ്യങ്ങൾ നേടിയെടുക്കാനുള്ള പോരാട്ടം സംഘടിപ്പിക്കണം-റിപ്പോർട്ട് ചൂണ്ടിക്കാട്ടി.

സമ്മേളനത്തിലെ മുഖ്യ രാഷ്ട്രീയപ്രമേയം എഐയുടിയുസി അഖിലേന്ത്യാ സെക്രട്ടേറിയറ്റംഗം സഖാവ് ശങ്കർദാസ്ഗുപ്ത അവതരിപ്പിച്ചു. അതും, ജനറൽ സെക്രട്ടറിയുടെ രാഷ്ട്രീയ-സംഘടനാ റിപ്പോർട്ടും ഏകകണ്ഠമായി സമ്മേളനം പാസാക്കി.

ഫെബ്രുവരി 14 ന്, വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ് (ഡബ്ല്യുഎഫ്ടിയു) ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എച്ച്.മഹാദേവൻ, എഐറ്റിയുസി നേതാവ് വിദ്യാസാഗർ ഗിരി, സിഐടിയു നേതാവ് ഡി.ഡി. രാമാനന്ദൻ, എഐസിസിടിയു നേതാവ് ശുഭേന്ദു സെൻ, യുടിയുസി നേതാവ് തപാനദാസ് ശർമ എന്നിവർ പ്രതിനിധി സമ്മേളനത്തിൽ അഭിവാദ്യ പ്രസംഗം നടത്തി.

സമ്മേളനത്തിന്റെ മൂന്നാം ദിവസം, 20 പോയിന്റ് ചാർട്ടർ ഓഫ് ഡിമാന്റ്സ് പാസാക്കി. ഇതിനുപുറമെ, വർഗീയത, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, എൻആർസി-സിഎഎ-എൻപിആർ, വൈദ്യുതി മേഖല, കൽക്കരി മേഖല, ഉരുക്ക് മേഖല എന്നിവയെ സംബന്ധിച്ച പ്രമേയങ്ങളും ഐകകണ്ഠ്യേന പാസാക്കി.

ഫെബ്രുവരി 15 ന്, 140 അംഗ പുതിയ അഖിലേന്ത്യാ കമ്മിറ്റിയെ സമ്മേളനം ഏകകണ്ഠമായി തിരഞ്ഞെടുത്തു. അഖിലേന്ത്യാ പ്രസിഡണ്ടായി സഖാവ് ശങ്കർസാഹയും, ജനറൽ സെക്രട്ടറിയായി സ.ശങ്കർദാസ് ഗുപ്തയും തിരഞ്ഞെടുക്കപ്പെട്ടു. സഖാക്കൾ കെ.രാധാകൃഷ്ണ, കെ.സത്യവാൻ, എ.എൽ.ഗുപ്ത, ശംഭുനാഥ് നായക്, കെ. സോമശേഖർ, ജഗന്നാഥ് റോയ്മണ്ഡൽ, ആർ. കുമാർ എന്നിവർ വൈസ്പ്രസിഡന്റുമാരും, സഖാക്കൾ അരുൺകുമാർ സിംഗ്, അചിന്ത്യ സിൻഹ, രമേഷ് പരാശർ, ദിലീപ് ഭട്ടാചാര്യ, സമർ സിൻഹ, ബിമൽ ജന, ദീപക്ദേവ് (ഓഫീസ്സെക്രട്ടറികം ട്രഷറർ), അശോക്ദാസ് എന്നിവർ സെക്രട്ടേറിയറ്റംഗങ്ങളായും തിരഞ്ഞെടുക്കപ്പെട്ടു.

സമ്മേളനത്തിൽ മുഖ്യാതിഥിയായി ക്ഷണിക്കപ്പെട്ട എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് സമാപന പ്രസംഗം നടത്തി. ഇന്ന് സമൂഹം വളരെ ഗുരുതരമായ ഒരു സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് അദ്ദേഹം തന്റെ പ്രസംഗത്തിൽ പറഞ്ഞു. കമ്പോള പ്രതിസന്ധി രൂക്ഷമാകുന്നിടത്തോളം ജനങ്ങളുടെ വാങ്ങൽ ശേഷിയും തകർന്നുകൊണ്ടിരിക്കും. ഇത് വീണ്ടും വീണ്ടും പ്രതിസന്ധി രൂക്ഷമാക്കുന്നു. മാന്ദ്യത്തിന്റെ പിടിയിൽ അമർന്നിരിക്കുകയാണ് സമ്പദ്‌വ്യവസ്ഥ. അത്തരമൊരു സാഹചര്യത്തിൽ, മുതലാളിത്ത വ്യവസ്ഥ പ്രതിസന്ധിയെ മറികടക്കാൻ ശ്രമിക്കുന്തോറും അത് ആഴമേറിയ പ്രതിസന്ധിയിൽ കുടുങ്ങുകയാണ്. ജീർണ്ണമായ ഈ മുതലാളിത്ത വ്യവസ്ഥ ഇപ്പോൾ ദുർഗന്ധം വമിക്കുന്ന ശവശരീരം പോലെയാണ്. സമൂഹത്തെ അഭിവൃദ്ധിയുടെയും തടസ്സമില്ലാത്ത പുരോഗതിയുടെയും പാതയിലേക്ക് കൊണ്ടുപോകാൻ കഴിയുന്ന തരത്തിൽ അതിനെ അടക്കം ചെയ്യേണ്ടത് സമൂഹത്തിന്റെ താൽപ്പര്യമാണ്. ട്രേഡ്‌യൂണിയൻ പ്രസ്ഥാനം തൊഴിലാളികളുടെ ദൈനംദിന ഉപജീവനത്തിനായുള്ള പോരാട്ടത്തിന്റെ ആയുധമാകുമെങ്കിലും അതിലൂടെ ചൂഷണത്തിൽ നിന്ന് അന്തിമസ്വാതന്ത്ര്യം നേടില്ലെന്നും മുതലാളിത്തചൂഷണം എന്നന്നേക്കുമായി അവസാനിപ്പിക്കാനുള്ള മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന് അനുപൂരകമായി തൊഴിലാളി പ്രസ്ഥാനത്തെ നയിക്കാൻ നമുക്ക് കഴിയണമെന്നും അദ്ദേഹം പറഞ്ഞു. സാർവ്വദേശീയ തൊഴിലാളിവർഗ്ഗ ഗാനാലാപനത്തോടെ 21-ാം അഖിലേന്ത്യാ സമ്മേളനത്തിന് തിരശ്ശീല വീണു. ■




വമ്പിച്ച തൊഴിലാളിപ്രകടനത്തിന്റെ മുൻനിര



ധൻബാദ് കോഹിനൂർ മൈതാനത്തെ പൊതുസമ്മേളന സദസ്സ്

# ന്യായാധിപർപോലും നീതിന്യായ പ്രക്രിയയിലും ഭരണനിർവ്വഹണത്തിലും അസംതൃപ്തരാകുന്നത് എന്തുകൊണ്ട്?

**"ഭരണകൂടം അധികാരദുർവിനിയോഗം നടത്തുമ്പോൾ, അല്ലെങ്കിൽ നമ്മുടെ അടിസ്ഥാന സ്വാതന്ത്ര്യങ്ങൾക്കുനേരെ ഭീഷണി ഉയരുമ്പോൾ, നമ്മൾ ഉറ്റുനോക്കുന്നത് നീതിന്യായ സംവിധാനത്തെയാണ്. അപ്പോൾ കോടതികൾ രക്ഷയ്ക്ക് എത്തുമെന്ന് നമ്മൾ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ജുഡീഷ്യറിക്ക് ജന്മം നൽകിയ ഭരണഘടനാ സംവിധാനത്തോട് അത് എത്രമാത്രം സത്യസന്ധത പുലർത്തുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ജുഡീഷ്യറിയുടെ മൂല്യം നിർണ്ണയിക്കപ്പെടുന്നത്"**



"സുപ്രീംകോടതി വിധികളിൽ പലപ്പോഴും വിശേഷിച്ച്, അടുത്തകാലത്ത് പരാമർശിക്കപ്പെടുന്ന വാക്കാണ് ഭരണഘടനാ ധാർമികത എന്നത്. അത് ഉദ്ഘോഷിക്കുന്നതിനുമുമ്പ്, കോടതിക്ക് തന്നെ അത് പ്രതിഫലിപ്പിക്കാൻ കഴിയണം എന്നാണ് എന്റെ അഭിപ്രായം. ഭരണഘടനാ ധാർമികതയോട്, ഒരു സ്ഥാപനമെന്ന നിലയിൽ കോടതികൾ കൂറുപുലർത്തുന്നുണ്ടോ എന്ന് സ്വയം പരിശോധിക്കണം. ഒരു കോടതി വിധി കേവലം നിയമം പ്രഖ്യാപിക്കൽ മാത്രമാകരുത്. കോടതിക്കു മുമ്പാകെയുള്ള വസ്തുതകളിൽ നിയമം പ്രയോഗിക്കുകയാണ് വേണ്ടത്.... ജനാധിപത്യത്തിന്റെ ചക്രങ്ങൾ സദാ ചലനത്തിലാണ് എന്ന് എപ്പോഴും ഉറപ്പുകൊടുക്കുന്നുണ്ട്. എന്നാൽ, ജനാധിപത്യ വ്യവസ്ഥകളുടെ മരണം സംഭവിക്കുന്നത് എങ്ങനെ? എന്ന കൃതി രചിച്ച,ഹാർവാർഡ് സർവ്വകലാശാലയിലെ പ്രൊഫസർ മാരായ ലവിറ്റ്സ്കിയും സിബ്ലാറ്റും ആ തകർച്ചക്കിടയിലും തടിച്ചുകൊഴുക്കുന്ന നേതാക്കളെ, തെരഞ്ഞെടുക്കപ്പെട്ട ഏകാധിപതികൾ എന്നാണ് വിളിക്കുന്നത്. അവർ സ്ഥാപനങ്ങളെ പടച്ചട്ടയണിയിക്കുകയാണ്. രാഷ്ട്രീയ മുതലെടുപ്പിന് കരുക്കളാക്കാൻ. മാധ്യമങ്ങൾ നിശബ്ദരായിരിക്കാൻ നിർബന്ധിതരാകുന്നു. സ്വകാര്യമേഖലയും മൗനം പാലിക്കുമ്പോൾ അവർ നിയമങ്ങൾ പൊളിച്ചെഴുതുന്നു, രാഷ്ട്രീയ പ്രതിയോഗികളുടെ താൽപ്പര്യങ്ങൾക്കുമേൽ സ്വന്തം താൽപര്യം സ്ഥാപിച്ചെടുക്കാൻ സഹായകമാകും വിധത്തിൽ. എന്നാൽ ഒത്താശക്കാരും സ്തുതിപാഠകരും മാത്രമല്ല, അധികാരകേന്ദ്രങ്ങളെ വിമർശിക്കുന്നവരും ചോദ്യങ്ങൾ ഉന്നയിക്കുന്നവരുമുണ്ട്. അവർക്ക് പക്ഷേ ഏറ്റുവാങ്ങേണ്ടിവരുന്ന കെടുതികൾ ചില്ലറയല്ല. നികുതി അടച്ചില്ലെന്നോ, രാജ്യദ്രോഹപരമായ പരാമർശം നടത്തിയെന്നോ ഒക്കെ പറഞ്ഞ് അവരുടെ മേൽ കേസുകൾ ചാർജ്ജ് ചെയ്യും. അങ്ങനെ ജനാധിപത്യ സ്ഥാപനങ്ങളെ ഉപയോഗിച്ചുകൊണ്ടുതന്നെ അവർ ജനാധിപത്യത്തിന് അന്ത്യം കുറിക്കുകയാണ്." കഴിഞ്ഞ ഫെബ്രുവരി 10ന് ഡൽഹിയിൽ നടന്ന എൽ.ഡി.ജെയ്ൻ സ്മാരക പ്രഭാഷണത്തിൽ അടുത്തിടെയുണ്ടായ ചില സുപ്രീം കോടതിവിധികളെ രൂക്ഷമായി വിമർശിച്ചുകൊണ്ട് മുൻ ഡൽഹി ഹൈക്കോടതി ചീഫ് ജസ്റ്റിസ് എ.പി.ഷാ നടത്തിയ പ്രസംഗത്തിലെ ഏതാനും വാക്കുകളാണിത്.

ഇതിനുപിന്നാലെ ഫെബ്രുവരി 15ന് ഗുജറാത്ത് ഹൈക്കോടതി ഓഡിറ്റോറിയത്തിൽ നടന്ന പതിനഞ്ചാമത് പി.ഡി.ദേശായി സ്മാരക പ്രഭാഷണത്തിൽ സുപ്രീംകോടതിയിലെ സിറ്റിംഗ് ജഡ്ജിയായ ജസ്റ്റിസ് ചന്ദ്രചൂഡ് ഗുരുതരമായ വിമർശനങ്ങൾ ഉന്നയിച്ചു.''വിയോജിക്കുന്നവരെയെല്ലാം ദേശദ്രോഹികളും ജനാധിപത്യവിരുദ്ധരുമായി മുദ്രകുത്തുന്നത് ഭരണഘടന മൂല്യങ്ങളും സംവാദാത്മക ജനാധിപത്യവും സംരക്ഷിക്കാനുള്ള പ്രതിബദ്ധതയുടെ മർമ്മത്തിലേൽപ്പിക്കുന്ന പ്രഹരമാണ്. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഗവൺമെന്റ്, വികസനത്തിനും സാമൂഹികമായ ഏകോപനത്തിന് ഉള്ള ന്യായയുക്തമായ ഉപാധികൾ പ്രദാനം ചെയ്യുമ്പോൾ തന്നെ, ഒരു ബഹുസ്വര സമൂഹത്തെ നിർവ്വചിക്കുന്ന സവിശേഷതകൾക്കും മൂല്യങ്ങൾക്കും മേൽ അതിന് ഒരിക്കലും കുത്തക അവകാശപ്പെടാനാവില്ല എന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ്, വിയോജിക്കാനുള്ള അവകാശത്തന്റെ സംരക്ഷണം. വിയോജിപ്പുകൾക്ക് കടിഞ്ഞാണിടാൻ ഭരണകൂട സംവിധാനങ്ങൾ നിയോഗിക്കപ്പെട്ടപ്പോൾ അത് ഭയം ജനിപ്പിക്കുകയും സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങൾ അനുവദിക്കാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. ഇത് നിയമവാഴ്ചയുടെ ലംഘനവും ബഹുസ്വര സമൂഹത്തെക്കുറിച്ചുള്ള ഭരണഘടനാപരമായ ഉൾക്കാഴ്ചയിൽ നിന്നുള്ള വ്യതിചലനവുമാണ്......അഭിപ്രായ ഭിന്നതയോടുള്ള സഹിഷ്ണുത ഭരണഘടനയുടെ ഉദാരമായ സമീപനത്തിൽ അന്തർലീനമാണ്. സമ്പോധമായ സംവാദങ്ങളോടുള്ള ഒരു ഗവൺമെൻറിന്റെ ആഭിമുഖ്യം രാഷ്ട്രീയമായ വിയോജിപ്പുകൾക്ക് കടിഞ്ഞാണിടുന്നതിലല്ല അതിനെ സ്വാഗതം ചെയ്യുന്നതിലാണ് കുടികൊള്ളുന്നത്. ധിഷണയുടെ മേലുള്ള അടിച്ചമർത്തൽ രാഷ്ട്രത്തിന്റെ മനഃസാക്ഷിക്ക് മേലുള്ള അടിച്ചമർത്തൽ തന്നെയാണ്".

ബോംബെ ഹൈക്കോടതിയിലെ ജസ്റ്റിസുമാരായ ടി.വി.നളവാതെയും എം.ജി.സേവ്ലിക്കറും ഉൾപ്പെടുന്ന ഔറംഗബാദ് ബെഞ്ചും സമാനമായ വിധി പുറപ്പെടുവിക്കുകയുണ്ടായി. മഹാരാഷ്ട്രയിലെ ബീദ് ജില്ലയിൽ നടന്ന സിഎഎ വിരുദ്ധ പ്രകടനവുമായി ബന്ധപ്പെട്ട കേസിൽ വിധി പറയവേ അവർ ഇപ്രകാരം അഭിപ്രായപ്പെട്ടു:"നമ്മുടേത് ഒരു ജനാധിപത്യ റിപ്പബ്ലിക് ആണെന്നും നമ്മുടെ ഭരണഘടന ഉറപ്പുതരുന്നത് ഭൂരിപക്ഷത്തിന്റെ വാഴ്ചയല്ല നിയമവാഴ്ച ആണെന്നും നമ്മൾ ഓർക്കണം. സിഎഎ പോലുള്ള നിയമങ്ങൾ വരുമ്പോൾ മുസ്ലീങ്ങളെ പോലെ ഏതെങ്കിലും മതവിഭാഗത്തിന് അത് തങ്ങളുടെ താൽപര്യത്തിന് എതിരാണെന്നും എതിർക്കപ്പെടേണ്ടതാണെന്നും തോന്നാം. അത് അവരുടെ കാഴ്ചപ്പാടും വിശ്വാസവുമാണ്. അത് ശരിയോ, തെറ്റോ എന്ന് പരിശോധിക്കേണ്ട ബാധ്യത കോടതിക്ക് ഇല്ല....ഇവർക്ക് നിയമത്തെ എതിർക്കാനും സമരം ചെയ്യാനുമുള്ള അവകാശം ഉണ്ടോ എന്ന കാര്യമേ കോടതി പരിശോധിക്കേണ്ടതുള്ളൂ. അത് അവരുടെ മൗലിക അവകാശങ്ങളിൽപെട്ടതാണെന്ന് കോടതിക്ക് ബോധ്യപ്പെട്ടാൽ അത് ക്രമസമാധാന പ്രശ്നം ഉണ്ടാകുമോ എന്ന കാര്യം പരിഗണിക്കേണ്ടതില്ല... ഒരു നിയമത്തെ എതിർക്കുന്നതുകൊണ്ട് മാത്രം അവരെ വഞ്ചകരും രാജ്യദ്രോഹികളും ആയി ചിത്രീകരിക്കാനും ആവില്ല എന്ന് വ്യക്തമാക്കാനും ഈ കോടതി ആഗ്രഹിക്കുന്നു".

അഹമ്മദാബാദിൽ വക്കീലൻമാരുടെ ഒരു ശില്പശാലയിൽ പ്രസംഗിച്ച മറ്റൊരു സുപ്രീം കോടതി ജഡ്ജിയായ ദീപക് ഗുപ്തയുടെ അഭിപ്രായവും ഇതേ സ്വരത്തിൽ ഉള്ളതായിരുന്നു. "മന്ത്രിസഭയുടെയോ, കോടതിയുടെയോ, ഉദ്യോഗസ്ഥ സംവിധാനത്തിന്റെയോ, സൈന്യത്തിന്റെയോ നിലപാടുകളെ വിമർശിക്കുന്നത് രാജ്യദ്രോഹം ആയി വ്യാഖ്യാനിക്കാൻ ആവില്ല. ഒരു പൗരൻ സർക്കാരിനെ വിമർശിക്കുമ്പോൾ, വിരുദ്ധാഭിപ്രായം രേഖപ്പെടുത്തിയതിന്റെ പേരിൽ അയാളെ രാജ്യദ്രോഹിയായി മുദ്രയടിക്കാൻ പാടില്ല. വിമർശനങ്ങളുടെ കഴുത്തുഞെരിച്ചാൽ ജനാധിപത്യത്തിനു പകരം പട്ടാളഭരണമായിരിക്കും നടപ്പിലാകുക".

ഒരു ഫാസിസ്റ്റ് ഏകാധിപത്യ വാഴ്ചയെ ജനാധിപത്യമെന്ന് മയപ്പെടുത്തി അവതരിപ്പിക്കുകയും മന്ത്രിസഭയുടെ വെളിപാടുകൾക്കും ആജ്ഞകൾക്കുമൊക്കെ നിയമപ്രാബല്യം നൽകുന്നതിനായി നീതിന്യായ പ്രക്രിയയെ തന്നെ തകർക്കുകയും ചെയ്യുന്നതിൽ ആദരണീയരായ പല ജഡ്ജിമാരും അസംതൃപ്തിയും രോഷവും രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ചില ജഡ്ജിമാർ, റിട്ടയർമെന്റിനുശേഷം ലഭിച്ചേക്കാവുന്ന ചില പദവികൾ പോലുള്ള നേട്ടങ്ങൾ മുൻനിർത്തി ഭരണ നിർവഹണ സംവിധാനത്തിന്റെ നിലപാടുകളെ അളവറ്റ് പ്രശംസിക്കുന്നു. ഗവൺമെന്റും കോടതിയും തമ്മിലുള്ള ലോഹ്യം സ്ഥാപിക്കാൻ എന്നോണം അടുത്തിടെ സുപ്രീംകോടതി ജഡ്ജിയായ അരുൺ മിശ്ര പ്രധാനമന്ത്രിയെ, "പണ്ഡിതനും പ്രതിഭാശാലിയുമായി" വാഴ്ത്തുകയും, "ആഗോളമായി ചിന്തിക്കുകയും പ്രാദേശികമായി പ്രവർത്തിക്കുകയും ചെയ്യുന്ന ആളാണ് മോദി" എന്ന്' തട്ടിമൂളിക്കുകയും ചെയ്തു.

എന്നാൽ, ന്യായാധിപസമൂഹത്തിൽ നിന്നുതന്നെ അദ്ദേഹത്തിന് കടുത്ത വിമർശനം നേരിടേണ്ടി വന്നു. അദ്ദേഹത്തിന്റെ പരാമർശം അങ്ങേയറ്റം മുഖസ്തുതി പരവും ദുഷ്ടലാക്കോടെയുള്ളതും പരമോന്നത നീതിപീഠത്തിന്റെ സ്വാതന്ത്ര്യത്തിന് ഭീഷണി ഉയർത്തുന്നതുമാണെന്ന്, പല വിരമിച്ച ജഡ്ജിമാരും സീനിയർ അഭിഭാഷകരും രാഷ്ട്രീയ പ്രമുഖരുമൊക്കെ അഭിപ്രായപ്പെട്ടു. ഗവൺമെന്റിനെതിരായ കേസുകൾ വാദം കേൾക്കുന്നതിൽ നിന്ന് അദ്ദേഹം വിട്ടുനിൽക്കണമെന്നും ചിലർ അഭിപ്രായപ്പെട്ടു. ജുഡീഷ്യൽ ധാർമികതയും മൂല്യങ്ങളും ഉയർത്തിപ്പിടിച്ചതിന്റെ പേരിൽ സത്യസന്ധരും ധീരരുമായ ജഡ്ജിമാർ ശിക്ഷിക്കപ്പെട്ട സംഭവങ്ങളും കുറവല്ല.

### ജ്യുഡീഷ്യറിയുടെ പതനം വിളിച്ചോതുന്ന കോടതി വിധികൾ

ഡൽഹിയിലെ ഷഹീൻബാഗിൽ നടക്കുന്ന എൻആർസി വിരുദ്ധ, സിഎഎ വിരുദ്ധ പ്രക്ഷോഭത്തിന്റെ ന്യായയുക്തത ചോദ്യം ചെയ്തുകൊണ്ട് സമർപ്പിക്കപ്പെട്ട ഒരു കേസ് പരിഗണിക്കവെ, അടുത്തിടെ സുപ്രീം കോടതി ഇങ്ങനെ അഭിപ്രായപ്പെട്ടു:"പ്രതിഷേധിക്കാനുള്ള അവകാശം ലോകം മുഴുവൻ, വിശേഷിച്ചും ഇന്ത്യയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. സമാധാനപരമായി സമരം ചെയ്യാനും പ്രതിഷേധിക്കാനുമുള്ള അവകാശം മൗലികാവകാശമാണ്". തുടർന്ന് കോടതി പറഞ്ഞു: "എന്നാൽ എല്ലാവരും ഇതുപോലെ പൊതുസ്ഥലങ്ങൾ കയ്യടക്കിയാൽ അതെവിടെയാണ് അവസാനിക്കുക എന്നതിലാണ് ഞങ്ങൾക്ക് ആശങ്ക. ഈ വിഷയത്തിൽ ഒരു സന്തുലിതമായ നിലപാട് വേണം. പൊതുനിരത്തുകൾ തടയുന്നത് ഞങ്ങളെ വിഷമിപ്പിക്കുന്നുണ്ട്". ഇതേക്കുറിച്ച് സുപ്രീംകോടതി അഭിഭാഷകനായ അതുൽകുമാർ പറയുന്നു: "ഇവിടെ കോടതി ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ച് ഒരു പ്രശ്നം നിലനിൽക്കുന്നുണ്ട്. നിയമവാഴ്ച ഉറപ്പാക്കൽ ഒരു പ്രശ്നം തന്നെയാണ്. ഈ അവസ്ഥയ്ക്ക് പ്രധാനമായും ഉത്തരവാദി ഭരണനിർവ്വഹണ സംവിധാനം തന്നെയാണ്. ഗവൺമെന്റ് വിമുഖത കാണിച്ചാൽ വിധി നടപ്പാക്കില്ലെന്ന് ഒരുപക്ഷേ സുപ്രീംകോടതി കരുതുന്നുണ്ടാകാം". 370-ാം വകുപ്പ് റദ്ദാക്കിയതിനെത്തുടർന്ന് ജമ്മുകാശ്മീരിൽ ഇന്റർനെറ്റ് സേവനം പുനഃസ്ഥാപിക്കണമെന്നും അത് ജനങ്ങളുടെ മൗലികാവകാശമാണെന്നും കോടതി ഉത്തരവിട്ടു. എന്നാൽ അത് പൂർണ്ണമായി പുനഃസ്ഥാപിക്കണമെന്ന് പറഞ്ഞില്ല. അതുകൊണ്ടുതന്നെ, 3ജി, 4ജി സേവനങ്ങളുടെ മേലുള്ള നിരോധനം, കോടതി ഉത്തരവ് നിലനിൽക്കുമ്പോൾത്തന്നെ നീട്ടിക്കൊടുത്തു. ഇതെക്കുറിച്ച് എൽ.സി. ജെയ്ൻ സ്മരക പ്രഭാഷണത്തിനിടെ ജസ്റ്റിസ് എ.പി.ഷാ പറഞ്ഞു: "മൗലികാവകാശങ്ങൾക്കുവേണ്ടി ഉറച്ച് നിലകൊ

(ശേഷം 6-ാം പേജിൽ)

# ജീർണ്ണിച്ച മുതലാളിത്ത വ്യവസ്ഥയിൽ കോടതികളും അപചയത്തിനിരയാകുന്നു

*(5-ാം പേജിൽ നിന്ന്)*

ള്ളാനും അതിന്റെ ഉറച്ച സംരക്ഷകൻ എന്ന് തെളിയിക്കാനുമുള്ള അവസരം കോടതി നഷ്ടപ്പെടുത്തിയിരിക്കുന്നു". "ഒരു രഹസ്യനിയമത്തേക്കാൾ വലിയ നിയമപരമായ പൈശാചികതയില്ല"എന്ന ലോൺഫുള്ളറുടെ (സ്വാഭാവിക നിയമത്തിന്റെ മതേതരവും പ്രക്രിയാസംബന്ധവുമായ വശങ്ങൾ സംരക്ഷിക്കുന്ന സിദ്ധാന്തം അവതരിപ്പിച്ച നിയമജ്ഞൻ) അഭിപ്രായം അവതരിപ്പിച്ചത് പ്രശംസനീയംതന്നെ. എന്നാൽ പ്രായോഗികഫലമൊന്നും അത് ഉളവാക്കിയില്ല. കാരണം, എല്ലാ ഉത്തരവുകളും പ്രസിദ്ധപ്പെടുത്താതിരിക്കുകയും എല്ലാം സുപ്രീം കോടതിയുടെ മുമ്പാകെ അവതരിപ്പിക്കാതിരിക്കുകയും ചെയ്ത ഗവൺമെന്റിന്റെ തെറ്റായ പ്രവൃത്തി ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കോടതി ഗവൺമെന്റിന് അനുമതി നൽകിയിരിക്കുന്നു". അദ്ദേഹത്തിന്റെ പരമാർശങ്ങൾ എത്രത്തോളം സുപ്രധാനമാണെന്ന് വിശദീകരിക്കേണ്ടതില്ല.

ഇനി അടുത്ത വിഷയം. സ്വകാര്യത മൗലികാവകാശമാണെന്ന് 2017-ൽ സുപ്രീംകോടതിയുടെ ഒമ്പതംഗ ബെഞ്ച് വിധിക്കുന്നു. അതായത്, സാധാരണ സാഹചര്യങ്ങളിൽ ഒരു ഗവൺമെന്റ് ഉത്തരവിനും നിയമത്തിനും വ്യക്തിയുടെ സ്വകാര്യതയ്ക്കുമേൽ കടന്നുകയറാനാവില്ലെന്നർത്ഥം. എന്നാൽ 2018-ൽ സുപ്രീംകോടതിയുടെ മറ്റൊരു ഡിവിഷൻ ബെഞ്ച് ആദായനികുതി ആവശ്യങ്ങൾക്കായി ആധാർ ബന്ധപ്പെടുത്താമെന്ന് വിധിച്ചു. ഇതുകൂടാതെ ക്ഷേമപദ്ധതികൾക്കും സർക്കാർ സബ്സിഡികൾക്കും ആധാർ ബന്ധപ്പെടുത്താമെന്നും വിധിക്കുകയുണ്ടായി. ഇവയൊക്കെ പ്രത്യേകിച്ച് ചെറുകിട പട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലും, സ്വകാര്യ ഏജൻസികൾ വഴിയാണ് പ്രവർത്തിപ്പിക്കുന്നത്. സ്വകാര്യ ഏജൻസികളെ നിർബന്ധമായി ആധാർ ബന്ധിപ്പിക്കുന്നതിൽ നിന്ന് കോടതി ഒഴിവാക്കിയെങ്കിലും ടെലികോം കമ്പനികൾ പോലെ ഇതിനകം ബന്ധിപ്പിച്ചവരിൽനിന്ന് ആധാർ വിവരങ്ങൾ നീക്കം ചെയ്യണമെന്ന് വ്യക്തമായ ഉത്തരവിട്ടില്ല. ഈ വിധിയോട് വിയോജിച്ച ഏക ന്യായാധിപനായ ഡി.വൈചന്ദ്രചൂഡ് ഇപ്രകാരം കുറിച്ചു: "സ്വത്വം അല്ലെങ്കിൽ വ്യക്തിത്വം എന്നത് തീർച്ചയായും ഒരു ബഹുസ്വര സങ്കൽപ്പമാണ്. ഭരണഘടന തന്നെ നിരവധി അവകാശങ്ങളിലൂടെ ഇത് സംരക്ഷിച്ചുപോരുന്നു. ആധാർപദ്ധതിയിൽ പ്രയോഗിച്ചിട്ടുള്ള സാങ്കേതികവിദ്യ വ്യക്തിത്വത്തിന്റെ വൈവിധ്യത്തെ ഒരു 12 അക്ക നമ്പർ എന്ന ഏകവ്യക്തിത്വത്തിലേയ്ക്ക് ചുരുക്കുകയാണ്.ഇതുവഴി ഒരാൾക്ക് സ്വീകാര്യമായ വിധത്തിൽ തന്റെ വ്യക്തിത്വത്തെ അവതരിപ്പിക്കാനുള്ള വ്യക്തിയുടെ അവകാശത്തിന്മേൽ കൈകടത്തൽ നടത്തുകയും ചെയ്യുന്നു"

വിവരാവകാശനിയമത്തിന്റെ സുതാര്യത സംബന്ധിച്ച വിധിയുടെ കാര്യമാണ് മറ്റൊന്ന്. 2015-ൽ, വിവരാവകാശനിയമപ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന മുഴുവൻ വിവരങ്ങളും കൈമാറണമെന്ന്, സുതാര്യതയുടെയും പ്രതിബദ്ധതയുടെയും വിഷയം ചൂണ്ടിക്കാട്ടി, സുപ്രീംകോടതി റിസർവ്വ് ബാങ്കിനോട് ആവശ്യപ്പെട്ടു. എന്നാൽ റിസർവ്വ് ബാങ്ക് അത് അനുവദിച്ചില്ല. കോടതിയാകട്ടെ, ഒരു സർക്കാർ ഏജൻസി കോടതി ഉത്തരവ് പാലിക്കുന്നില്ല എന്ന വിഷയം ഉന്നയിക്കുന്നതിനുപകരം സ്വന്തം വിധിയിൽ വെള്ളം ചേർക്കുകയും ബാങ്കിന്റെ പരിശോധനാ റിപ്പോർട്ട്, അപകട സാധ്യതാ റിപ്പോർട്ട്, സാമ്പത്തിക പരിശോധനാ റിപ്പോർട്ട് എന്നിവ പരസ്യപ്പെടുത്തേണ്ടതില്ലെന്ന് 2019 ഡിസംബറിൽ വിധിക്കുകയുംചെയ്തു. അതുപോലെ, 1993-ലെ സുപ്രധാനവിധിയിൽ സംവരണം എസ്‌സി,എസ്ടി വിഭാഗങ്ങളുടെ അവകാശമാണെന്ന് അംഗീകരിക്കുകയും അതോടൊപ്പം ഒഴിവുകളുടെ 50 ശതമാനമായി സംവരണപരിധി നിശ്ചയിക്കുകയും ചെയ്തു. എന്നാൽ, പിന്നീട് അതേ പരമോന്നത കോടതിതന്നെ, എസ്‌സി-എസ്ടി നിയമം വ്യാഖ്യാനിക്കവെ, സർക്കാർ ജോലികളിൽ സംവരണം നൽകുന്നത് ഐച്ഛികമായിരിക്കുമെന്ന് പ്രഖ്യാപിച്ചു.

ശബരിമല, അയോദ്ധ്യവിധികളുടെ കാര്യമാണ് അടുത്തത്. ശബരിമലയിൽ ആർത്തവപ്രായത്തിലുള്ള സ്ത്രീകൾക്ക് പ്രവേശനം നിഷേധിച്ചിരിക്കുകയാണ്. 2018-ൽ, മതസ്വാതന്ത്ര്യത്തിനുള്ള അവകാശത്തെ മറികടന്ന്, ലിംഗപരമായ ഒരു വിവേചനവും പാടില്ല എന്ന വിധി സുപ്രീംകോടതി പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ഈ വിധി നടപ്പിലാക്കിക്കൊണ്ട് മുഴുവൻ സ്ത്രീകൾക്കും ശബരിമലയിൽ പ്രവേശനം നൽകണമെന്ന്, നിയമവാഴ്ച ഉറപ്പാക്കണമെന്ന് അധികൃതരോട് കർശനമായി കോടതി ആവശ്യപ്പെടുന്നില്ല. പിന്നീട് ഇതിന്റെ അപ്പീലിൽ വാദംകേട്ട കോടതി വിഷയം 9 അംഗബെഞ്ചിന് വിട്ടു. നിയമവിദഗ്ദ്ധർ കരുതുന്നത് ലിംഗ സമത്വം മറ്റ് മൗലികാവകാശങ്ങളെ അപേക്ഷിച്ച് പ്രാധാന്യം കുറഞ്ഞതെന്ന് വ്യാഖ്യാനിക്കാനുള്ള സാധ്യതയുണ്ടെന്നത്രെ.

അയോധ്യവിഷയത്തിൽ, 1992-ൽ പള്ളി തകർത്തത്"നിയമവാഴ്ചയുടെ നഗ്നമായ ലംഘനമാണെ"ന്ന് കോടതി വിധിച്ചു. എന്നാൽ അതേ ശ്വാസത്തിൽ, പള്ളി തകർത്ത ഹിന്ദുത്വ ശക്തികൾക്ക് അയോധ്യയിലെ ഭൂമിയിൽ ഉടമസ്ഥാവകാശം ഉണ്ടെന്നും വിധിച്ചു."മതവിശ്വാസം വ്യക്തിപരമായ വിശ്വാസം ആണെന്നും, ഹിന്ദുക്കളുടെ വിശ്വാസത്തെ നിരാകരിക്കാൻ പോകുന്ന ഒരു തെളിവും ഇതുവരെ ഹാജരാക്കിയിട്ടില്ലെന്നും"കൂടി കോടതി പറഞ്ഞു. നിയമവിധേയമായി നിലനിന്നിരുന്ന ഒരു കെട്ടിടം നിയമവിരുദ്ധമായി തകർത്തതിനെക്കുറിച്ചാണ് ഇത് പറഞ്ഞതെന്ന് ഓർക്കുക. 1857 മുതൽ 1949 വരെ മുസ്ലീങ്ങളുടെ നമസ്കാരം നടത്തിയിരുന്നതായും തെളിവുകളുണ്ട്. ആ ആരാധനാലയം അവർക്ക് നിഷേധിക്കാനായി കരുതിക്കൂട്ടി 1949-ൽ അവരെ പുറത്താക്കുകയായിരുന്നു. "വേദഗ്രന്ഥങ്ങളിലെ വ്യാഖ്യാനങ്ങൾ പലതരത്തിലുള്ള നിഗമനങ്ങൾക്ക് വഴിവെക്കുന്നതാണെ"ന്ന് പറഞ്ഞ കോടതി, "വിശ്വാസം അകൃത്രിമവും യഥാർത്ഥവും ആണെന്ന് ബോധ്യപ്പെട്ടു" എന്ന വിചിത്രനിഗമനത്തിലാണ് എത്തിയത്. അങ്ങനെ ബോധ്യപ്പെട്ടു കഴിഞ്ഞാൽ ആരാധന നടത്തുന്ന ആളുടെ വിശ്വാസം അംഗീകരിച്ചു കൊടുക്കണമത്രേ! അതായത്, ഉടമസ്ഥാവകാശം സംബന്ധിച്ച ഒരു കേസിൽ കോടതി വിശ്വാസത്തെ അതും മതവിശ്വാസത്തെ, മറ്റ് എല്ലാ പരിഗണനകൾക്കും മുകളിൽ പ്രതിഷ്ഠിച്ചുവെന്ന് വ്യക്തം. ഈ വിധി ദുരൂഹത നിറഞ്ഞതാണെന്ന് നിയമവൃത്തങ്ങൾ ചൂണ്ടിക്കാണിച്ചു.ജസ്റ്റിസ് എ.പി.ഷാ പറഞ്ഞു: "അയോധ്യ വിധിയിൽ കോടതി ശ്രമിച്ചത് തികച്ചും രാഷ്ട്രീയമായ ഒരു വിഷയത്തിൽ നിയമപരമായ തീർപ്പ് ഉണ്ടാക്കാനാണ്". വിധിയോട് 116 പേജ് വരുന്ന പേരുവയ്ക്കാത്ത ഒരു അനുബന്ധം കൂട്ടിച്ചേർക്കുകയുണ്ടായി. അയോദ്ധ്യയിലെ തർക്കമന്ദിരം രാമ ഭഗവാന്റെ ജന്മസ്ഥലം ആണെന്ന് ഹിന്ദുക്കളുടെ വിശ്വാസം സ്ഥാപിക്കാനായി എഴുതിച്ചേർത്ത ഈ അനുബന്ധത്തിലെ നിലപാടുകൾ അംഗീകരിക്കാവുന്നതല്ല. കേസ് ഏകകണ്ഠമായി, ഭരണഘടനാ തത്വങ്ങൾക്ക് അനുസൃതമായി ബഞ്ച് തീർപ്പാക്കിയതാണ്. അതിനു നിരക്കാത്തതാണ് അനുബന്ധത്തിലെ നിഗമനങ്ങൾ. എന്നുമാത്രമല്ല, അത് ഹിന്ദുക്കളുടെ വിശ്വാസപ്രമാണങ്ങളുടെ മേധാവിത്വം അംഗീകരിക്കുന്നതിനും ഉറപ്പിച്ചെടുക്കുന്നതിനുമാണ് ശ്രമിച്ചിട്ടുള്ളത്. കോടതിയുടെ നിരീക്ഷണങ്ങൾ, പള്ളി പൊളിച്ച് ഇല്ലായിരുന്നുവെങ്കിലും അത് ഹിന്ദുക്കൾക്ക് വിട്ടു നൽകുമായിരുന്നുവെന്ന് തോന്നിപ്പോകും വിധമുള്ളതാണ്. അഡ്വക്കേറ്റ് അതുൽകുമാർ പറഞ്ഞത് "ഇത് ഒരു നിയമ പരിഹാരം എന്നതിനേക്കാൾ ഒരു സന്തുലനപെടുത്തൽ മാത്രമാണ്"എന്നാണ്. മറ്റൊരു സന്ദേശവും അത് നൽകുന്നുണ്ട്. സന്തുലനപ്പെടുത്തൽ ഭരണനിർവഹണ സംവിധാനത്തിന്റെ, ഗവൺമെന്റിന്റെ ചുമതലയിൽപെട്ട കാര്യമാണ്. ജനങ്ങളിൽ വലിയൊരു വിഭാഗത്തിന് ആശങ്കയുള്ള വിഷയമാണെങ്കിൽ അത് ഗവൺമെന്റ് ഗൗരവമായെടുക്കും. എന്നാൽ ഇക്കാര്യത്തിൽ സാമൂഹികമായ സൗഹാർദ്ദം നിലനിർത്തും വിധം ഗവൺമെന്റ് പങ്ക് നിർവഹിക്കുമെന്ന് സുപ്രീം കോടതിക്ക് ഉറപ്പില്ലായിരുന്നവെന്നുവേണം കരുതാൻ" എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### അസമിലെ പൗരത്വം രജിസ്റ്ററുമായി ബന്ധപ്പെട്ട കോടതി ഉത്തരവുകൾ

അസമിലെ എൻആർസി നടപ്പാക്കലുമായി ബന്ധപ്പെട്ട കോടതി ഉത്തരവുകളെ സംബന്ധിച്ച് ജസ്റ്റിസ് ഷാ ഇങ്ങനെ അഭിപ്രായപ്പെട്ടു: "സുപ്രീംകോടതി വർഷങ്ങൾക്കുമുമ്പുതന്നെ, ബംഗ്ലാദേശിൽ നിന്നുള്ള മുസ്ലീങ്ങളുടെ അസമിലേക്കുള്ള നിയമവിരുദ്ധകുടിയേറ്റത്തെ പുറമേ നിന്നുള്ള അതിക്രമിച്ചു കയറാലായും ഇന്ത്യയ്ക്കുമേലുള്ള അതിക്രമമായുമൊക്കെയാണ് വിശേഷിപ്പിച്ചിട്ടുള്ളത്. പൗരത്വം അവകാശപ്പെടുന്നവരോട് അത് തെളിയിക്കാൻ ആവശ്യപ്പെടാനാണ് സുപ്രീം കോടതി തീരുമാനിച്ചത്. ഒരാൾ വിദേശിയാണെന്ന് തെളിയിക്കാനുള്ള ചുമതലയിൽനിന്ന് ഭരണകൂടത്തെ ഒഴിവാക്കിയാണ് പൗരന്റെ ചുമലിൽ അത് കെട്ടിവച്ചിരിക്കുന്നത്. ഒരാൾ നിയമം ലംഘിച്ചുവെന്നോ, കുറ്റം ചെയ്തുവെന്നോ തെളിയിക്കേണ്ട ബാധ്യത അത് ആരോപിക്കുന്ന ആൾക്കാണ് എന്ന നീതിന്യായ വ്യവസ്ഥയുടെ അടിസ്ഥാനതത്വം തന്നെ ഇവിടെ ലംഘിക്കപ്പെട്ടിരിക്കുന്നു"എന്നതാണ് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്. ദേശീയ പൗരത്വ രജിസ്റ്ററുമായി ബന്ധപ്പെട്ട കാര്യങ്ങൾ "ഉദ്യോഗസ്ഥ സംവിധാനത്തിന്റെ തലത്തിൽ നടക്കുന്ന കാര്യങ്ങളാണെന്നും ഗവൺമെന്റും ഉദ്യോഗസ്ഥ മേധാവികളുമാണ് അതിന് ഉത്തരവാദികൾ എന്ന കാര്യത്തിൽ തർക്കമില്ലെന്നും" അദ്ദേഹം പറഞ്ഞു. "അതിനുപകരം സുപ്രീംകോടതിയുടെ വിശേഷിച്ച് ചീഫ് ജസ്റ്റിസ് ഗോഗോയ്‌യുടെ മേൽനോട്ടത്തിലാണ് കാര്യങ്ങൾ നടക്കുന്നത്. ഇവിടെ കോടതിയുടെ മേൽനോട്ടം കുറവും, നിയന്ത്രണം കൂടുതലും ആയിരുന്നു". മുൻ ചീഫ് ജസ്റ്റിസിനെ രൂക്ഷമായി വിമർശിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "ഒരിക്കൽ അദ്ദേഹം കോടതിയിൽ ഉദ്യോഗസ്ഥരോട് ചോദിച്ചു എത്രപേർ തടങ്കൽ പ്പാളയത്തിലുണ്ടെന്ന്. 900 എന്നായിരുന്നു മറുപടി. അദ്ദേഹം രോഷംകൊണ്ട് എന്തുകൊണ്ട് വെറും തൊള്ളായിരം? ആയിരങ്ങൾ ഉണ്ടാകേണ്ടതല്ലേ? എന്നായി അടുത്ത ചോദ്യം. ഇന്ത്യയുടെ പരമോന്നത കോടതിയിലാണ്, അവകാശങ്ങൾ സംരക്ഷിക്കേണ്ട കോടതിയിലാണ് ഇതെല്ലാം നടക്കുന്നത്. ഇനിയും ഈ കോടതി അവകാശങ്ങൾ സംരക്ഷിക്കും എന്ന് നിങ്ങൾ കരുതുന്നുണ്ടോ? ആക്ടിവിസ്റ്റായ ഹർഷ്മന്ദർ ഒരിക്കൽ ചീഫ് ജസ്റ്റിസിനെ ഈ കേസിൽ നിന്ന് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഒടുവിൽ എന്തായാലും അദ്ദേഹം സ്വയം ഒഴിഞ്ഞിരുന്നു". പരമോന്നത കോടതിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് കീഴ്ക്കോടതിയിൽ നിന്ന് വിരമിച്ച ഒരു ചീഫ് ജസ്റ്റിസിന്റെ ശക്തമായ നിരീക്ഷണങ്ങളാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്.

പിന്നീട് 'വിദേശി' എന്ന് അസമിലെ വിദേശ ട്രിബ്യൂണൽ പ്രഖ്യാപിച്ച ഒരാൾ അതിനെ ചോദ്യം ചെയ്തുകൊണ്ട് ഗുവാഹത്തി ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് മുമ്പാകെ സമർപ്പിച്ച റിട്ട് ഹർജിയിൽ ജസ്റ്റിസുമാരായ മനോജത്ത് ഭുയാൻ, പാർത്ഥീവ് ജ്യോതീ സൈക്കിയ എന്നിവർ വിധിപറയവേ ഇങ്ങനെ പറഞ്ഞു: "ഹാജരാക്കുന്ന രേഖകളും അവയുടെ തെളിവും നിയമപരമായി വ്യത്യസ്തമായ കാര്യങ്ങളാണെന്ന് സുപ്രീംകോടതി തന്നെ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുള്ളതാണ്. തെളിവുകൾ എന്ന നിലയിൽ രേഖകൾ ഹാജരാക്കുന്നതുകൊണ്ട് മാത്രം അവ തെളിവുകൾ ആകുന്നില്ല. വസ്തുതകളിൽ നിന്ന് സത്യം ബോധ്യപ്പെടേണ്ടതുണ്ട്. വോട്ടർ ഐഡി കാർഡ് പൗരത്വം തെളിയിക്കാനുള്ള രേഖയല്ലെന്ന് ഈ കോടതി തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്". എന്നാൽ 1950-ലെ ജനപ്രാതിനിധ്യ നിയമത്തിലെ 16-ാം വകുപ്പ്പ്രകാരം "ഒരാൾ ഇന്ത്യൻപൗരൻ അല്ലെങ്കിൽ അയാൾ വോട്ടേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാൻ അർഹനല്ല" എന്ന് പറയുന്നുണ്ട്. അപ്പോൾ സാധുവായ ഒരു വോട്ടർ ഐഡി കാർഡ് ഹാജരാക്കുന്ന ഒരാൾ ഇന്ത്യൻ പൗരനല്ല വിദേശിയാണ് എന്നെങ്ങനെ പറയാൻ കഴിയും?. ഭൂമിയുടെ കരം

*(ശേഷം 7 -ാം പേജിൽ)*

# ജനാധിപത്യത്തിൽ വിയോജിക്കലും പ്രതിഷേധിക്കലും മൗലികാവകാശം

(6 -ാം പേജിൽ നിന്ന്)

അടച്ചരസീത്, പാൻകാർഡ്, ബാങ്ക്പാസ് ബുക്ക്, വോട്ടേഴ്സ് ലിസ്റ്റ്, ഗ്രാമമുഖ്യന്റെ സാക്ഷ്യത്രം തുടങ്ങി 15 രേഖകൾ ഹാജരാക്കിയ ഒരു സ്ത്രീയുടെ കാര്യത്തിലും ഡിവിഷൻബെഞ്ച് ഇതേ നിലപാട് തന്നെയാണ് എടുത്തത്. ഇവയൊന്നും പൗരത്വത്തിനുള്ള രേഖയല്ലെന്നായിരുന്നു കോടതി ഉത്തരവ്. എന്നാൽ അസമിൽ പൗരത്വ രജിസ്റ്റർ പുതുക്കുന്ന സമയത്ത് വിവാഹിതകളായ സ്ത്രീകൾക്ക് അച്ഛനമ്മമാരുമായുള്ള ബന്ധം തെളിയിക്കുന്നതിനും രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും ഗ്രാമമുഖ്യന്റെ സാക്ഷ്യപത്രം മതിയെന്ന് സുപ്രീംകോടതിയുടെ ഉത്തരവുണ്ടായിരുന്നു. സുപ്രീംകോടതിയുടെ ഈ ഉത്തരവ് ഹൈക്കോടതി മറികടന്നതെങ്ങനെയെന്നതും വിചിത്രമായിരിക്കുന്നു.

ഒരു ജനാധിപത്യ രാജ്യം എന്ന് അവകാശപ്പെടുന്ന ഇന്ത്യയിൽ അതിന്റെ നടത്തിപ്പിൽ ഈ അപചയം സംഭവിച്ചത് എന്തുകൊണ്ട്? ജനങ്ങൾ ഇപ്പോഴും ഏറെ ആദരവോടെ കാണുന്ന ജുഡീഷ്യറിയുടെ നേർക്ക് എന്തുകൊണ്ട് ചോദ്യങ്ങൾ ഉയരുന്നു എന്നതും ഗൗരവത്തോടെ കാണേണ്ട കാര്യങ്ങളാണ്. ഇതിനുത്തരം കണ്ടെത്താൻ നമ്മൾ ചരിത്രത്തിന്റെയും സാമൂഹിക വികാസത്തിന്റെയും താളുകൾ മറിച്ചു നോക്കണം.

പഴയ, കാലഹരണപ്പെട്ട, ഫ്യൂഡൽ ആധിപത്യത്തെ തൂത്തെറിഞ്ഞുകൊണ്ട് പുതിയതായി ഉദയം ചെയ്ത ബൂർഷ്വാവർഗ്ഗം (അധികാരമേറ്റെടുത്ത-മുതലാളിത്തം) ഒരു പുരോഗമനശക്തി ആയിരുന്ന കാലത്താണ് ബൂർഷ്വാ ജനാധിപത്യം ജന്മമെടുത്തത്.- മുതലാളിത്ത സമ്പദ്വ്യവസ്ഥയുടെ ഒരു രാഷ്ട്രീയ ഉപരിഘടന എന്ന നിലയിലാണ് ബൂർഷ്വാ ജനാധിപത്യം അല്ലെങ്കിൽ പാർലമെൻററി ജനാധിപത്യം ജന്മമെടുത്തത്. മുതലാളിമാർക്കിടയിൽ സ്വതന്ത്രമത്സരം പ്രോത്സാഹിപ്പിച്ചുകൊണ്ടാണത് പ്രവർത്തിച്ചുതുടങ്ങിയത്. അതിനാൽ അക്കാലത്ത് മുതലാളിവർഗ്ഗം തുല്യത, സ്വാതന്ത്ര്യം, സാഹോദര്യം തുടങ്ങിയ ഉദാര തത്വങ്ങൾ ഉയർത്തിപ്പിടിക്കുകയും വ്യക്തിസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം, സംഘടിക്കാനുള്ള സ്വാതന്ത്ര്യം എന്നിവയ്ക്കുവേണ്ടി നിലകൊള്ളുകയും ചെയ്തു. സേച്ഛാധിപത്യ ജന്മിത്വ വ്യവസ്ഥയിൽനിന്ന് അടിസ്ഥാനപരമായി വ്യത്യസ്തമായ തത്വങ്ങളാണ് ബൂർഷ്വാ ജനാധിപത്യത്തിന്റെ സ്രഷ്ടാക്കൾ ആവിഷ്ക്കരിച്ചത്. മൂന്നുതൂണുകളിലാണ് ബൂർഷ്വാ ജനാധിപത്യം നിലകൊണ്ടത്. അല്ലെങ്കിൽ, മൂന്ന് വിഭാഗങ്ങളാണ് അതിലുണ്ടായിരുന്നത് -നിയമനിർമാണവിഭാഗം (നിയമനിർമാണാധികാരത്തോടെ തിരഞ്ഞെടുക്കപ്പെടുന്നവർ), ഭരണനിർവ്വഹണവിഭാഗം (നിയമവാഴ്ച നടപ്പിലാക്കാനും നിരീക്ഷിക്കാനും ഉറപ്പുവരുത്താനും ചുമതലപ്പെട്ട പോലീസ്-സൈനിക-ഉദ്യോഗസ്ഥ-മന്ത്രിമാർ), നീതിന്യായവിഭാഗം(ജനാധിപത്യത്തിന്റെ അന്തഃസത്ത ഉയർത്തിപ്പിടിച്ചുകൊണ്ട് നിയമത്തിന്റെ വിശാലമായ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട്, നിയമ തർക്കങ്ങൾക്ക് ശരിയായ പരിഹാരം ഉണ്ടാക്കുകയും നിയമത്തെ വ്യാഖ്യാനിക്കുകയും ചെയ്യുക). ഈ ജനാധിപത്യം തന്നെ ഏകാധിപത്യത്തിലേയ്ക്ക് വഴുതി പോകാതിരിക്കാനും ഭരണകൂടത്തിന്റെ ഏതെങ്കിലുമൊരു വിഭാഗത്തിലേയ്ക്ക് മാത്രമായി അധികാരം കേന്ദ്രീകരിക്കപ്പെടാതിരിക്കാനും അവയുടെ പ്രവർത്തനത്തിൽ അസന്തുലിതാവസ്ഥ ഉണ്ടാകാതിരിക്കാനും പരസ്പരം പ്രവർത്തനമേഖലകളിൽ കൈകടത്താതിരിക്കാനുമായി ബൂർഷ്വാവർഗ്ഗംതന്നെ 'അധികാര വിഭജനം' എന്ന ആശയം രൂപവൽക്കരിച്ചു. ഈ സിദ്ധാന്തം, ഓരോ വിഭാഗത്തിന്റെയും പ്രത്യേക ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവഹിക്കുന്നതോടൊപ്പം അവയുടെ സാപേക്ഷിക സ്വാതന്ത്ര്യം ഉറപ്പുവരുത്താനും, അധികാര വിഭജനത്തിന്റെ തടസ്സമില്ലാത്ത പ്രവർത്തനത്തിനുള്ള സഹചര്യം നിലനിർത്താനുമുള്ള മാർഗ്ഗരേഖകളും രൂപപ്പെടുത്തിയിട്ടുണ്ട്. ബൂർഷ്വാവർഗ്ഗം പ്രക്ഷോഭണങ്ങൾക്കുള്ള ജനാധിപത്യ അവകാശങ്ങൾക്ക് വേണ്ടി നിലകൊള്ളുക മാത്രമല്ല, തങ്ങളുടെ ജനാധിപത്യ അവകാശങ്ങൾക്കു വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ പാർലമെന്റിനു പുറത്തുനടത്തുവാനുള്ള ജനങ്ങളുടെ അവകാശം ഉറപ്പുവരുത്തുകയും ചെയ്തു. ജനങ്ങൾക്ക് അവരുടെ ലക്ഷ്യത്തിനുവേണ്ടി പ്രചാരണം സംഘടിപ്പിക്കുവാനും പ്രക്ഷോഭം നടത്താനും അവകാശമുണ്ടെന്ന നിലയിലുള്ള ചിന്തകളും ചർച്ചകളുംവരെ നടന്നിരുന്നു. ജനങ്ങളുടെ അഭിപ്രായങ്ങളും തെരുവിലുള്ള ജനങ്ങളുടെ പാർലമെന്റേതര സമരങ്ങളും നിർണായകമായാണ് പരിഗണിച്ചുപോന്നത്. കാരണം ഇവയാണ്: നിയമനിർമ്മാണസഭയ്ക്കും(അസംബ്ലി അല്ലെങ്കിൽ പാർലമെന്റ്) സർക്കാരിനും മേലുള്ള ജനകീയാധികാരം. എന്തൊക്കെയായാലും, ഇവയുടെ സാപേക്ഷികമായ സ്വാതന്ത്ര്യം നിലനിൽക്കുന്നുണ്ടെങ്കിലും, ബൂർഷ്വാ ഭരണയന്ത്രത്തിന്റെ മൂന്ന് വിഭാഗങ്ങൾ എന്ന നിലയിൽ ഇവ വർഗ്ഗാതീതമല്ല. ഭരിക്കപ്പെടുന്ന ചൂഷിതരായ ജനലക്ഷങ്ങളുടെ-തൊഴിലാളി-കർഷക-മധ്യവർഗത്തിന്റെ താല്പര്യങ്ങൾക്ക് എതിരാണെങ്കിൽ പോലും ആത്യന്തികമായി ബൂർഷ്വാ വർഗ്ഗ താല്പര്യം സംരക്ഷിക്കാനുള്ളതാണത്. ജുഡീഷ്യറിയിൽ അർപ്പിതമായ ഉത്തരവാദിത്തം, മുകളിൽ സൂചിപ്പിച്ചതുപോലെ, നിയമ നിർമാണ സഭ രൂപംനൽകുന്ന, ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന നിയമം ഭരണഘടനയ്ക്ക് നിരക്കുന്നതാണോ എന്ന് പരിശോധിക്കുകയാണ്; ഇതിനെ ജുഡീഷ്യൽ റിവ്യൂ എന്നാണ് പറയുന്നത്. എങ്ങനെയായാലും നിയമനിർമാണസഭയുടെ മേധാവിത്വം അംഗീകരിച്ചുകൊണ്ടുള്ള പരിമിതമായ തലത്തിൽ നിന്നുമാത്രമേ ഈ റിവ്യൂ നടത്താവൂ. എന്നിരിക്കിലും, ഒരു സാമൂഹികശക്തി എന്ന നിലയിലുള്ള തങ്ങളുടെ ആവിർഭാവകാലത്തു തന്നെ, ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം പരിഗണിക്കുമ്പോൾ ജനങ്ങളുടെ അഭിപ്രായങ്ങൾക്ക് പരമപ്രാധാന്യം നൽകേണ്ടതാണ് എന്ന നിലപാടാണ് എടുത്തത്. ഈ മൂന്നുവിഭാഗങ്ങളിൽ നിയമനിർമാണസഭ മാത്രമാണ് ജനങ്ങൾ പാർലമെൻററി ജനാധിപത്യത്തിലുള്ള തെരഞ്ഞെടുപ്പിലൂടെ നേരിട്ട് രൂപീകരിക്കുന്നത്. അതിനാൽ പാർലമെൻററി ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഏവരും ആത്യന്തികമായി ജനകീയ അഭിപ്രായങ്ങളുടെ വിജയത്തിൽ (ശക്തവും യോജിച്ചതും നിർഭയവും) വിശ്വസിക്കുന്നു. ജനങ്ങളാണ് രാജ്യത്തെ നയിക്കേണ്ടതെങ്കിൽ, ജനങ്ങളുടെ ഇച്ഛ പൊതുജനാഭിപ്രായത്തിലൂടെയും പാർലമെന്റേതര പ്രക്ഷോഭത്തിന്റെ ഡിമാന്റിലൂടെയും മാത്രമേ പ്രകടമാകൂ. നിയമസഭ അല്ലെങ്കിൽ പാർലമെന്റ് പരമാധികാര സഭയായാണ് പരിഗണിക്കുന്നത്. പക്ഷേ, പാർലമെന്റിന്റെ പരമാധികാരം ജനങ്ങളുടെ പരമാധികാരത്തെ ആശ്രയിച്ചിരിക്കുന്നു.

### മുതലാളിത്തം സുപ്രധാന ജനാധിപത്യ തത്വങ്ങൾപോലും ചവിട്ടിയരയ്ക്കുന്നു

ബൂർഷ്വാ പാർലമെൻററി ജനാധിപത്യത്തിന്റെ സുവർണ്ണകാലം പക്ഷേ, ഹ്രസ്വമായിരുന്നു. കുത്തകകളുടെ കടന്നുവരവോടെ സ്വതന്ത്രമത്സരത്തിന്റെ കാലം അവസാനിച്ചപ്പോൾ അത് മങ്ങിത്തുടങ്ങി. ഇപ്പോൾ മുതലാളിത്തം ജീർണ്ണവും മരണാസന്നവുമായ അവസ്ഥയിൽ, അത് ഈ വ്യവസ്ഥയുടെ സഹജമായ, അപരിഹാര്യമായ കമ്പോളപ്രതിസന്ധിയിൽ പെട്ടുഴലുമ്പോൾ, സുസ്ഥാപിതമായ ജനാധിപത്യ തത്വങ്ങളും കീഴ്വഴക്കങ്ങളും മൂല്യങ്ങളും ചട്ടങ്ങളും പ്രയോഗങ്ങളും പിന്തിരിപ്പൻ ബൂർഷ്വാസിയും അവരുടെ രാഷ്ട്രീയ കാര്യകർത്താക്കളും വർദ്ധിതവീര്യത്തോടെ കാൽക്കീഴിലിട്ട് ചവിട്ടിയരയ്ക്കുകയാണ്. അതിനാൽ അസംതൃപ്തരായ ജനങ്ങൾക്ക് തങ്ങളുടെ രോഷം പ്രകടിപ്പിക്കുവാനും ന്യായമായ അവകാശങ്ങൾ നേടിയെടുക്കാനും ബൂർഷ്വാ ജനാധിപത്യസംവിധാനത്തിന്റെ ഏതെങ്കിലും വിഭാഗത്തെ ഉപയോഗിക്കാൻ കഴിയുന്നില്ല. നീതിന്യായവ്യവസ്ഥയുടെ പ്രവർത്തനത്തിലും ചില കോടതി ഉത്തരവുകളിലും ഭരണത്തിൽ സർക്കാരും ഉദ്യോഗസ്ഥരും കാണിക്കുന്ന അതിക്രമത്തിലും കോടതി ഉത്തരവുകൾ നടപ്പാക്കുന്നതിൽ കാണിക്കുന്ന വിമുഖതയിലും വിയോജിപ്പുള്ളവരുണ്ട്. തങ്ങളുടെ വിയോജിപ്പിന്റെ ശബ്ദം പ്രകടിപ്പിക്കുന്ന പ്രമുഖരായ ന്യായാധിപന്മാരും നിയമജ്ഞരും ഭരണഘടനാവിദഗ്ധരും ജനാധിപത്യമനോഭാവമുള്ള ചിന്തകരും മാറിയ സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലം മനസ്സിലാക്കണം. സാമൂഹിക വികാസനിയമം മനസ്സിലാക്കാതെയിരുന്നാൽ, ജുഡീഷ്യറിയുടെയും എക്സിക്യൂട്ടീവിന്റെയും അസ്വസ്ഥതയുണ്ടാക്കുന്ന വ്യതിചലനത്തെയും കുത്തക മുതലാളിത്തത്തിന്റെ ദാസന്മാരായ രാഷ്ട്രീയക്കാരെയും മനസ്സിലാക്കുവാൻ കഴിയില്ല.

നമ്മുടെ അസംതൃപ്തിയും രോഷവുമെല്ലാം നിരാശാജനകമായ പ്രസ്താവനകൾ നടത്തുന്നതിലേയ്ക്കും വ്യവസ്ഥിതിയെ പ്രവർത്തിപ്പിക്കുന്ന ചില വ്യക്തികളെ പഴിചാരുന്നതിലേയ്ക്കും ഒതുങ്ങിപ്പോകും. എന്നാൽ, എല്ലാ തിന്മകളുടെയും മൂലകാരണമായ വ്യവസ്ഥിതി ഒരു പോറൽ പോലും ഏൽക്കാതെ തുടരുകയും സാഹചര്യം കൂടുതൽ വഷളാക്കി കൊണ്ടിരിക്കുകയും ചെയ്യും. അങ്ങനെയാകുമ്പോൾ മുതലാളിത്ത വ്യവസ്ഥിതിയുടെ ജീർണതകൾക്കെതിരെ നമ്മൾ എത്ര രോഷം കൊണ്ടാലും ജനങ്ങൾക്ക് അതിന്റെ പിടിയിൽനിന്ന് മോചനം ഉണ്ടാകില്ല. ഇത്തരമൊരു അവസ്ഥയിൽ, ജനാധിപത്യം അട്ടിമറിക്കാനുള്ള നീക്കങ്ങൾക്കെതിരെ സംഘടിതവും ശക്തമായ പ്രക്ഷോഭം വളർന്നുവരണം. അതോടൊപ്പം, മുതലാളിത്തവ്യവസ്ഥ ചരിത്രപരമായി എങ്ങനെ കാലഹരണപ്പെട്ടിരിക്കുന്നുവെന്നും സോഷ്യലിസ്റ്റ് വ്യവസ്ഥ യുടെ ഔന്നത്യം എന്താണെന്നും ശക്തമായ പ്രത്യയശാസ്ത്രസമരത്തിലൂടെ വെളിവാക്കണം. ജനങ്ങളുടെ നീറുന്ന ജീവിതപ്രശ്നങ്ങളെ ചുറ്റിപ്പറ്റി ജനാധിപത്യ സമരങ്ങൾ ശക്തിപ്പെടുത്തുകയും വേണം. ജുഡീഷ്യറിയുടെ അപചയത്തിൽനിന്ന് തിരുത്തൽപ്രക്രിയ ആരംഭിക്കുക, വിയോജിക്കാനുള്ള അവകാശം അടക്കമുള്ള മൗലികാവകാശങ്ങൾ പുനഃസ്ഥാപിക്കുക, ജാതി, മതം, വംശം, ഭാഷ തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ച് അസമത്വവും വിവേചനവും ഊട്ടി വളർത്തി ജനങ്ങളുടെ ഐക്യത്തിൽ വിള്ളൽ ഉണ്ടാക്കാൻ ഭരണസംവിധാനം ആസൂത്രിതമായി നടത്തുന്ന ശ്രമങ്ങൾ അവസാനിപ്പിക്കുക തുടങ്ങിയ ഡിമാന്റുകളും ഈ സമരവേദിയിൽ നിന്ന് ഉയർന്നുവരണം. ഒരുകാലത്ത് പാർലമെന്ററി ജനാധിപത്യത്തിന്റെ സന്തുലിതവും കാര്യക്ഷമവുമായ പ്രവർത്തനം ഉറപ്പുവരുത്തുവാൻ അനിവാര്യമെന്ന് കരുതിയിരുന്നതാണ് ജനകീയ മുന്നേറ്റങ്ങളും ജനജാഗ്രതയും. ന്യായമായ ഡിമാൻഡുകൾ നേടിയെടുക്കാനും സമ്പന്നവർഗ്ഗത്തിന് തോന്നുംപടി ഭരണം വഴിതിരിച്ചുകൊണ്ടുപോകാതിരിക്കാനും അത് ആവശ്യമാണ്. ഇന്ന് ഭരണസംവിധാനത്തിന്റെ പ്രതികാരനടപടികൾ അവഗണിച്ചുകൊണ്ട് ജനങ്ങൾ തങ്ങളുടെ ന്യായമായ ഡിമാൻഡുകളുമായി തെരുവിൽ അണഞ്ഞുകൊണ്ടിരിക്കുന്നു എന്നതും രാജ്യത്തെ ബുദ്ധിജീവികൾ കിട്ടുന്ന വേദികളിലെല്ലാം അവരുടെ വിയോജിപ്പ് രേഖപ്പെടുത്തുന്നു എന്നതും ആശാവഹമായ സംഗതിയാണ്. പ്രത്യേകിച്ചും, ഇന്ന് എൻആർസിക്കും സിഎഎയ്ക്കും എതിരെ രാജ്യമെമ്പാടും ഉയർന്നുവരുന്ന പ്രക്ഷോഭങ്ങൾ ജനാധിപത്യ സമരചരിത്രത്തിൽ ഒരു പുതിയ അധ്യായത്തിന് പിറവി കുറിക്കുന്നു എന്നത് അങ്ങേയറ്റം പ്രതീക്ഷാനിർഭരമാണ്. സമരം ശക്തിപ്പെടുന്നതോടെ അധികാരികൾ അതിനെതിരായ നീക്കങ്ങളും ശക്തിപ്പെടുത്തും.'സമരം ചെയ്യുന്നവർ പൊതുസ്ഥലത്ത് കുഴപ്പം ഉണ്ടാക്കുന്നു','ക്രമസമാധാനം തകർക്കുന്നു', 'ദേശവിരുദ്ധ ശക്തികളുടെ കരുക്കളായി പ്രവർത്തിക്കുന്നു' തുടങ്ങിയ ആരോപണങ്ങളുന്നയിച്ച് അലയടിച്ചുയരുന്ന ജനകീയ മുന്നേറ്റത്തെ അപമാനിക്കാൻ അവർ തകൃതിയായി ശ്രമിക്കുന്നുണ്ട്. അതോടൊപ്പംതന്നെ, ആനുകൂല്യങ്ങൾ നൽകിയും മറ്റും ജുഡീഷ്യറിയെപ്പോലും സ്വാധീനിക്കാനും ആഗ്രഹിക്കുന്ന വിധത്തിൽ കോടതിവിധികൾ തരപ്പെടുത്താനും ശ്രമമുണ്ട്. ഇവിടെ അപകടം പതിയിരിക്കുന്നു. ജനാധിപത്യത്തെ കുരിശിലേറ്റാനും ഫാസിസ്റ്റ് ഏകാധിപത്യഭരണം അടിച്ചേൽപ്പിക്കാനുമുള്ള പദ്ധതികൾക്കെതിരെയും നമ്മൾ ജാഗ്രത പാലിക്കണം. ■

# കേരളത്തിലെ സാംസ്കാരിക നായകർ

(1-ാം പേജിൽ നിന്ന്)

ധ സമിതി സംഘടിപ്പിച്ച പൗരസംഗമത്തിനും മേധാ പട്കർ നയിച്ച ബഹുജനറാലിക്കും ശേഷമാണ് ഒരു പൊതുമതേതര സമരവേദിയുടെ ആഭിമുഖ്യത്തിൽ വേണം പൗരത്വ സംരക്ഷണ സമരങ്ങൾ വളർന്നുവരേണ്ടത് എന്ന ആശയത്തിന് പ്രാമുഖ്യം ലഭിക്കുന്നത്.

എന്തായാലും, വിദ്യാർത്ഥികളുടെ മുൻകൈയിൽ പ്രത്യേകിച്ച് ഒരു ബാനറിന് കീഴിലല്ലാതെ ആരംഭം കുറിച്ച സെക്രട്ടേറിയറ്റിനുമുന്നിലെ ഷഹീൻബാഗ് സമരപ്പന്തൽ കുറഞ്ഞ സമയം കൊണ്ടു തന്നെ വമ്പിച്ച ജനപങ്കാളിത്തത്താൽ ശ്രദ്ധേയമായി. കക്ഷിരാഷ്ട്രീയ ഭേദമന്യേ വിവിധ വിഭാഗം ജനങ്ങൾ രാപകൽ സമരത്തിന്റെ ഭാഗമാകാൻ വന്നു



ഡോ. രാജൻ ഗുരുക്കൾ



ഡോ. ബി.രാജീവൻ



ഡോ. സെബാസ്റ്റ്യൻ പോൾ



എൻ. മാധവൻകുട്ടി

കൊണ്ടിരിക്കുന്നു. പ്രമുഖ രാഷ്ട്രീയ പാർട്ടി നേതാക്കൾ മിക്കവരും ഒരു തവണയെങ്കിലും പന്തൽ സന്ദർശിക്കുകയുണ്ടായി. ഉമ്മൻചാണ്ടി, കാനം രാജേന്ദ്രൻ, രമേശ് ചെന്നിത്തല, വി.എം.സുധീരൻ, എൻ.കെ.പ്രേമചന്ദ്രൻ, സെബാസ്റ്റ്യൻ പോൾ, വി.ശിവൻകുട്ടി, പി.സി.വിഷ്ണുനാഥ്, സി.പി.ജോൺ, ഡീൻ കുര്യാക്കോസ്,എം.പി,ഭാസുരേന്ദ്രബാബു, പി.കെ. കുഞ്ഞാലിക്കുട്ടി, എം.എം.ഹസ്സൻ എന്നിവരും കൂടാതെ വിവിധ യുവജന-വിദ്യാർത്ഥി-മഹിളാ വിഭാഗം നേതാക്കളും ഐക്യദാർഢ്യം അർപ്പിക്കാനെത്തിയവരിൽ ഉൾപ്പെടുന്നു. ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ, ഡോ.രാജൻ ഗുരുക്കൾ, ജസ്റ്റിസ് കമാൽ പാഷ, ബി. രാജീവൻ, സക്കറിയ, റോസ്മേരി, ജെ.ദേവിക,എൻ.മാധവൻകുട്ടി, ബി.ആർ.പി.ഭാസ്ക്കർ, സി.ആർ.നീലകണ്ഠൻ, ജോസഫ് സി.മാത്യൂ, പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ, കെ.എം.ഷാജഹാൻ, ഡോ.ആസാദ്, സാവിത്രി രാജീവൻ, കാട്ടൂർ നാരായണപിള്ള, ഡോ.എം.ആർ.തമ്പാൻ, ഡോ. ഡി.സുരേന്ദ്രനാഥ്, ആർ.പാർത്ഥസാരഥി വർമ്മ, ജാമിയ മിലിയയിലെ പ്രൊഫ.അരവിന്ദർ എ.അൻസാരി, സ്വാമി സന്ദീപാനന്ദഗിരി , ഷൈല കെ.ജോൺ തുടങ്ങി നൂറുകണക്കിന് സാംസ്കാരിക-മത-ജനകീയ-സാമുദായിക-സംഘടനാ നേതാക്കൾ അഭിവാദ്യം അർപ്പിക്കാൻ ദിനം പ്രതി വന്നുചേരുന്നുണ്ട്.

കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി, കോൺഗ്രസ്സ്(ഐ), സി.പി.ഐ., എസ്.യു.സി.ഐ.(കമ്മ്യൂണിസ്റ്റ്), ആർ.എം.പി.ഐ., സി.പി.ഐ.(എം.എൽ), മുസ്ലീം ലീഗ്, എസ്.ഡി.പി.ഐ., വെൽഫെയർ പാർട്ടി, ജനതാദൾ(സെക്യൂലർ), സി.എം.പി, കെ.പി.എം.എസ്, ബി.എസ്.പി, മുസ്ലീം ജമാഅത്ത് കൗൺസിൽ, വിവിധ മഹല്ലുകൾ, വ്യാപാരി വ്യവസായി എകോപന സമിതി, പി.ഡി.പി., കെ.ഡി.എഫ്., കെ.ഡി.പി., ജമാഅത്ത് ഇസ്ലാമി, മഹിളാ കോൺഗ്രസ്സ്, വലിയതുറ ചെറു രശ്മി, എസ്.ഐ.ഒ., ജി.ഐ.ഒ., സി.ഐ.റ്റി.യു. പ്രവർത്തകർ, എ.ഐ.ഡി.വൈ.ഒ., കെ.എസ്.യു. നേതാക്കൾ, എ.ഐ.ഡി.എസ്.ഒ., ദക്ഷിണ കേരള ജംഇയത്തുൽ, എ.ഐ.യു.ടി.യു.സി., അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന, മനുഷ്യാവകാശ കൂട്ടായ്മകൾ, ആൾ ഇന്ത്യാ വ്യാപാരി വ്യവസായി കോൺഗ്രസ്സ്, വിവിധ സർവ്വകലാശാലകളിലെ വിദ്യാർത്ഥി നേതാക്കൾ, സാംസ്കാരിക സമിതികൾ, പ്രാദേശിക കൂട്ടായ്മകൾ എന്നിങ്ങനെ നൂറുകണക്കിന് സംഘടനകളെ പ്രതിനിധീകരിച്ച് നേതാക്കളും വ്യക്തികളും കുടുംബങ്ങളും ഒഴുകിയെത്തുന്ന സ്ഥലമായി തിരുവനന്തപുരം ഷഹീൻബാഗ് ഉയർന്നുകഴിഞ്ഞു. സമരപ്പന്തലിനെ ഒരു തീർത്ഥാടനകേന്ദ്രത്തെ പോലെ സമീപിക്കുന്ന ആയിരകണക്കിന് ജനങ്ങൾ സന്ദർശകരായി വരുന്നുവെന്നത് സമീപകാല ജനകീയ പ്രക്ഷോഭ വേദികളിലെ വേറിട്ട കാഴ്ച തന്നെയാണ്. പ്രത്യേകിച്ചും, മുസ്ലീം സ്ത്രീകളും കുടുംബങ്ങളും പ്രക്ഷോഭ വേദിയെ അവരുടെ സ്വന്തം അതിജീവന സമരവേദിയായി കാണുന്നുവെന്നതും സമരസംഘാടകരായ വിദ്യാർത്ഥികൾക്കും അമ്മമാർക്കും ആവേശം പകരുന്നു.

വംശീയ ഉന്മൂലനത്തിന്റെ രാക്ഷസ കരങ്ങൾ മുസ്ലീം ജനവിഭാഗത്തെ വേട്ടയാടുമ്പോൾ അക്ഷരാർത്ഥത്തിൽ അരക്ഷിതരായി പലായനം ചെയ്യുന്ന പതിനായിരക്കണക്കിന് ജനങ്ങളുടെ ഭാവിയെക്കുറിച്ചുള്ള ആകുലതകൾ അവരെ പ്രക്ഷോഭ വേദിയിൽ ഒന്നിപ്പിക്കാൻ പ്രേരിപ്പിക്കുന്നു. തെരുവിൽ എത്ര വലിയ യാതനകളെയും നേരിടാൻ, വീട്ടകങ്ങളിൽ മാത്രം കഴിഞ്ഞിരുന്ന മുസ്സീം അമ്മമാരും സ്ത്രീകളും വ്യാപകമായി തയ്യാറാകുന്നത് സ്വതന്ത്രഭാരത ചരിത്രത്തിലിതാദ്യമാണ്. രാജ്യമെമ്പാടുമുള്ള പ്രക്ഷോഭ വേദികളിൽ നായികമാരായും സമരസംഘാടകരായും സ്ത്രീകൾ രംഗത്തുവരുന്ന അപൂർവ്വമായ മുന്നേറ്റമാണ് പൗരത്വസംരക്ഷണ പ്രക്ഷോഭങ്ങളിൽ തെളിഞ്ഞുകാണുന്നത്. ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും പാഠങ്ങൾ ഈ സമരവേദിയിൽനിന്ന് സ്ത്രീലക്ഷങ്ങൾ ആർജ്ജിച്ചെടുക്കുന്നുണ്ട്.

മാനവമൈത്രി വാക്കുകളിലല്ല, യഥാർത്ഥജീവിതത്തിൽ അനുഭവവേദ്യമാകുന്ന മുഹൂർത്തങ്ങളാണ് ഷഹീൻബാഗ് എന്ന പ്രതിരോധ സമരത്തിന്റെ മാതൃകാപാഠശാലകൾ ഓരോ ആളിനും പകർന്നുനൽകുന്നത്. മതമൈത്രി കൂടുതൽ കരുത്തുറ്റ തലങ്ങളിലേയ്ക്ക് ദൃഢീകരിയ്ക്കപ്പെടാൻ ഈ സമരവേദികൾ അവസരമൊരുക്കുന്നു. ഡൽഹി ഷ



ഡോ. ഡി. സുരേന്ദ്രനാഥ്

ഹീൻബാഗിൽ ഭക്ഷണം വിളമ്പുന്നത് സിഖ് സമുദായംഗങ്ങൾ നടത്തുന്ന ലങ്കറുകളിൽ നിന്നാണ്. തങ്ങളുടെ സമ്പാദ്യത്തിന്റെ വലിയൊരു ഭാഗം സമരക്കാർക്ക് ഭക്ഷണവും പുതപ്പും വാങ്ങാനായി ചെലവഴിക്കുന്നവരെ ഡൽഹി ഷഹീൻബാഗിൽ കാണാം, സമരം ചെയ്യുന്ന കുഞ്ഞുങ്ങൾക്ക് പന്തലിൽ വിദ്യാഭ്യാസം കൊടുക്കുന്ന സർവ്വകലാശാല വിദ്യാർത്ഥികളെയും കാണാം. വിവാഹം സമരപ്പന്തലിൽ നടത്തിയ ചെന്നൈയിലെ അനുഭവം വിലമതിക്കാനാകാത്തതാണ്. തിരുവനന്തപുരം ഷഹീൻബാഗ് സംഘാടക സമിതി കൺവീനർ മേധാ സുരേന്ദ്രനാഥിന്റെ പിറന്നാൾ ദിനത്തിൽ പന്തലിൽ ഒരാൾ വിതരണം ചെയ്ത കേക്കിലെഴുതിയ വാക്കുകൾ മറക്കാനാവുമോ? 'നമുക്ക് ഒന്നിച്ച് പൊരുതാം' എന്നതായിരുന്നു അത്. അങ്ങനെ എത്രയെത്ര വികാരനിർഭരങ്ങളായ അനുഭവങ്ങളാണ് ഷഹീൻബാഗുകൾ ഓരോ ദിനവും നമുക്കായി സമ്മാനിക്കുന്നത്.

അനിതരസാധാരണമായ മനുഷ്യ സൗഹാർദ്ദത്തിന്റെയും ഐക്യത്തിന്റെയും സുന്ദരമുഹൂർത്തങ്ങളിലൂടെ ഫാസി

(ശേഷം 9-ാം പേജിൽ)




സക്കറിയ




ബി.ആർ.പി.ഭാസ്ക്കർ



ജോസഫ് സി. മാത്യൂ

# ഷഹീൻബാഗ് സമരത്തിനൊപ്പം

സ്റ്റ് വിരുദ്ധ പ്രതിരോധ പ്രസ്ഥാനം രാജ്യമെമ്പാടും വളരുന്നുവെന്നതിന്റെ തുടിക്കുന്ന ഉദാഹരണമായി ഷഹീൻബാഗ് സമരങ്ങളെ കാണാനാകും. എന്നാൽ, ഔദ്യോഗിക പ്രതിപക്ഷം ചിത്രത്തിലേയില്ല. ഡൽഹിയിൽ സംഘപരിവാർ ക്രിമിനലുകൾ വംശഹത്യയ്ക്കായി സായുധരായി അഴിഞ്ഞാടിയപ്പോൾ നിസ്സഹായരായി നിലവിളിച്ചുകൊണ്ട് പ്രാണനും കൊണ്ടോടിയവരെ സഹായിക്കാൻ പ്രതിപക്ഷമുണ്ടായിരുന്നില്ല. അപ്പോൾ, ന്യൂഡൽഹി ഭരിക്കുന്ന എ.എ.പി.യുടെ കെജ്‌രിവാൾ ഹനുമാൻ സേവ നടത്തുകയായിരുന്നു. രാജ്ഘട്ടിൽ കലാപം ശാന്തമാക്കാൻ പ്രാർത്ഥിയ്ക്കാൻ പോയതൊഴിച്ചാൽ ചെറുവിരൽ അനക്കാൻ സന്നദ്ധനാകാതെ, ഒരിക്കൽപ്പോലും ഷഹീൻബാഗ് സമരത്തെ അഭിവാദ്യം ചെയ്യാതെ, ഫലത്തിൽ സംഘപരിവാറിനെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചതെന്ന കാര്യം തീർത്തും ഞെട്ടിപ്പിക്കുന്നു.

വേട്ടയാടപ്പെടുന്ന സാധാരണ ജനങ്ങൾക്ക് ആരുമില്ല. ഭരണ-പ്രതിപക്ഷങ്ങളില്ല, പോലീസ് നഗ്നമായി ക്രിമിനലുകളോടൊപ്പം നിൽക്കുന്നു. ജൂഡീഷ്യറിയും ഭരണകൂടത്തിന്റെ താളത്തിനൊത്ത് തുള്ളുന്ന അതിഭയാനക കാലത്തിലേയ്ക്ക് രാജ്യം വന്നുവീണിരിക്കുന്നു. എല്ലാ പ്രതീക്ഷകളും അസ്തമിക്കുന്ന കാലത്ത് ജനങ്ങൾ പ്രതിരോധത്തിനായി സ്വന്തം സമരകൂട്ടായ്മകൾ പടുത്തുയർത്തിയേ മതിയാകൂ. ഷഹീൻബാഗ് സമരം ആ ചരിത്രാവശ്യകതയിൽ നിന്നാണ് ഉയർന്നുവന്നത്. ജനങ്ങൾ ആ പ്രക്ഷോഭ വേദിയിൽ സകുടുംബം പങ്കെടുക്കുന്നത് അതുകൊണ്ടാണ്. പ്രത്യാശ നൽകുന്നത് പ്രക്ഷോഭങ്ങൾ മാത്രം; ജനൈക്യത്തിന് മാത്രമേ ഇനി ഇന്ത്യയെ രക്ഷിയ്ക്കാനാവൂ. പ്രത്യാശാനിർഭരമായ ആ പ്രക്ഷോഭത്തിന്റെ ദേശീയ പ്രതീകമായ ഷഹീൻബാഗ് സമരത്തെ നെഞ്ചോട് ചേർക്കുക, നാടെമ്പാടും ഉയരട്ടെ ഷഹീൻബാഗുകൾ.




കുരീപ്പുഴ ശ്രീകുമാർ



ജസ്റ്റിസ് കമാൽപാഷ




സ്വാമി സന്ദീപാനന്ദഗിരി

## തിരുവനന്തപുരം ഷഹീൻബാഗ് സമരം ഒരു മാസം പിന്നിടുന്നു

അസാധാരണമായ സവിശേഷതകളോടെ തിരുവനന്തപുരത്ത് ഫെബ്രുവരി 3 ന് തികച്ചും സ്വതന്ത്രമായി ആരംഭിക്കപ്പെട്ട ഷഹീൻബാഗ് മോഡൽ സമരം മാർച്ച് 3-ാം തീയതി വിജയകരമായി ഒരു മാസം പൂർത്തിയാക്കി. ജനപങ്കാളിത്തം മാത്രമല്ല, മതേതര സ്വഭാവം കൂടുതൽ കരുത്തോടെ പ്രകാശിപ്പിക്കാൻ കഴിയുന്ന സമരപ്പന്തലിൽ നാനാ ജാതി- മതസ്ഥർ സഹോദര്യത്തോടെ ഒത്തൊരുമിച്ചാണ് സമരത്തിൽ പങ്കെടുക്കുന്നത്. രാത്രി ഭക്ഷണം മിക്കവാറും ഏല്ലാവരും ഒരുമിച്ചാണ് കഴിക്കാറുള്ളത്. സമരത്തെ സഹായിക്കാനായി നൂറുകണക്കിനാളുകൾ മുന്നോട്ടുവരുന്നതും സന്നദ്ധപ്രവർത്തനങ്ങൾ സജീവമായി മുന്നേറുന്നതും ജനൈക്യത്തിന്റെ തിളങ്ങുന്ന ഉദാഹരണങ്ങളിൽ ഒന്നാണ്.

സമരം ഒരു മാസം പിന്നിട്ട മാർച്ച് 3 ന്, ഡൽഹി ഷഹീൻബാഗിലെ സമരസംഘാടകരിലൊരാളായ റിതു കൗശിക്കിനെ മുഖ്യാതിഥിയായി പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിപാടി സംഘടിപ്പിക്കപ്പെട്ടു. 'സല്യൂട്ട് ഷഹീൻബാഗ്' എന്ന പേരിൽ സംഘടിപ്പിച്ച പരിപാടി പ്രശസ്ത കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. മുഖ്യാതിഥിയായി പങ്കെടുത്ത റിതു കൗശിക്കിനെ ചുവന്ന റോസാപ്പൂക്കൾ നൽകി സമരവോളണ്ടിയർമാർ വേദിയിലേയ്ക്ക് സ്വാഗതം ചെയ്തു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ പ്രമുഖ കവി ക്വാസി നസ്രൂൽ ഇസ്ലാമിന്റെ 'ഞങ്ങൾ ശക്തി, ഞങ്ങൾ ബലം, ഞങ്ങൾ വിദ്യാർത്ഥികൾ' എന്ന് തുടങ്ങുന്ന ഗാനാലാപനത്തോടെയാണ് സല്യൂട്ട് ഷഹീൻബാഗ് പരിപാടി തുടങ്ങിയത്. തുടർന്ന്, തിരുവനന്തപുരം ഷഹീൻബാഗ് സമരസംഘാടക സമിതി ജനറൽ കൺവീനർ മേധാ സുരേന്ദ്രനാഥ് സമരത്തിന്റെ ഒരുമാസക്കാലത്തെ നാൾവഴികൾ ചുരുക്കത്തിൽ വിവരിച്ചു.

ഉദ്ഘാടകനായ കവി കുരീപ്പുഴ ശ്രീകുമാർ, പൗരത്വഭേദഗതി നിയമം മനുഷ്യനെ വിഭജിക്കുന്ന കരിനിയമമാണെന്ന് ചരിത്രാനുഭവങ്ങൾ വിവരിച്ചുകൊണ്ട് സമർത്ഥിക്കുകയുണ്ടായി. ഈ സമരം സ്നേഹവും സാഹോദര്യവും വളർത്തുവാനായി നടത്തുന്ന സമരമാണെന്നും ഇത് വിജയിച്ചേ മതിയാകൂവെന്നും അദ്ദേഹം പറഞ്ഞു.

തുടർന്ന്, സാഹോദര്യത്തിന്റെ സന്ദേശവുമായയെത്തിയ ഡൽഹി ഷഹീൻബാഗിലെ മുൻനിര പോരാളികളിലൊരാളായ ഋതു കൗശിക്ക് വിശദമായി സംസാരിച്ചു. മനസ്സുകളിൽ വർഗ്ഗീയ വിഷബാധയേറ്റ സംഘപരിവാർ പ്രവർത്തകർ മുസ്ലീങ്ങൾക്കെതിരെ ഏകപക്ഷീയമായി നടത്തിയ കൂട്ടക്കൊലകളാണ് ഡൽഹിയിൽ അരങ്ങേറിയതെന്ന് ഋതു കൗശിക് പറഞ്ഞു. വർഗ്ഗീയ സംഘങ്ങളുടെ സായുധമായ അഴിഞ്ഞാട്ടത്തെ ചെറുക്കാൻ ഡൽഹിയിലെ ഹിന്ദുക്കളും മുസ്ലീങ്ങളും സിഖ് മതസ്ഥരും ഒന്നിച്ചണിനിരന്നുവെന്നത്, ഇന്ത്യയെ തോൽപ്പിക്കാൻ ഫാസിസ്റ്റ് ഭരണാധികാരികൾക്ക് കഴിയില്ലായെന്നതിന്റെ തെളിവാണ്. 22 ഹിന്ദുക്കളും 60-ഓളം മുസ്ലീങ്ങളും അക്രമണത്തിൽ കൊല്ലപ്പെട്ടു. ഇരുകൂട്ടരും കൊലപ്പെട്ടത് സംഘപരിവാർ കൊലയാളികളാൽ തന്നെ.

എന്നാൽ, ഷഹീൻബാഗ് സമരം അതിശക്തമായി വളരുകയാണ്. നാനാമതസ്ഥരുടെ പങ്കാളിത്തത്തോടെ ഷഹീൻബാഗ് ഒരു മിനി ഇന്ത്യയായി മാറിക്കൊണ്ടിരിക്കുന്നതായി അവർ ചൂണ്ടിക്കാണിച്ചു. ഡൽഹിയിൽ മോദി സർക്കാരിന്റെ ആശീർവാദത്തോടെ മുസ്ലീങ്ങളെ കൂട്ടക്കൊല ചെയ്തപ്പോൾ സംസ്ഥാനത്തെ കെജ്‌രിവാൾ സർക്കാർ കൈയും കെട്ടി നോക്കിനിന്നു. ഫലത്തിൽ ഗൂഢാലോചനയിൽ കെജ്‌രിവാളും പങ്കാളിയായി. ഫെബ്രുവരി 8ന് ഡൽഹി തിരഞ്ഞെടുപ്പ് ഫലം വരുന്നതുവരെ കെജ്‌രിവാൾ ഒരക്ഷരം മിണ്ടിയില്ല. പിന്നീട്, മുഖ്യമന്ത്രിയായ ശേഷം ബി.ജെ.പി.യോടൊപ്പം ചേർന്നതുപോലെയാണ് കെജ്‌രിവാളിന്റെ പെരുമാറ്റമെന്നും അവർ പറഞ്ഞു.

തിരുവനന്തപുരം ഷഹീൻബാഗിലും സമരങ്ങൾ നിലയ്ക്കുന്നില്ല. വ്യത്യസ്ഥങ്ങളായ നിരവധി സമരങ്ങൾ സംഘടിപ്പിച്ചുകൊണ്ടും മഹത്തായ ഐക്യസന്ദേശം വിളംബരം ചെയ്തുകൊണ്ടും എല്ലാ മനുഷ്യരുടെയും ഹൃദയം കവരുന്ന വിധത്തിൽ അതുല്യമായ ഷഹീൻബാഗ് സമരം പുതിയ പടവുകളിലേയ്ക്ക് പ്രവേശിക്കുകയാണ്. ■



മേധാ സുരേന്ദ്രനാഥ്



സമരത്തിന് ആവേശംപകർന്ന് തെരുവുനാടകം





(ചിത്രം:1) ഡൽഹി ഷഹീൻബാഗിൽ നിന്നെത്തിയ ഋതു കൗശിക് പ്രസംഗിക്കുന്നു (ചിത്രം:2) 'ഷഹീൻബാഗിലെ അമ്മ'യെന്ന ശിൽപ്പം അനാച്ഛാദനം ചെയ്തതിനുശേഷം സാവിത്രി രാജീവൻ സൗഭാഗ്യകുമാരിക്കും ശിൽപ്പി സി.ഹരിണിക്കുമൊപ്പം.

# വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി

കഴിഞ്ഞ ലക്കം തുടർച്ച

ഇനി മറ്റൊരു വിഷയം പരിശോധിക്കാം. നിലനിൽപ്പിനുവേണ്ടിയാണ്, പ്രതികൂലമായ പ്രകൃതിശക്തികളോട് പൊരുതുന്നതിനുവേണ്ടിയാണ്, ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ആദിമ മനുഷ്യർ സമൂഹമായി സംഘടിച്ചത്. ഉല്പാദനബന്ധമെന്നാൽ അടിസ്ഥാനപരമായി മനുഷ്യർ തമ്മിലുള്ള ബന്ധമാണെന്ന് കാൾ മാർക്സ് പറഞ്ഞത് ഈ കാഴ്ചപ്പാടോടെയാണ്. ഉല്പാദനബന്ധം സാമ്പത്തികബന്ധമാണെന്ന് മാർക്സിസ്റ്റുകളായി അറിയപ്പെട്ട പല നേതാക്കളും പറഞ്ഞിട്ടുണ്ട്. ഇത് മാർക്സിസത്തിന്റെ ഒരു വികൃതവൽക്കരണമാണ്. മാർക്സ് അങ്ങനെയല്ല ഉദ്ദേശിച്ചത്. ഉല്പാദനബന്ധത്തെ സംബന്ധിച്ച സങ്കല്പം അത്ര ഇടുങ്ങിയതല്ല. സ്വന്തം ജീവിതം മെച്ചപ്പെടുത്താനായി മനുഷ്യർ പ്രകൃതിയോട് മല്ലിട്ടുകൊണ്ട് തങ്ങൾക്കിടയിൽ, ഉല്പാദനത്തെ മുൻനിർത്തി ബന്ധങ്ങൾ സ്ഥാപിച്ചെടുത്തു എന്നത് ശരിതന്നെ. മനുഷ്യർ സ്വന്തം അഭിവൃദ്ധിക്കായി സമൂഹമായി സംഘടിക്കുകയും ഉല്പാദനത്തിനായി ബന്ധങ്ങളുണ്ടാക്കുകയും ചെയ്തു. എന്നാൽ ഈ ഉല്പാദനം ഭൗതികപരം മാത്രമല്ല ആശയപരം കൂടിയാണ്. ഒരു വർഗവിഭജിത സമൂഹത്തിൽ ഭൗതികോല്പാദനത്തെ നിയന്ത്രിക്കുന്നവർതന്നെ ആശയപരമായ ഉല്പാദനത്തെയും സ്വാധീനിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. ഈ വശം മനസ്സിലാക്കാതെ ഉല്പാദനബന്ധം സാമ്പത്തികബന്ധം മാത്രമാണെന്ന് കരുതിയാൽ നമ്മൾ സാമ്പത്തിക നിർണയവാദം എന്ന അബദ്ധത്തിൽ ചെന്നുപെടും. പ്രണയം, സ്നേഹം തുടങ്ങി ഏതൊരു മാനസികബന്ധവും ഭൗതിക ഉല്പാദനമെന്ന അടിത്തറയുടെ ഉപരിഘടനയിൽപെടുന്ന കാര്യമാണെന്നോർക്കണം. ഭൗതികമായ ഉല്പാദനം അടിത്തറയും ആശയപരമായ ഉല്പാദനം അതിന്റെ ഉപരിഘടനയുമാണ്. ഇങ്ങനെയാണ് നമ്മൾ ഭൗതികവും ആശയപരവുമായ ഉല്പാദനത്തെ മനസ്സിലാക്കേണ്ടത്. ഉല്പാദനബന്ധത്തെ ഒരുതരം സാമ്പത്തിക അടിമത്തമായോ പണത്തെ ആധാരമാക്കിയുള്ള ബന്ധം മാത്രമായോ അല്ല മാർക്സ് വീക്ഷിച്ചത്. മനുഷ്യൻ അവനാവശ്യമുള്ള ഭൗതികവസ്തുക്കൾ ഉല്പാദിപ്പിക്കുക മാത്രമല്ല, അനുനിമിഷം അവൻ മറ്റ് പലതും സൃഷ്ടിക്കുന്നതിനായി ആഗ്രഹിക്കുന്നുമുണ്ട്. സ്ത്രീ-പുരുഷ ബന്ധം, പ്രണയം, പിതൃത്വം, മാതൃത്വം, സാംസ്കാരികലോകം അഥവാ സാംസ്കാരിക മുന്നേറ്റം, കലയും സാഹിത്യവും, ശാസ്ത്രവും മറ്റ് വിജ്ഞാന മണ്ഡലങ്ങളും തുടങ്ങി സമസ്ത മേഖലകളിലും ഏറ്റവും പുതിയതിന് ജന്മം നൽകിക്കൊണ്ട് ജീവിതത്തെ മനോഹരവും സമ്പുഷ്ടവുമാക്കാൻ അവൻ അഭിലഷിക്കുന്നു. ഭൗതികോല്പാദനം പോലെതന്നെ ആശയപരമായ ഉല്പാദനത്തിനും നമ്മുടെ ജീവിതത്തിൽ വലിയ പങ്ക് ഉണ്ട്. അഭിരുചി, സംസ്കാരം, വിദ്യാഭ്യാസം, പ്രത്യയശാസ്ത്രം, മൂല്യബോധം, നൈതികത, സദാചാരം, നീതിന്യായം തുടങ്ങിയവയൊക്കെ ഉല്പാദന ബന്ധവുമായി ബന്ധപ്പെട്ട കാര്യംതന്നെയാണ്, ഭൗതികോല്പാദനമല്ല, ആശയപരമായ ഉല്പാദനമാണെന്ന് മാത്രം.

**വർഗ്ഗത്തോടും പാർട്ടിയോടും വിപ്ലവത്തോടുമുള്ള കൂറ്**

വിപ്ലവജീവിതത്തിൽ ജനങ്ങളോടും പാർട്ടിയോടുമുള്ള സ്നേഹം എന്ന പ്രശ്നവും ഇതുമായി ബന്ധപ്പെട്ടതാണ്. ജനങ്ങളെയും തൊഴിലാളിവർഗ്ഗത്തെയും സ്നേഹിക്കുന്നതുകൊണ്ട് തങ്ങൾ യഥാർത്ഥ വിപ്ലവകാരികളും കമ്മ്യൂണിസ്റ്റുകളുമാണെന്ന് പലരും കരുതുന്നു. ഇത് തികഞ്ഞ തെറ്റിദ്ധാരണയാണ്. ബൂർഷ്വാ മാനവവാദികളിൽ വളരെയേറെപ്പേർ ജനങ്ങളെ ആത്മാർത്ഥമായി സ്നേഹിക്കുകയും മനുഷ്യരാശിക്കുവേണ്ടി ത്യാഗങ്ങളനുഷ്ഠിക്കുകയും ചെയ്തെങ്കിലും അവർ കമ്മ്യൂണിസ്റ്റുകളായിരുന്നില്ല, ആകാൻ കഴിഞ്ഞില്ല. ഏതൊരു യഥാർത്ഥ കമ്മ്യൂണിസ്റ്റിനും ജനങ്ങളോടും തൊഴിലാളിവർഗ്ഗത്തോടും സ്നേഹമുണ്ടാകണം. എന്നാൽ, പലപ്പോഴും ഈ സ്നേഹം വികാരപരം മാത്രമാണ്. വിപ്ലവം നയിക്കുകയും ജനങ്ങളെയും തൊഴിലാളിവർഗ്ഗത്തെയും ചൂഷണത്തിൽനിന്ന് മോചിപ്പിക്കുകയും ചെയ്യുന്ന പാർട്ടിയുടെ നേതാക്കൾക്കും പ്രവർത്തകർക്കും, ജനങ്ങളോടും തൊഴിലാളിവർഗ്ഗത്തോടുമുള്ള സ്നേഹം തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടിയോടുള്ള സ്നേഹമാക്കി പരിവർത്തനപ്പെടുത്താൻ കഴിയുമ്പോൾ മാത്രമേ അവർക്ക് യഥാർത്ഥ കമ്മ്യൂണിസ്റ്റ് വിപ്ലവവ്യക്തിത്വങ്ങളായി വളരാൻ സാധിക്കൂ. ജനങ്ങളോടും തൊഴിലാളിവർഗ്ഗത്തോടുമുള്ള സ്നേഹം മൂർത്തരൂപത്തിൽ പ്രകടമാകുന്നത് തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടിയോടുള്ള സ്നേഹത്തിന്റെ രൂപത്തിലാണെന്ന് മനസ്സിലാക്കണം. അതിനാൽ, പാർട്ടിയെ ആത്മാർത്ഥമായി സ്നേഹിക്കാത്തവരും, എന്തെങ്കിലും നിസ്സാര പരിമിതികളോ പിശകുകളോ കാണുമ്പോഴും വ്യക്തിപരമായ നിസ്സാര കാരണങ്ങളാലും ചെറിയ എന്തെങ്കിലും അഭിപ്രായ വ്യത്യാസങ്ങളുടെ പേരിലും പാർട്ടിയിൽനിന്ന് അകലുകയും പാർട്ടിയെ ഇകഴ്ത്തി കാണുകയും ചെയ്യുന്നവരും, വിപ്ലവത്തെ മനസ്സിലാക്കുന്നതിൽ തീർത്തും പരാജയപ്പെട്ടവരാണ്. വർഗ്ഗത്തെ സ്നേഹിക്കാതെ ഒരാൾക്ക് വർഗ്ഗ സിദ്ധാന്തത്തിൽ പ്രാവീണ്യം നേടാനാവില്ല എന്നതുപോലെതന്നെ, വർഗ്ഗത്തിന്റെ യഥാർത്ഥ പാർട്ടിയെ സ്നേഹിക്കാതെ ഒരാൾക്ക് തൊഴിലാളി




വർഗ്ഗ ദർശനം സ്വായത്തമാക്കാനും കഴിയില്ല. ചർച്ചയും സംവാദവുംകൊണ്ടുമാത്രം ഇതിന്റെ പ്രാധാന്യം മനസ്സിക്കാനാവില്ല. അതിനാൽ, വിപ്ലവകാരികൾ പഠനങ്ങളിലൂടെയും ചർച്ചകളിലൂടെയുംമറ്റും മാർക്സിസത്തിന്റെ വിവിധ വശങ്ങൾ ആർജിച്ചെടുക്കാൻ ശ്രമിക്കുന്നതോടൊപ്പം പാർട്ടി പ്രവർത്തനത്തിന്റെ ഉത്തരവാദിത്വംകൂടി ഏറ്റെടുക്കേണ്ടതുണ്ട്. ഒരു സ്റ്റഡി ക്ലാസ്സിലോ സ്കൂൾ ഓഫ് പൊളിറ്റിക്സിലോ പങ്കെടുത്തതുകൊണ്ട്, മാർക്സിസ്റ്റ് തത്വചിന്തയെ സംബന്ധിച്ച പാർട്ടിയുടെ പാഠങ്ങളും, വിപ്ലവപാർട്ടിയുടെ രൂപീകരണവും ഘടനയും സംബന്ധിച്ച കാര്യങ്ങളുമൊക്കെ പരിമിതമായ അളവിൽപ്പോലും മനസ്സിലാക്കാനാവില്ല. കാര്യം അത്ര ലളിതമല്ല. ഒരു വിപ്ലവപാർട്ടിയും മറ്റ് പാർട്ടികളും തമ്മിലുള്ള വ്യത്യാസമെന്ത്, അങ്ങേയറ്റം പിന്തിരിപ്പനും കടുത്ത വ്യക്തിവാദം നിറഞ്ഞതുമായ ഇന്നത്തെ കാലഘട്ടത്തിൽ ലെനിനിസ്റ്റ് പ്രക്രിയ പിന്തുടർന്നുകൊണ്ട് ഒരു തൊഴിലാളിവർഗ്ഗ പാർട്ടി രൂപീകരിക്കുന്നതെങ്ങനെ, തുടങ്ങി എല്ലാ വിഷയങ്ങളും ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ സംബന്ധിച്ച് നമ്മുടെ പാർട്ടിയുടെ മൂർത്തവും കൃത്യവുമായ വിശകലനങ്ങൾ, ഇന്ത്യയുടെ പ്രത്യേക സാമ്പത്തിക-രാഷ്ട്രീയ ഘടനയിൽ വിപ്ലവത്തിന്റെ ശരിയായ തന്ത്രവും അടവും, തുടങ്ങിയ കാര്യങ്ങളൊക്കെ ശരിയായി ഉൾക്കൊള്ളണം. ഈ വിഷയങ്ങളൊക്കെ ആഴത്തിൽ ഗ്രഹിക്കേണ്ടവയാണ്.

**മാർക്സിസം സമഗ്രമായ ജീവിത ദർശനം**

പാർട്ടിയെ സ്നേഹിക്കുക എന്നതിന്റെ ശരിയായ അർത്ഥം അതിന്റെ സന്തോഷവും വേദനയും ഒരുപോലെ ഏറ്റെടുക്കുക എന്നതാണ്. വിപ്ലവമെന്നത് കേവലം വൈകാരികതയുടെ ആദർശവൽക്കരണമല്ല. വിപ്ലവ താല്പര്യം മുൻനിർത്തി പാർട്ടിയെ ശക്തിപ്പെടുത്തേണ്ടതുണ്ട്. വിപ്ലവത്തിനുവേണ്ടി ജീവൻ നൽകുന്ന ഒരു പാർട്ടികേഡർ പാർട്ടിക്കുവേണ്ടിയാണ് അത് ചെയ്യുന്നത്. അയാൾ ഒരു യഥാർത്ഥ വിപ്ലവകാരിയായി എന്നതിന്റെ മൂർത്ത പ്രകാശനമാണത്. വർഗ്ഗബോധം മൂർത്തമായി പ്രകാശിതമാകുന്നത് പാർട്ടിബോധത്തിലാണ്. വർഗ്ഗത്തോടും വിപ്ലവത്തോടുമുള്ള സ്നേഹം പാർട്ടിയോടുള്ള സ്നേഹം തന്നെയാണ്. ഇത് മാർക്സിസത്തിന്റെ ഒരു അടിസ്ഥാന തത്വമാണ്. ഉത്തരവാദിത്വ നിർവ്വഹണവും, പ്രശ്നങ്ങളും ബുദ്ധിമുട്ടുകളുമൊക്കെ ആശയവിനിയത്തിലൂടെയും ചർച്ചയിലൂടെയും പരിഹരിക്കുന്നതുമെല്ലാം ഈ സമരത്തിന്റെ ഭാഗമാണ്. ആരും ഒറ്റയ്ക്കല്ല സമരത്തിൽ ഏർപ്പെടുന്നത്. നാമെല്ലാം ഒന്നിച്ചാണ് പ്രവർത്തിക്കുന്നതും പൊരുതുന്നതും. പ്രശ്നങ്ങളുണ്ടാകുമ്പോൾ ചർച്ചചെയ്തും സഹകരിച്ചും നമ്മൾ പരിഹാരം കാണും. ഒരാൾ ധാരാളം പഠിക്കുന്നു, എന്നാൽ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നില്ല, ഉത്തരവാദിത്വങ്ങളൊന്നും നിർവ്വഹിക്കുന്നില്ല, സമരത്തിൽ പങ്കാളിയാകുന്നില്ല, എങ്കിൽ അയാളുടെ ധാരണ തെറ്റാണ്. ഇവ്വിധം കാര്യങ്ങൾ പഠിക്കുന്നത് അഹന്ത വളർത്തുകയും ശരിയായ വീക്ഷണം ആർജിക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും ആശയക്കുഴപ്പമുണ്ടാക്കുകയും ചെയ്യും എന്നതാണ് അപകടം. ഇതല്ല നമ്മുടെ രീതി. മാർക്സിസ്റ്റ് രീതിശാസ്ത്രമനുസരിച്ച് എന്താണ് "പഠനം" കൊണ്ട് അർത്ഥമാക്കുന്നത്? ഒരാൾക്ക് സത്യമെന്ന് ബോദ്ധ്യപ്പെട്ട കാര്യം അയാൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലും നടപ്പിലാക്കുകയും അത് മനസ്സിലാക്കാൻ മറ്റുള്ളവരെ സഹായിക്കുകയും ചെയ്യുന്നതിനെയാണ് പഠനം എന്നുപറയുന്നത്. ഏറ്റവും ഫലപ്രദമായ രീതിയിൽ അയാൾ മറ്റുള്ളവരെ പഠിപ്പിക്കുന്നു. ആ കലയിൽ അയാൾ പ്രാവീണ്യം നേടാൻ പരിശ്രമിക്കുന്നു. വീട്ടിലും പുറത്തും, സുഹൃദ്വലയത്തിൽ, ഓഫീസിൽ, ജോലിസ്ഥലത്ത് എവിടെയും അയാൾ അതിനുള്ള അവസരം കണ്ടെത്തുന്നു. ഇത് പാർട്ടി മീറ്റിംഗിലും രാഷ്ട്രീയ ചർച്ചയിലും മാത്രം ചെയ്യേണ്ട കാര്യമല്ലെന്നും ജീവിതദൗത്യമാണെന്നും അയാൾ മനസ്സിലാക്കുന്നു. അതുകൊണ്ടാണ് മാർക്സിസം ഒരു ജീവിത തത്വചിന്തയാണ് എന്ന് പറയുന്നത്. അതൊരു സാമ്പത്തിക ശാസ്ത്രം മാത്രമല്ല. മാർക്സിസം ജീവിതത്തെ പരിവർത്തനപ്പെടുത്തുകയും സമൂഹത്തിന്റെയാകെ പുരോഗതിക്കായി പൊരുതാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു. വൈരുദ്ധ്യ-സംഘർഷങ്ങൾക്കിടയിലും സന്തോഷം കണ്ടെത്താൻ, യാതനകൾക്കും ദുഃഖങ്ങൾക്കുമിടയിലും ആനന്ദം അനുഭവിക്കാൻ അത് പഠിപ്പിക്കുന്നു. ഒരാൾ ഇത് മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടാൽ, യാതനകളും വേദനകളും കാണുമ്പോൾ ഭയന്ന് പിന്മാറും.

**അറിയുന്നതും സ്വാംശീകരിക്കുന്നതും തമ്മിലുള്ള അന്തരം**

ഇനി മറ്റൊരു പ്രധാനകാര്യം. മനുഷ്യന് ധാരാളം കാര്യങ്ങൾ ഓർമിക്കാനും പരസ്പരം ബന്ധപ്പെടുത്തി മനസ്സിലാക്കാനുമൊക്കെയുള്ള ശേഷിയുണ്ട്. എന്നാൽ അതിനർത്ഥം എല്ലാ കാര്യങ്ങളും ആഴത്തിൽ മനസ്സിലാക്കിയെന്നല്ല. സിദ്ധാന്തവും മറ്റും, അപാരമായ ഓർമ്മശക്തിയുള്ള, പലകാര്യങ്ങളും മനസ്സിലാക്കാൻ ശേഷിയുള്ള, അറിവുള്ള ആളുകളുടെ വിഷയമായാണ് പലരും ഗണിക്കുന്നത്. ഇങ്ങനെയൊരു ആശയക്കുഴപ്പം സാധാരണമാണ്. അതിനാൽ, ഓർമശക്തിയും സ്വാംശീകരണവും തമ്മിലുള്ള വ്യത്യാസവും അതിന്റെ വ്യാപ്തിയും ശരിയായി മനസ്സിലാക്കാൻ, ഒരാളുടെ ഉദ്ബോധനങ്ങൾക്കനുസരിച്ച് അയാളുടെ സൗന്ദര്യബോധവും സംസ്കാരവുമൊക്കെ വളരുന്നുണ്ടോ എന്ന് പരിശോധിച്ചാൽ മതി. ഒരാൾ പറയുന്ന കാര്യങ്ങൾ സ്വന്തം ജീവിതത്തിൽ പ്രയോഗിക്കുന്നുണ്ടോ എന്ന് വിലയിരുത്താനുള്ള ഒരേയൊരു മാനദണ്ഡം ഇതാണ്. ഒരു മുതിർന്ന സഖാവ് വീടും കുടുംബവുമൊക്കെ ഉപേക്ഷിച്ച് പാർട്ടിക്കുവേണ്ടി മുഴുവൻ സമയവും പ്രവർത്തിക്കുന്നു എന്നതു

(ശേഷം 11-ാം പേജിൽ)

# കേവലമായ പഠനംകൊണ്ട് ഒരാൾ ജ്ഞാനി ആകില്ല

(10-ാം പേജിൽ നിന്ന്)

കൊണ്ടുമാത്രം, വിപ്ലവദർശനം സ്വന്തം ജീവിതത്തിൽ ശരിയാംവണ്ണം പ്രവർത്തികമാക്കുന്നതിൽ അയാൾ ഏത് നിലവാരത്തിലെത്തി എന്ന് നിർണയിക്കാനാവില്ല. ഇത് മറക്കരുത്. സ്കൂളിലും കോളേജിലുമൊക്കെ പഠിക്കുന്നവർക്കും അദ്ധ്യാപകർക്കും ധാരാളം കാര്യങ്ങൾ ഓർത്തിരിക്കാനും മറ്റുള്ളവരെ പഠിപ്പിക്കാനും കഴിയും. എന്നാൽ ഇക്കാര്യങ്ങൾക്കൊന്നും അവരുടെ ജീവിതത്തിൽ ഒരു സ്ഥാനവുമുണ്ടാകണമെന്നില്ല. പഠിച്ചകാര്യം മനസ്സിൽ തട്ടാതെ ഉരുവിടുന്നു എന്നുമാത്രം. അതുകൊണ്ടാണ്, പഠിക്കുന്നതും സ്വാംശീകരിക്കുന്നതും തമ്മിൽ വലിയ അന്തരമുണ്ടെന്ന് മാർക്സിസം ഊന്നിപ്പറയുന്നത്.

**ഒരുപാട് പ്രതിബന്ധങ്ങൾ കാത്തിരിക്കുന്നു എന്ന് മനസ്സിലാക്കിത്തന്നെയാണ് നമ്മൾ ഈപ്രസ്ഥാനത്തിൽ ചേർന്നത്. വിപ്ലവപ്രവർത്തനം നടത്താൻ ഒരുപാട് കരുത്ത് ആവശ്യമുണ്ട്. അറിവിന്റെ, വിട്ടുവീഴ്ചയില്ലാത്ത പ്രയോഗത്തിന്റെ, വിപ്ലവത്തിലുള്ള ഉറച്ച ബോദ്ധ്യത്തിന്റെ, വിപ്ലവത്തോടുള്ള കൂറിന്റെ, ഉന്നതമായ സദാചാര-നൈതിക ധാരണകളിൽ അടിയുറച്ചുകൊണ്ട് ഉയർന്ന നിലവാരത്തിലേയ്ക്ക് നമ്മെത്തന്നെ ഉയർത്തുന്ന സമരത്തിന്റെ കരുത്താണിത്. ഇത് സ്വന്തം മോചനത്തിനുള്ള സമരമല്ല; മുഴുവൻ ജനങ്ങളെയും മോചിപ്പിക്കുന്നതിലൂടെ സ്വന്തം മോചനവും ഉറപ്പാക്കുന്ന സമരമാണ്.**

മാർക്സിസം ധാരാളം പഠിച്ചിട്ടുള്ള, ഉന്നതബിരുദധാരിയും ബുദ്ധിമാനുമായ ഒരാൾ പ്രത്യയശാസ്ത്ര വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ കാതലായ എന്തോ ഒരു കുറവ് അനുഭവപ്പെടുന്നെങ്കിൽ അത് എന്തുകൊണ്ടെന്ന്, മേല്പറഞ്ഞ വ്യത്യാസം നന്നായി മനസ്സിലാക്കിയാൽ നിങ്ങൾക്ക് ബോദ്ധ്യമാകും. ചർച്ചയിൽ പങ്കെടുക്കുന്നവരുടെ മനസ്സിൽ അത് ഒരു സ്വാധീനവും ചെലുത്തുന്നില്ല. എന്നാൽ അത്ര വലിയ ബിരുദങ്ങളൊന്നുമില്ലാത്ത മറ്റൊരാൾ ചർച്ചചെയ്യുമ്പോൾ അത് മനസ്സിനെ സ്വാധീനിക്കുന്നുവെന്ന് കരുതുക. ആദ്യം പറഞ്ഞ കൂട്ടർ മറ്റുള്ളവരുടെ ചർച്ചയിൽ എന്തെങ്കിലും തെറ്റായ പരാമർശങ്ങളുണ്ടായാൽ അതിന്റെ പേരിൽ ബഹളമുണ്ടാക്കും. എന്നാൽ, പല കാര്യങ്ങളും ശരിയായി അവതരിപ്പിച്ചിട്ടും നല്ല ഫലമുളവാക്കാൻ അവർക്ക് കഴിയുന്നില്ല എന്നതും മറ്റുള്ളവർ തെറ്റ് വരുത്തിയിട്ടുപോലും അവർക്ക് നല്ല ഫലമുണ്ടാക്കാൻ കഴിയുന്നു എന്നതും ഇവർ മനസ്സിലാക്കുന്നില്ല. ഇവർക്ക് തുടക്കത്തിൽ പ്രശ്നങ്ങളൊന്നുമുണ്ടാകുന്നില്ല. എന്നാൽ അവരുടെ പരിമിതികൾ ദൂരീകരിക്കാൻ കഴിയുന്നില്ലെങ്കിൽ അവർ അഹന്തയ്ക്ക് ഇരകളായിത്തീരും. ക്രമേണ അതിന് അടിപ്പെട്ടുപോകുകയും സ്വയം വിലയിരുത്താനുള്ള ശേഷി നഷ്ടപ്പെടുകയും ചെയ്യും. അവരറിയാതെ തന്നെ അവരുടെ മനസ്സ് മലിനമായിത്തീരും.

അതിനാൽ പറയുന്നകാര്യങ്ങൾ സ്വാംശീകരിക്കാൻ കഴിയുന്നുണ്ടോ എന്ന് അനുനിമിഷം സ്വയം ചോദിക്കാൻ ഞാൻ സഖാക്കളോട് അഭ്യർത്ഥിക്കുന്നു. അതിന് കഴിഞ്ഞാൽ അത് ജീവിതത്തിൽ പ്രാവർത്തികമാക്കുകയും അതിന്റെ ഫലം പ്രകടമാകുകയും ചെയ്യും. ചർച്ച, പഠനം തുടങ്ങിയവയ്ക്കൊക്കെ പ്രയോജനമുണ്ടാകുന്നത് അതെല്ലാം സർവ്വതല സ്പർശിയായ ജീവിതസമരവുമായി ഉദ്ഗ്രഥിക്കപ്പെടുമ്പോൾ മാത്രമാണ്. ഈ രീതിയിലുള്ള, ലക്ഷ്യവുമായി സ്വയം താദാത്മ്യപ്പെടുന്ന ഒരു സമരം ഏറ്റെടുക്കുന്നില്ലെങ്കിൽ, സ്വന്തം കടമകൾ നിറവേറ്റുന്നില്ലെങ്കിൽ, ഒരാളുടെ പഠനവും ചർച്ചകളുമൊക്കെ വെറും അർത്ഥശൂന്യമായ വ്യായാമം മാത്രമായിരിക്കും. നിങ്ങൾ പഠിക്കുകയും ചർച്ചചെയ്യുകയും പാർട്ടി ഓഫീസ് സന്ദർശിക്കുകയും ചെറിയ ഉത്തരവാദിത്വങ്ങൾ നിറവേറ്റുകയുമൊക്കെ ചെയ്യുന്നത് ഉത്സാഹരഹിതമായും അലസമായും ആണെങ്കിൽ നിങ്ങൾക്ക് കുറച്ചുകാര്യങ്ങളൊക്കെ മനസ്സിലാക്കാൻ കഴിയുമെങ്കിലും യഥാർത്ഥ വിജ്ഞാനം ആർജ്ജിക്കാൻ കഴിയില്ല. അറിവ് നേടണമെങ്കിൽ നമ്മൾ പ്രയോഗത്തിലും പ്രവൃത്തിയിലും മുഴുകിയിരിക്കണം. നിങ്ങൾക്ക് ഒരു കാര്യം എളുപ്പത്തിൽ മനസ്സിലായി എന്നതിനർത്ഥം നിങ്ങൾ അറിവ് നേടി എന്നല്ല. അതുപോലെ അറിവ് നേടിയിട്ട് പ്രയോഗമാരംഭിക്കാം എന്ന് കരുതുന്നതും ശരിയല്ല. നമുക്ക് നേടാൻ കഴിഞ്ഞ അറിവുവച്ച് നമ്മുടെ സമരം മുന്നോട്ടുകൊണ്ടുപോകണം. തെറ്റുകൾ സംഭവിച്ചാൽ പോലും ആ സമരം തുടരണം. സന്തോഷവും സുഖവുമെല്ലാം കുടികൊള്ളുന്നത് ഈ സമരത്തിലാണ്. വേദനയും ദുഃഖവുമൊക്കെ ഉണ്ടാകുമ്പോഴും അതിന്റെ അടിത്തട്ടിൽ ആനന്ദം കണ്ടെത്താൻ നമുക്ക് കഴിയും. ദുഃഖത്തിൽ സന്തോഷത്തിന്റെ സത്ത ഉള്ളടങ്ങിയിട്ടുണ്ട് എന്ന് തിരിച്ചറിയും. ഈ സമരം ഏറ്റെടുക്കുന്നവർ, അത് എങ്ങനെ നടത്തണം എന്ന് മനസ്സിലാക്കുന്നവർ, യഥാർത്ഥ വിവേകശാലികൾ, സന്തോഷവും ദുഃഖവും വേർപിരിയാത്ത സഹോദരങ്ങളാണെന്ന യാഥാർത്ഥ്യം തിരിച്ചറിയുന്നു. ദുഃഖത്തിൽ സന്തോഷം അടങ്ങിയിട്ടുണ്ട്. ആന്തരികമായി സന്തോഷം പേറിക്കൊണ്ടാണ് ദുഃഖം പ്രത്യക്ഷപ്പെടുന്നത്. ഭയരഹിതമായ ദുഃഖം സന്തോഷംപോലെ ആസ്വദിക്കാൻ കഴിയുന്നതാണെന്ന് നമ്മുടെ നാട്ടിലെ മഹാനായ സാഹിത്യകാരൻ ശരത്ചന്ദ്ര ചാറ്റർജി പറഞ്ഞിട്ടുണ്ട്. ഇവിടെയും ഒരു സമരത്തിന്റെ ശംഖൊലി മുഴങ്ങുന്നുണ്ട്. ഒരാൾ ഒരു ലക്ഷ്യം മുൻനിർത്തി നിർഭയമായും അചഞ്ചലമായ നിശ്ചയദാർഢ്യത്തോടെയും ഇറങ്ങിത്തിരിക്കുകയാണെങ്കിൽ, മൂല്യങ്ങളുടെ സംരക്ഷണത്തിനായി പോരടിക്കുകയാണെങ്കിൽ, അയാൾക്ക് അനുഭവിക്കേണ്ടിവരുന്ന വേദനയും ദുഃഖവും വെറും വേദനയും ദുഃഖവുമല്ല, അതിന് ആനന്ദദായകമായ ഒരു വശംകൂടിയുണ്ട് എന്നതാണ് ഭയരഹിതമായ ദുഃഖം എന്നതിന്റെ പൊരുൾ. എന്നാൽ, ഭയാശങ്കകളോടെയും ചാഞ്ചല്യത്തോടെയും സമരത്തെ അഭിമുഖീകരിക്കുന്നവർക്ക് സർവ്വവും ദുഃഖമയമായിരിക്കും, അത് താങ്ങനാവാത്തതായിരിക്കും. ദുഃഖത്തിന്റെ കാർമേഘങ്ങളാൽ വലയം ചെയ്യപ്പെട്ട ഒരാൾക്ക് സന്തോഷത്തിന്റെ കിരണങ്ങൾ ഒരിക്കലും ദൃശ്യമാകില്ല.




**വിപ്ലവജീവിതത്തിൽ ദുഃഖവും സന്തോഷത്തിന്റെ മറ്റൊരു മുഖം**

ഈ മുതലാളിത്തവ്യവസ്ഥയിൽ പണത്തിലാറാടുന്ന, കണക്കറ്റ സ്വത്ത് കൈയാളുന്ന ആളുകളുണ്ട്. സാധാരണക്കാർ കരുതുന്നത് ഇവരെല്ലാം വളരെ സന്തോഷകരമായ ജീവിതം നയിക്കുന്നു എന്നാണ്. ഇവർക്ക് എന്തിന്റെയെങ്കിലും കുറവുണ്ടോ എന്ന് ആളുകൾ വിചാരിക്കുന്നു! എന്നാൽ, ആളുകൾ എന്ത് വിചാരിച്ചാലും ഈ സമ്പന്നരിൽ പലർക്കും, പണത്തിന് കുറവൊന്നുമില്ലെങ്കിലും, ജീവിതത്തിൽ സന്തോഷവും സുഖവും വളരെ കുറവാണ്. പലരും മാനസിക പ്രശ്നങ്ങൾ ഉള്ളവരാണ്. മനസ്സമാധാനമില്ലാതെ അവർ നരകിക്കുന്നു, സന്തോഷംതേടി അലയുന്നു, പക്ഷേ സന്തോഷം അവരിൽനിന്ന് അകന്നുപോകുകയാണ്. മനസ്സമാധാനത്തിനായി അവർ സന്യാസിമാരുടെയും മറ്റും കാൽക്കൽ വീഴുന്നു. എന്നാൽ അതുകൊണ്ടൊന്നും ദുഃഖം ഒഴിഞ്ഞുപോകുന്നില്ല. കാരണം, അവർ സമരത്തിൽനിന്ന് അകന്നുനിൽക്കുകയാണ്. അവരെല്ലാം പരാന്നഭോജികളാണ്, കളങ്കിതരാണ്, നാഗരികതയിലെ പുഴുക്കുത്തുകളാണ്. മനുഷ്യപ്രയത്നവുമായി അവർക്ക് ഒരു ബന്ധവുമില്ല. സമൂഹത്തിൽ സൃഷ്ടിക്കപ്പെട്ട സമ്പത്ത് അവർ അപഹരിക്കുന്നു. ജനങ്ങളെ വഞ്ചിച്ച്, ചൂഷണം ചെയ്ത് അവർ സമ്പന്നതയിൽ വിരാജിക്കുകയാണ്. ഇതെല്ലാം അവരുടെ മനസ്സുഖം കെടുത്തുന്നു. അവരുടെ മനസ്സ് ജീർണ്ണിക്കുന്നു, വിദ്യാഭ്യാസവും സംസ്കാരവും നശിക്കുന്നു. സമാധാനം അവരിൽനിന്ന് അകന്നുപോകുന്നു. ഒന്നും അവർക്ക് ആനന്ദം നൽകുന്നില്ല.

എന്നാൽ മറുവശത്തേയ്ക്ക് നോക്കൂ. വിയറ്റ്നാമിലെ പോരാളികൾ വനാന്തരങ്ങളിൽ ഉറക്കമൊഴിച്ചാണ് പൊരുതിയത്. ഏത് സമയത്തും ഒരു ബോംബ് വീഴാം എന്നതിനാൽ അവർ സദാ തോക്കുമേന്തി തയ്യാറായിനിന്നു. ചരിത്രത്തിൽ പോരാട്ടം നയിച്ച വിപ്ലവകാരികളുടെയെല്ലാം ജീവിതം പരിശോധിക്കൂ. ചിലപ്പോൾ അല്പം ഭേദപ്പെട്ട നിലയിൽ, ചിലപ്പോൾ ദുരിതമയമായ സാഹചര്യങ്ങളിൽ അവർ കഴിഞ്ഞുകൂടി. ചിലപ്പോൾ എന്തെങ്കിലും ഭക്ഷിക്കാൻ കിട്ടി, പലപ്പോഴും പട്ടിണി കിടന്നു. എന്നാൽ, പട്ടിണിയോ കഷ്ടപ്പാടുകളോ അസ്വസ്ഥതകളോ ഒന്നും അവരുടെ നിശ്ചയദാർഢ്യത്തെ ഉലച്ചില്ല. അവരുടെ ജീവിതം നോക്കൂ. ആർക്കും മാനസികപ്രശ്നങ്ങളില്ല. സമാധാനത്തിന്റെ മകുടോദാഹരണങ്ങളായിരുന്നു അവർ. ജീവിതത്തിൽ വേദനയും ദുഃഖവുമൊന്നും അവർക്ക് ഉണ്ടായിട്ടില്ലേ? ഉണ്ട്. പക്ഷേ അവർ സന്തുഷ്ടരായിരുന്നു. അവരുടെ യാതനകളും ദുഃഖങ്ങളും സന്തോഷത്തിന്റെ മറ്റൊരു മുഖമായിരുന്നു. കഠിനയാതനകൾക്കിടയിലും അവർ ആനന്ദം കണ്ടെത്തി.

**പുസ്തക വായനയും സംവാദശേഷിയും കൊണ്ട് മാത്രം ജ്ഞാനിയാകില്ല**

ഇംഗ്ലീഷ് ഭാഷയിൽ പ്രവീണ്യവും നല്ല ഓർമശക്തിയും പഠിക്കാനുള്ള താല്പര്യവും ഉത്സാഹവുമൊക്കെയുണ്ടെങ്കിൽ ഒരാൾക്ക് പലതും എഴുതാൻ കഴിയും. എന്നാൽ അതുകൊണ്ട് അയാളുടെ മനസ്സിലാക്കലിന്റെ ആഴം നിർണയിക്കാനാവില്ല. യഥാർത്ഥ അറിവും പാണ്ഡിത്യവും തമ്മിലുള്ള വ്യത്യാസം പലർക്കും അറിയില്ല. പാണ്ഡിത്യം ഒരു ഭാരമാണ്, അത് നിഷഫലമാണ്. എന്നാൽ അറിവാകട്ടെ സമരത്തിൽനിന്ന് വേർപെടുത്താനാകാത്തതാണ്.

കാലങ്ങളായി ആശയവാദികളും മുതലാളിമാരും പരാന്നഭോജികളുമൊക്കെ ആശയത്തെ ഒരു ആർഭാടവസ്തുവാക്കി, ജീവിതഗന്ധമില്ലാത്ത ഒരു ധൂർത്താക്കി മാറ്റിയിരിക്കുകയാണ്. ഇത് ജീവിതത്തിൽ പ്രയോഗിക്കുന്നില്ല. ചർച്ചയ്ക്കുവേണ്ടിയുള്ള ചർച്ചകളേ നടക്കുന്നുള്ളൂ. എന്നാൽ ഈ 'അറിവ്', പുരോഗമനകാംക്ഷിയായ പ്രതീക്ഷാ നിർഭരനായ, ജീവിതത്തിൽ വിശ്വാസവും മതിപ്പുമുള്ള, പ്രകൃതിയോട് മല്ലടിച്ച് മുന്നേറാനാഗ്രഹിക്കുന്ന, സാഹചര്യങ്ങളോട് പടവെട്ടുന്ന മനുഷ്യന് ഒരു ഉപയോഗവുമില്ലാത്തതാണ്. അതുകൊണ്ട് പ്രയോഗിക്കാത്ത അറിവ് അറിവിന്റെ നിഷേധം തന്നെയാണ്. അതൊരുതരം ഹാസ്യാനുകരണമാണ്. അത്തരം അറിവ് മിക്കപ്പോഴും സ്വാഭാവികമായ ചിന്താരീതിയെ, ചിന്താപ്രക്രിയയെ, സ്വതന്ത്രവും ഋജുവുമായ ചിന്തയെ അലങ്കോലപ്പെടുത്തുന്നു. അത് മനുഷ്യമനസ്സിനെ രോഗാതുരമാക്കുന്നു. അതിന്റെ താളംതെറ്റിക്കുന്നു. അറിവ് എന്ന് വിളിക്കപ്പെടുന്നെങ്കിലും ഇത് ശരിയായ അർത്ഥത്തിലുള്ള അറിവേയല്ല.

**സമരത്തിൽനിന്ന് വേർപെട്ട അറിവ് വ്യർത്ഥമായ ധൂർത്ത്**

അറിവും ചിന്തയുമൊക്കെ ഒരു പ്രവർത്തനം തന്നെയാണ്. പ്രവൃത്തിയിൽനിന്ന്, സമരത്തിൽനിന്ന് വേർപെട്ടാൽ അത് അലസമായ ആർഭാടമായി പരിണമിക്കും. വലിയ പണ്ഡിതന്മാരും എന്നാൽ കുഴഞ്ഞുമറിഞ്ഞ ചിന്തയുമുള്ള ആളുകളുണ്ട്. അവർ ധരാളം വായിച്ചിട്ടുള്ളവരായിരിക്കും. എന്നാൽ വായിച്ചിട്ടുള്ള കാര്യങ്ങളെ ഏകോപിപ്പിക്കാനോ ഉദ്ഗ്രഥിക്കാനോ അവർക്ക് കഴിയുന്നില്ല. അതായത്, വായിച്ച കാര്യങ്ങളെ അടുക്കും ചിട്ടയോടെയും സന്തുലിതമായും മനസ്സിലാക്കാൻ അവർക്ക് കഴിയുന്നില്ല. ഒരിക്കൽ ഒരു രീതിയിൽ ചിന്തിക്കുന്ന ഇവർ ഉടൻതന്നെ അതിന് വിപരീതമായ രീതിയിലും ചിന്തിക്കും. ഇവിടെ ഒരു കാര്യം ശ്രദ്ധിക്കണം. നമ്മുടെ സഖാക്കൾ നിരവധി വിഷയങ്ങൾ ആഴത്തിലും പരപ്പിലും പഠിക്കേണ്ടതുണ്ട്. ഇത് നമ്മുടെ സമരത്തിന്റെ

(ശേഷം 12-ാം പേജിൽ)

# ഡൽഹിയിൽ നടന്ന അക്രമത്തെ സംബന്ധിച്ച് 2020 ഫെബ്രുവരി 26ന് എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന

സൃഷ്ടിച്ചെടുത്ത ഒരു വർഗീയ ആക്രമണത്തിൽ ഡൽഹി കത്തിയെരിയുകയും കൊലപാതകങ്ങളും ന്യൂനപക്ഷങ്ങളുടെ വീടും കടകളും കൊള്ളയടിക്കുകയും ചെയ്യുന്ന വാർത്ത തുടർച്ചയായി വടക്കൻ ഡൽഹിയിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ, പ്രധാനമന്ത്രി നരേന്ദ്രമോദി പ്രസിഡന്റ് ട്രംപിന് ഒപ്പം ഉല്ലാസയാത്ര നടത്തുകയും ആർഭാടകരമായ പ്രഭാതഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയുമായിരുന്നു. പക്ഷേ, അദ്ദേഹത്തിന് വർഗീയസംഘർഷം അവസാനിപ്പിക്കാനുള്ള ഉത്തരവിറക്കുവാൻ മാത്രം സമയം ഉണ്ടായില്ലെന്നത് ഞെട്ടിപ്പിക്കുന്നതാണ്. റോമിലെ നീറോ ചക്രവർത്തിയുടെ മനുഷ്യത്വവിരുദ്ധവും നിർലജ്ജവുമായ പെരുമാറ്റത്തെയാണ് ഇത് ഓർമ്മപ്പെടുത്തുന്നത്. ഇന്ത്യയിൽനിന്ന് ലഭിച്ച വമ്പിച്ച പ്രതിരോധ കരാറിനുപകരമായി, മോദി സത്യസന്ധനും മതവിശ്വാസിയും മതസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന ആളുമാണെന്ന് ട്രംപ് നൽകിയ നല്ല സർട്ടിഫിക്കറ്റിൽ മോദി സംതൃപ്തനായിരിക്കാം. പക്ഷേ, അച്ഛന്മാരെയും മക്കളെയും വീടും സ്വത്തും നഷ്ടപ്പെട്ട നിരപരാധികളായ സാധാരണക്കാരെ അത് ആശ്വസിപ്പിക്കുമോ?

ആരാണ് ഈ കൂട്ടക്കുരുതിക്ക് ഉത്തരവാദി എന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടൊന്നുമില്ല. ബിജെപി സർക്കാർ ദുഷ്ടലാക്കോടെ എൻപിആർ, എൻആർസി, സിഎഎ എന്നിവ തയ്യാറാക്കുകയും ജനങ്ങളെ വീണ്ടും വർഗീയമായി വിഭജിക്കാൻ ശ്രമിക്കുകയും ചെയ്തെങ്കിലും, മതത്തിനും ഭാഷയ്ക്കും വംശത്തിനും അതീതമായി ആളുകൾ വൻതോതിൽ ഈ ജനവിരുദ്ധപദ്ധതിയെ തള്ളിക്കളഞ്ഞു. ഇതിനെതിരെ സ്വമേധയാ ഉയർന്നുവന്ന ജനകീയ പ്രക്ഷോഭങ്ങളെ പോലീസും ബിജെപി-ആർഎസ്എസ് ഗുണ്ടകളും ചേർന്ന് ക്രൂരമായി ആക്രമിക്കുകയും നിരവധിപേരെ കൊലപ്പെടുത്തുകയും പരിക്കേൽപ്പിക്കുകയും ചെയ്തു. വർഗ്ഗീയസംഘർഷം വളർത്താനായി, പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നെ, സമരത്തിൽ പങ്കെടുക്കുന്നവരുടെ വസ്ത്രങ്ങൾ നോക്കിയാൽ അവർ ഏതു സമുദായത്തിൽ പെട്ടവരാണ് എന്ന് തിരിച്ചറിയാൻ കഴിയും എന്നു പറഞ്ഞു. പക്ഷേ, അതും പരാജയപ്പെട്ടു. ഏതെങ്കിലും പാർട്ടിയുടെയോ പ്രമുഖ വ്യക്തികളുടെയോ ആഹ്വാനം ഇല്ലാതെതന്നെ, അഭൂതപൂർവ്വമായ, ചരിത്രപരമായ പ്രക്ഷോഭം, പ്രത്യേകിച്ചും വനിതകളുടെ നേതൃത്വത്തിൽ ഷഹീൻബാഗിൽ തുടങ്ങി. നിരവധിയായ ഭീഷണികളും പ്രകോപനങ്ങളുമുണ്ടായിട്ടും ജനങ്ങളുടെ വർദ്ധിതമായ പിന്തുണയോടെ സമാധാനപരമായി മുന്നേറിക്കൊണ്ടിരിക്കുകയാണ് ഷഹീൻബാഗ്. ആ മാതൃകയിലുള്ള ആയിരക്കണക്കിന് സമരങ്ങൾ രാജ്യമെമ്പാടും വളർന്നുകൊണ്ടിരിക്കുകയാണ്. പ്രക്ഷോഭങ്ങളുടെ ഈ കുത്തൊഴുക്കിൽപെട്ടുലഞ്ഞ ആഭ്യന്തരവകുപ്പ് മന്ത്രി, ഡൽഹിയിലെ ഇലക്ഷൻ പ്രചരണത്തിൽ ബിജെപിക്ക് വോട്ട് ചെയ്ത് ഷഹീൻബാഗ് സമരത്തിന് തിരിച്ചടിനൽകുവാൻ ജനങ്ങളോട് ആവശ്യപ്പെട്ടു; മറ്റൊരു കേന്ദ്രമന്ത്രി ഒരുപടികൂടി കടന്ന് 'ഗോലിമാരോ' എന്ന് ആഹ്വാനം ചെയ്തു. ബിജെപിക്കെതിരെ വോട്ട് ചെയ്താണ് ഡൽഹിയിലെ ജനങ്ങൾ ഇതിന് മറുപടി കൊടുത്തത്. പ്രതിഷേധക്കാർ കുത്തിയിരിപ്പ് സമരംചെയ്യുന്ന ചില സ്ഥലങ്ങളിൽനിന്ന് മൂന്നുദിവസത്തിനുള്ളിൽ ഒഴിയുവാനുള്ള അന്ത്യശാസനമാണ് ഡൽഹിയിലെ ബിജെപി നേതാവ് കപിൽമിശ്ര നൽകിയത്. പ്രതിഷേധക്കാർ ഈ മുന്നറിയിപ്പ് തള്ളിക്കളഞ്ഞപ്പോൾ, കേന്ദ്രആഭ്യന്തരമന്ത്രി നിയന്ത്രിക്കുന്ന പോലീസ് സംവിധാനത്തിന്റെ ഒത്താശയോടെ, 'ജയ്ശ്രീറാം', 'ഹിന്ദുസ്ഥാൻ ഹിന്ദുക്കളുടേതാണ്' എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് സമരക്കാരെ ആക്രമിക്കുകയായിരുന്നു. തുടർന്ന്, പ്രതിഷേധക്കാരെ പുറത്താക്കുക എന്ന തന്റെ ദൗത്യം വിജയകരമായി എന്ന് ധിക്കാരപൂർവ്വം ബിജെപിയുടെ ഡൽഹിയിലെ എംപി കപിൽ മിശ്ര പ്രഖ്യാപിക്കുകയുണ്ടായി. ഈ കിരാതമായ ആക്രമണത്തിന് ഉത്തരവാദി ബിജെപിയും ആർഎസ്എസും ബിജെപി നയിക്കുന്ന കേന്ദ്രസർക്കാരും ആണെന്ന് നൂറ് ശതമാനവും തെളിഞ്ഞിരിക്കുകയാണ്.

ജാമിയ മിലിയ യൂണിവേഴ്സിറ്റിയും ജെഎൻയുവിലെ വിദ്യാർത്ഥികളെയും ആക്രമിക്കുകയും യുപിയുടെ വിവിധ ഭാഗങ്ങളിലായി നിരവധി സാധാരണ ജനങ്ങളെ കൊലപ്പെടുത്തുകയും ചെയ്തവരെ ശിക്ഷിക്കുവാനെന്നല്ല, കണ്ടെത്തുവാൻ പോലും സർക്കാരിനുകഴിഞ്ഞിട്ടില്ല എന്നത് പ്രത്യേകം പ്രസ്താവിക്കേണ്ടതാണ്.

പാകിസ്ഥാൻ ഒരു ഇസ്ലാം മതമൗലികവാദരാജ്യവും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ആശീർവാദത്തോടെയുള്ള ഭീകരപ്രവർത്തകരുടെ പറുദീസയും ആണെങ്കിലും ബംഗ്ലാദേശ് ഒരു മുസ്ലീം ഭൂരിപക്ഷ രാജ്യമാണെങ്കിലും നിർബന്ധപൂർവ്വമോ, സ്വമേധയായോ ഉള്ള ചിലഭിന്നമതവിവാഹങ്ങൾ അല്ലാതെ, കഴിഞ്ഞ 20 വർഷത്തിനുള്ളിൽ എന്ത് വർഗീയലഹളകളും ന്യൂനപക്ഷ കൊലപാതകങ്ങളുമാണ് അവിടെ നടന്നിട്ടുള്ളത് എന്ന് നാം ന്യായമായും ചോദിക്കേണ്ട ചോദ്യമാണ്. 'മതേതര ജനാധിപത്യ' ഇന്ത്യയുമായി താരതമ്യം ചെയ്യുമ്പോൾ ഈ രാജ്യങ്ങളിൽ നടന്നിട്ടുള്ള വർഗീയലഹളകളും ന്യൂനപക്ഷ പീഡനങ്ങളും കുറവാണെന്നുള്ളത് സംശയരഹിതമായ കാര്യമാണ്. നമ്മുടെ ഭരണാധികാരികൾക്ക് ഇതൊരു നാണക്കേടാണ്. നമ്മുടെ ഭരണാധികാരികൾ നമ്മളെ എങ്ങോട്ടാണ് നയിക്കുന്നതെന്ന് ചിന്തിക്കുവാൻ മതേതര-ജനാധിപത്യ വിശ്വാസികളായ നമ്മുടെ നാട്ടിലെ ജനങ്ങളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

(11-ാം പേജിൽ നിന്ന്)

## വിജ്ഞാന ശാസ്ത്രം......

ഭാഗം തന്നെയാണ്. നമ്മൾ പല ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കുന്നു, സമരം നടത്തുന്നു, ജനങ്ങൾക്കിടയിൽ പ്രചാരണം നടത്തുന്നു, അവരോട് കാര്യങ്ങൾ വിശദീകരിക്കുന്നു, അവരെ വിഷയങ്ങൾ പഠിപ്പിക്കാൻ ശ്രമിക്കുന്നു. ഈ ലക്ഷ്യത്തോടെ നമ്മൾ സ്വയം തയ്യാറെടുക്കുകയാണ്, സ്വയം പഠിപ്പിക്കുകകൂടിയാണ്. നമ്മുടെ പഠനങ്ങൾക്ക് കൃത്യമായ ഉദ്ദേശലക്ഷ്യങ്ങളുണ്ട്. ഈ സമരത്തിലൂടെയാണ് നമ്മുടെ അനുഭവങ്ങളും വിശ്വാസവും ബോധ്യവുമൊക്കെ വളരുന്നത്. ഈ ലക്ഷ്യത്തോടെ നമ്മുടെ ചിന്തകളെ ഏകോപിപ്പിക്കുകയും ഉദ്ഗ്രഥിക്കുകയും ഒരു ചിട്ട പാലിക്കുകയുംവേണം. അല്ലാത്തപക്ഷം ചിന്ത കുഴഞ്ഞുമറിയുകയും ചിത്തഭ്രമം പിടിപെടുകയും ചെയ്തേക്കാം. അതുകൊണ്ടാണ് ചിന്താപ്രക്രിയയ്ക്ക് നമ്മൾ വലിയ പ്രാധാന്യം കല്പിക്കുന്നത്.

ഇവിടെ ഒരു കാര്യംകൂടി മനസ്സിലാക്കണം. വിപ്ലവം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? അതൊരു പ്രത്യേക പരിപാടിയാണോ? അല്ല. വിപ്ലവമെന്നത് സാമൂഹ്യവികാസപ്രക്രിയയിൽ പക്ഷവും വിരുദ്ധപക്ഷവും തമ്മിലുള്ള, പ്രവാഹവും പ്രതിപ്രവാഹവും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെ വിജയകരമായ പരിസമാപ്തിയാണ്. യുഗങ്ങളായി വിപ്ലവങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അത് തുടരുകയും ചെയ്യും. അതുകൊണ്ടുതന്നെ വിപ്ലവം എന്നത് ഒ




രു നിരന്തര പരിശ്രമമാണ്, പോരാട്ടമാണ്. ഈ പോരാട്ടം ശമനമില്ലാത്തതാണ്, അനന്തമാണ്. ഇത് സമരത്തിന്റെ ഒരു ഉയർന്ന രൂപമാണ്. ഇന്നത്തെ സമരം അങ്ങേയറ്റം കഠിനമാണെന്ന് നിങ്ങൾക്ക് തോന്നാം. എന്നാൽ, വിപ്ലവാനന്തരം അത് സംരക്ഷിക്കാനും ദൃഢീകരിക്കാനുമുള്ള സമരം കൂടുതൽ കഠിനമാണെന്ന സത്യം മഹാന്മാരായ കമ്മ്യൂണിസ്റ്റ് ആചാര്യന്മാർ നമുക്ക് കാണിച്ചുതന്നിട്ടുണ്ട്. വിപ്ലവപൂർവ്വ സമരത്തിൽ വിഹ്വലതകളും വേദനയും യാതനകളുമുണ്ടെങ്കിലും, ഒരർത്ഥത്തിൽ ഈ സമരം കുറച്ചുകൂടി എളുപ്പമാണ്. വിപ്ലവാനന്തര സാഹചര്യം ജീവിതത്തിൽ സ്വസ്ഥതയും സൗകര്യങ്ങളുമൊക്കെ പ്രദാനം ചെയ്യും. വിഹ്വലതകൾക്ക് കാരണം കുറവായിരിക്കും. ഭരണകൂടം അവിടെ ശത്രുവല്ല. അദൃശ്യനായ ശത്രുവിനെതിരെയാണ് അവിടെ പൊരുതേണ്ടിവരിക. സോഷ്യലിസ്റ്റ് ഭരണകൂടം സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക, അന്തർദ്ദേശീയ നയങ്ങളിൽ അണുവിടപോലും വ്യതിചലിക്കുന്നില്ല എന്നുറപ്പാക്കുവാൻ തികഞ്ഞ ജാഗ്രത പുലർത്തേണ്ടതുണ്ട്. അല്പംപോലും വ്യതിചലിക്കാതെ അതെല്ലാം സംരക്ഷിക്കണം. അതായത്, സോഷ്യലിസം സ്ഥാപിതമായിക്കഴിഞ്ഞാൽ തികച്ചും നൂതനമായ ഒരു സമരത്തിലേയ്ക്ക് പ്രവേശിക്കുകയായി. വിപ്ലവത്തിനുമുമ്പുതന്നെ ആരംഭിച്ച ഈ സാംസ്കാരിക വിപ്ലവം തുടർന്നുകൊണ്ടുപോകുക അത്ര എളുപ്പമാണോ? വിപ്ലവത്തിനു മുമ്പ് രാഷ്ട്രീയമായ സമരം മാത്രമല്ല സാംസ്കാരിക രംഗത്തും സമരം നടത്തേണ്ടതുണ്ട്. വിപ്ലവത്തിനുമുമ്പ് സാംസ്കാരിക വിപ്ലവം അനിവാര്യമാണെന്നതുപോലെ വിപ്ലവത്തെ സംരക്ഷിക്കുവാൻ സാംസ്കാരിക മേഖലയിൽ തീവ്രമായ പ്രത്യയശാസ്ത്ര സമരങ്ങൾ നടത്തേണ്ടതുണ്ട്. ഇത് മാർക്സിസത്തിന്റെ അടിസ്ഥാന പാഠങ്ങളിലൊന്നാണ്. അതുകൊണ്ടാണ് റഷ്യൻ വിപ്ലവത്തിനുമുമ്പ് മാക്ക്, ടോൾസ്റ്റോയ് എന്നിവർക്കെതിരെ മാത്രമല്ല പ്ലഖനോവിനെതിരെപോലും ലെനിന് ആശയസമരം നടത്തേണ്ടിവന്നത്. സമ്പദ്ഘടനയെക്കുറിച്ച് പ്രബന്ധങ്ങൾ രചിച്ചുകൊണ്ടുമാത്രമല്ല അദ്ദേഹം ഈ കർത്തവ്യം നിറവേറ്റിയത്. വിപ്ലവം ഒരു സാമ്പത്തിക സമരം മാത്രമായിരുന്നെങ്കിൽ നമ്മൾ ഇത്രയും കാര്യങ്ങൾ ഇവ്വിധം വിശദമായി ചർച്ച ചെയ്യേണ്ടതില്ലായിരുന്നു. തത്വചിന്താപരമായ ചർച്ചകൾ ഒഴിവാക്കാമായിരുന്നു.

### വിപ്ലവത്തോടുള്ള കൂറ് അജയ്യമായ കരുത്തുള്ളത്

ഒരു വിഷയംകൂടി ചർച്ച ചെയ്തുകൊണ്ട് അവസാനിപ്പിക്കാം. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് മുന്നേറ്റത്തിന്റെ യഥാർത്ഥ മുന്നണിപ്പടയായി എസ്‌യുസിഐ ഉയർന്നുവന്നിരിക്കുന്നു. എന്നാൽ ഒരു കാര്യം ശ്രദ്ധിക്കണം. ആർക്കുവേണ്ടിയാണോ നമ്മൾ പൊരുതുന്നത് അവരിൽ ചിലർ നമ്മളെ പരിഹസിക്കുകയും ആക്രമിക്കുകപോലും ചെയ്തേക്കാം. ഇത്തരം സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ നമ്മൾ സജ്ജരായിരിക്കണം. നമ്മുടെ ലക്ഷ്യം മനസ്സിലാക്കാതെ, തെറ്റിദ്ധാരണ മൂലമാണ് ജനങ്ങളുടെ ഭാഗത്തുനിന്ന് ചിലപ്പോൾ ഇത്തരം നടപടികളുണ്ടാകുന്നത്. ലോകത്തെവിടെയും വിപ്ലവപ്രസ്ഥാനങ്ങൾക്ക് തുടക്കത്തിൽ ഇത്തരം കാര്യങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ടെന്ന് ലോകചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ഇതിൽ വിഷമിക്കേണ്ട കാര്യമില്ല. ഒരുപാട് പ്രതിബന്ധങ്ങൾ കാത്തിരിക്കുന്നു എന്ന് മനസ്സിലാക്കിത്തന്നെയാണ് നമ്മൾ ഈപ്രസ്ഥാനത്തിൽ ചേർന്നത്. വിപ്ലവപ്രവർത്തനം നടത്താൻ ഒരുപാട് കരുത്ത് ആവശ്യമുണ്ട്. അറിവിന്റെ, വിട്ടുവീഴ്ചയില്ലാത്ത പ്രയോഗത്തിന്റെ, വിപ്ലവത്തിലുള്ള ഉറച്ച ബോദ്ധ്യത്തിന്റെ, വിപ്ലവത്തോടുള്ള കൂറിന്റെ, ഉന്നതമായ സദാചാര-നൈതിക ധാരണകളിൽ അടിയുറച്ചുകൊണ്ട് ഉയർന്ന നിലവാരത്തിലേയ്ക്ക് നമ്മെത്തന്നെ ഉയർത്തുന്ന സമരത്തിന്റെ കരുത്താണിത്. ഇത് സ്വന്തം മോചനത്തിനുള്ള സമരമല്ല. മുഴുവൻ ജനങ്ങളെയും മോചിപ്പിക്കുന്നതിലൂടെ സ്വന്തം മോചനവും ഉറപ്പാക്കുന്ന സമരമാണ്. ഈ സമരത്തിൽ കൂടുതലുയർന്ന ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാനും യഥാർത്ഥ, ഉത്തമരായ കമ്മ്യൂണിസ്റ്റുകളായിത്തീരാനുള്ള അക്ഷീണ പ്രയത്നത്തിൽ മുഴുകുവാനും ഓരോരുത്തരോടും അഭ്യർത്ഥിച്ചുകൊണ്ട് ഈ സ്കൂൾ ഓഫ് പൊളിറ്റിക്സ് ഉപസംഹരിക്കുകയാണ്. ■

അവസാനിച്ചു

# ജനങ്ങളുടെ പ്രശ്നങ്ങളിൽനിന്ന് തന്ത്രപൂർവ്വം ഒഴിഞ്ഞുമാറുന്ന കേന്ദ്രബജറ്റ്

**രാജ്യത്തിന്റെ സമ്പദ്‌രംഗം പ്രതിസന്ധിയുടെ ചതുപ്പിലാണ്ടിരിക്കുകയാണ്. സർവ്വാംഗീണമായ പ്രതിസന്ധിയിലാഴ്ന്നിരിക്കുന്ന മുതലാളിത്തത്തിൽ ഇതേതരമുള്ളൂ. ദയാരഹിതമായ അടിച്ചമർത്തലും ക്രൂരതയും മനുഷ്യത്വവിരുദ്ധതയും മുഖമുദ്രയാക്കിയ മുതലാളിത്തത്തിന്, ദുരിതത്തിലാണ്ട് കിടക്കുന്ന ജനതയ്ക്ക് നൽകാൻ, അതിന്റെ പ്രതിസന്ധിയുടെ ഭാരമല്ലാതെ മറ്റെന്താണുള്ളത്? ഈ വ്യവസ്ഥയുടെ കുഴലൂത്തുകാരെല്ലാം, സാമ്പത്തികരംഗത്തെ പ്രതിസന്ധി 'ആഴത്തിലുള്ളതോ ഘടനാപരമായതോ' അല്ലെന്നും കേവലം 'ചാക്രികമായ ഒരു മെല്ലെപ്പോക്കു' മാത്രമാണെന്നും സ്ഥാപിക്കാൻ കിണഞ്ഞു പരിശ്രമിക്കുകയാണ്.**



**ചി**ല മിനുക്കുപണികളും സർക്കാരിന്റെ കർശനമായ സാമ്പത്തിക നിയന്ത്രണവും വഴി എല്ലാം ശരിയായി വരുമെന്ന വ്യാമോഹമാണവർ പരത്താൻ ശ്രമിക്കുന്നത്. വാർഷിക ബജറ്റ്അവതരണം എന്ന അനുഷ്ഠാനം ഈ വ്യാമോഹം പടർത്താനുള്ള അവസരമാണ്. കേന്ദ്ര ധനമന്ത്രി അവതരിപ്പിച്ച ഒടുവിലത്തെ ബജറ്റും ഇതേ വഴിയിലുള്ളതു തന്നെ. ബിജെപി സർക്കാർ മുതലാളിമാർക്ക് ആനുകൂല്യങ്ങൾ വാരിക്കോരിക്കൊടുത്തിട്ടും ജി.ഡി.പി. വളർച്ചാനിരക്ക് ഏറ്റവും താഴ്ന്ന നിലയിലും തൊഴിലില്ലായ്മ കഴിഞ്ഞ നാലുപതിറ്റാണ്ടിലെ ഏറ്റവുമുയർന്ന തോതിലുമായി എന്നതാണ് ഈ ജനുവരി 31 ന് പുറത്തു വന്ന വിവരം.

'സിന്ധു സരസ്വതി' നാഗരികതയിൽ രാജ്യത്തിനുണ്ടായ അഭിവൃദ്ധിയെക്കുറിച്ചൊക്കെയുള്ള പൊങ്ങച്ചമടങ്ങിയ ബജറ്റ് പ്രഭാഷണം ജനജീവിതത്തിലെ നീറുന്നപ്രശ്നങ്ങളൊന്നും സ്പർശിക്കാത്ത വാചകക്കസർത്തു മാത്രമായിരുന്നു. അദ്ധ്വാനിക്കുന്ന ജനങ്ങൾ മല്ലിട്ടു കൊണ്ടിരിക്കുന്നത് എന്തു പ്രശ്നങ്ങളുമായാണ്? തീർച്ചയായും അത് ആസ്ഥാന പണ്ഡിതർ എടുത്തു പ്രയോഗിക്കുന്ന സാമ്പത്തിക സൂചകങ്ങളൊന്നുമല്ല. അവശ്യസാധനങ്ങളുടെ വില കുറയുന്നുണ്ടോ, കരിഞ്ചന്തയും ഊഹക്കച്ചവടവും നിയന്ത്രണ വിധേയമാക്കുന്നുണ്ടോ, എവ്വിധവും നാൾ കഴിക്കാനുള്ള ജീവനോപാധികൾ ഉണ്ടാകുന്നുണ്ടോ, കുതിച്ചുയരുന്ന തൊഴിലില്ലായ്മയ്ക്കറുതി വരുത്താൻ നടപടിയെന്തെങ്കിലുമുണ്ടോ കർഷകരുടെ ഉല്പന്നങ്ങൾക്ക് നൂലാമാലകളില്ലാതെ ന്യായവില ലഭിക്കാൻ സംവിധാനമുണ്ടോ, ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം തുടങ്ങിയ പൊതുസംവിധാനങ്ങൾ നിലനിൽക്കുമോ എന്നതൊക്കെയാണ് ജനങ്ങൾ ഉറ്റുനോക്കുന്ന പ്രശ്നങ്ങൾ. ഈ ബജറ്റിൽ ഇവയൊന്നും വിഷയമായിട്ടില്ലെന്നുമാത്രമല്ല വൻകിടക്കാർക്കു വേണ്ടി സാധാരണക്കാരെ കൂടുതൽ പിഴിയാനുള്ള മാർഗ്ഗങ്ങളിൽ മാത്രമാണ് സർക്കാർ താല്പര്യം കാണിച്ചിട്ടുള്ളത്. സർക്കാരുകൾ ബി.ജെ.പി.യുടേതായാലും കോൺഗ്രസ്സിന്റേതായാലും അധികാരത്തിലിരിക്കുന്ന മുതലാളി വർഗ്ഗത്തിന്റെ വിശ്വസ്ത രാഷ്ട്രീയ കാര്യകർത്താക്കൾ മാത്രമാണെന്ന വസ്തുതയാണ് ഇതിലൂടെ സ്ഥാപിക്കപ്പെടുന്നത്.

### ചോദനയിലെ ഇടിവും മൂലധന നിക്ഷേപത്തിലെ മുരടിപ്പും ഗ്രസിച്ച സാമ്പത്തിക രംഗത്തെ രക്ഷിച്ചെടുക്കാനുള്ള നൂതന മാർഗ്ഗങ്ങൾ

ഈ ബജറ്റെന്ന ഹാസ്യചിത്രത്തിലെ ഏതാനും നിർദ്ദേശങ്ങൾ നമുക്കൊന്നു പരിശോധിച്ചുനോക്കാം. സമ്പദ്‌വ്യവസ്ഥ പ്രതിസന്ധിയിലായതെന്തുകൊണ്ടാണ്? ചോദന അഥവാ ഡിമാന്റ് ഇല്ല എന്നതാണ് കാരണം. എന്തുകൊണ്ട് ചോദനയില്ല? കാരണം, കമ്പോളത്തിൽ നിന്നു സാധനങ്ങൾ വാങ്ങാൻ ജനങ്ങളുടെ കൈയിൽപണമില്ല. അതാകട്ടെ, ജനങ്ങൾക്കു പണിയില്ലാത്തതുകൊണ്ടും കാർഷികോല്പന്നങ്ങൾക്ക് വില കിട്ടാത്തതുകൊണ്ടുമാണ്. ജോലിയുള്ളവരുടെ വരുമാനമാകട്ടെ, നാൾകഴിയുന്തോറും ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ പൂർത്തികരിക്കാൻ തികയാതെ വരുന്നു. വിരലിലെണ്ണാവുന്ന വൻകിടക്കാരെ അപേക്ഷിച്ച് പാവങ്ങളായ ജനകോടികൾക്ക് തങ്ങളുടെ വരുമാനത്തിന്റെ ഏറിയ പങ്കും ചെലവഴിക്കേണ്ടി വരുന്നു. അവരുടെ ക്രയശേഷിയിലെ കുറവ് മൊത്തം ചോദനയിൽ വലിയ ഇടിവുണ്ടാക്കും. ഇതു മുതലാളിത്തത്തിൽ കമ്പോള പ്രതിസന്ധി സൃഷ്ടിക്കും. ചോദനയില്ലാത്തതിനാൽ ചരക്കുകെട്ടിക്കിടക്കുകയും ഉല്പാദനോപാധികളുടെ ഉടമസ്ഥരായ മുതലാളിമാർ ഉല്പാദനം നിർത്തുകയോ കുറയ്ക്കുകയോ ചെയ്യും. അത് കമ്പോളത്തിന്റെ ഇടിവിലേക്കും മാന്ദ്യത്തിലേക്കും നയിക്കുകയും ചെയ്യും.

ആകമാന ചോദനയെ ഉജ്ജീവിപ്പിക്കാനെന്താണു ചെയ്യേണ്ടത്? തീർച്ചയായും ജനങ്ങളുടെ വരുമാനവും അതുവഴി ക്രയശേഷിയും വർദ്ധിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളണം. പുതിയ വ്യവസായങ്ങളും സംരംഭങ്ങളും ആരംഭിച്ചുകൊണ്ടേ ഇതു സാദ്ധ്യമാകൂ. എന്നാൽ ഏതാണ്ട് 6.8 ലക്ഷം വ്യവസായ സ്ഥാപനങ്ങൾ ഉടമകൾ തന്നെ അടച്ചുപൂട്ടിയിരിക്കുകയാണ്. എന്തെങ്കിലും തൊഴിൽ പ്രശ്നമല്ല മറിച്ച് കമ്പോള മാന്ദ്യമാണിതിനു കാരണം. എട്ടു സുപ്രധാന ഉല്പാദന മേഖലകളിലെ (എണ്ണ, കൽക്കരി, പ്രകൃതിവാതകം, റിഫൈനറി ഉല്പന്നങ്ങൾ, വളം, ഉരുക്ക്, സിമന്റ്, വൈദ്യുതി) തളർച്ച തുടരുകയാണ്. സ്വകാര്യ ഉല്പാദകരാകട്ടെ പരമാവധി ലാഭം നേടാൻ തൊഴിൽശേഷിയെ കുറച്ചു കൊണ്ടുള്ള യന്ത്രവൽക്കൃത ഉല്പാദനമാണു സ്വീകരിക്കുന്നത്. എന്നാൽ സർക്കാരെന്താണു ചെയ്യുന്നത്? കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുകയും, ധൂർത്തും കെടുകാര്യസ്ഥതയും മൂലം നഷ്ടത്തിലായ പൊതുമേഖലാസ്ഥാപനങ്ങളെ ഉദ്ധരിക്കുന്നതിനും പകരം, സ്വതന്ത്ര ഇന്ത്യയിൽ ജനകീയാവശ്യകതയ്ക്കനുസരിച്ചു തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി സ്വകാര്യ കുത്തകകൾക്കു വെള്ളിത്തളികയിലെന്നവണ്ണം സമർപ്പിച്ചു കൊണ്ടിരിക്കുകയാണ്. ലാഭകരമായി പ്രവർത്തിക്കുന്ന എൽഐസി, ഐഡിബിഐ, ബിപിസിഎ., റെയിൽവേ തുടങ്ങിയവയൊക്കെ ഇതിൽപ്പെടുന്നു. ബിഎസ്എൻഎല്ലിനെ അവഗണിച്ചു രോഗശയ്യയിലാക്കി ടെലികോം മേഖലയെ ഒരു കുത്തകയ്ക്കു തീറെഴുതുന്ന തരത്തിലുള്ള നടപടികളും സർക്കാർ കൈക്കൊള്ളുന്നു. അതുപോലെ തന്നെ ലക്ഷക്കണക്കിനാളുകൾ ജോലി ചെയ്യുന്ന, രാജ്യത്തെ ഗതാഗത സംവിധാനത്തിന്റെ ജീവനാഡിയായ ഇന്ത്യൻ റെയിൽവേയെ സ്വകാര്യ നടത്തിപ്പുകാർക്കു കൈമാറുകയാണ്. അവർ യാത്രാക്കൂലി കൂട്ടുകയും പരമാവധി ലാഭം കൊയ്യാൻ തൊഴിലാളികളുടെ എണ്ണം വെട്ടിച്ചുരുക്കുകയും ചെയ്യുമെന്നതുറപ്പാണ്. ദശലക്ഷക്കണക്കിനു തൊഴിലാളികളുടെ പണി തെറിപ്പിച്ചു കൊണ്ടുള്ള നൂതനമായ തൊഴിൽ സൃഷ്ടി!

മുതലാളിത്ത സാമ്പത്തിക പ്രതിസന്ധിയുടെ അടുത്ത സവിശേഷത അത് മൂലധന നിക്ഷേപത്തിൽ ദാരിദ്ര്യമനുഭവിക്കുന്നു എന്നതാണ്. ബാങ്ക് പലിശ നിരക്കു കുറച്ചു കൊണ്ടും കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചു കൊണ്ടും നികുതി വെട്ടിപ്പുകളെ വെറുതെ വിട്ടും തൊഴിൽ നിയമങ്ങളെല്ലാം ഭേദഗതി ചെയ്തു ബിസിനസ് തുടങ്ങാനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചും കൊണ്ട് മൂലധന നിക്ഷേപം വർദ്ധിപ്പിക്കാനുള്ള നടപടികൾ തങ്ങളെടുക്കുന്നുണ്ടെന്ന് സർക്കാർ വക്താക്കൾ അവകാശപ്പെടുന്നുണ്ട്. (തൊഴിൽ നിയമ ഭേദഗതിയെന്നാൽ പണിയെടുക്കുന്നവർ പോരാട്ടത്തിലൂടെ നേടിയെടുത്ത അവകാശങ്ങൾ കവർന്നെടുക്കുകയും സ്ഥിരം തൊഴിൽ അവസാനിപ്പിച്ച് തുച്ഛവേതനത്തിനു കരാർ തൊഴിൽ വ്യാപകമാക്കുകയും ഫാക്ടറി അടച്ചുപൂട്ടാനും തൊഴിലാളികളെ പിരിച്ചു വിടാനും കൂലി നിശ്ചയിക്കാനും മുതലാളിമാർക്കു സകല അവകാശവും കൊടുക്കുമ്പോൾത്തന്നെ കൂട്ടായി വിലപേശാനുള്ള അവകാശം തൊഴിലാളികൾക്കു നിഷേധിക്കുകയും ചെയ്യുക എന്നാണർത്ഥം) എന്നിട്ടും എത്ര നിക്ഷേപം വന്നു? ബാങ്കു പലിശ കുറയ്ക്കുന്നതുവഴി മുതിർന്ന പൗരന്മാരുൾപ്പടെയുള്ള നിക്ഷേപകരുടെ വരുമാനം കുറച്ചുവെന്നതല്ലാതെ ഫലപ്രദമായ നിക്ഷേപത്തെ സഹായിച്ചിട്ടില്ല. മാത്രമല്ല നിക്ഷേപത്തിലെ വർദ്ധനയോ ജി.ഡി.പി. വളർച്ചയോ ഒന്നും വരുമാനമുണ്ടാക്കുന്ന തൊഴിൽ സൃഷ്ടിക്കുന്നില്ല. 'തൊഴിൽ രഹിത വളർച്ച്' എന്നതാണ് മുതലാളിത്ത പദാവലിയിലെ പുതിയ ആപ്തവാക്യം തന്നെ. ആധുനിക സാങ്കേതിക വിദ്യകളും റോബോട്ടുകളുമെല്ലാം ചേർന്ന് മനുഷ്യാദ്ധ്വാനത്തെ പരമാവധി ഒഴിവാക്കുകയാണ് ഇപ്പോൾ.

### ജിഡിപി വളർച്ചയെക്കുറിച്ച് തുടരുന്ന ശബ്ദഘോഷം

ജിഡിപി വളർച്ച സാമ്പത്തിക വളർച്ചയെ സൂചിപ്പിക്കുന്നില്ല എന്നു പലകുറി ഞങ്ങൾ വിശദീകരിച്ചിട്ടുണ്ട്. സമ്പത്തിന്റെ വിതരണത്തെ അതു പ്രതിഫലിപ്പിക്കുന്നില്ല. സമ്പത്തിന്റെ വിതരണത്തിൽ ഇന്ത്യയിലുള്ള അതി ഭീമമായ അസമത്വം ആർക്കാണറിയാത്തത്? രാജ്യത്തെ 1% വരുന്ന അതിസമ്പന്നർ ജനസംഖ്യയുടെ 70% ത്തോളം വരുന്ന സാധാരണക്കാരുടേതിനേക്കാൾ നാലുമടങ്ങു സമ്പത്ത് കയ്യടക്കിവച്ചിട്ടുണ്ട്. ഇന്ത്യയിലെ 63 ശതകോടീശ്വരന്മാരുടെ സമ്പത്ത് (24.42 ലക്ഷം കോടി രൂപ) 2018–19 സാമ്പത്തിക വർഷത്തെ യൂണിയൻ ബജറ്റു തുകയേക്കാൾ കൂടുതലാണ്. മുകേഷ് അംബാനിയുടെ സ്വത്ത് 2019–ൽ മാത്രം 1.19 ലക്ഷം കോടി രൂപ വർദ്ധിച്ച് 4.20 ലക്ഷം കോടി രൂപ കടന്നിരിക്കുന്നു. മറുഭാഗത്ത് വികസ്വര രാഷ്ട്രങ്ങൾക്കായി അംഗീകരിക്കപ്പെട്ട, പ്രതിദിനം 140 രൂപ വരുമാനം എന്ന ദാരിദ്ര്യരേഖയ്ക്കു താഴെയാണ് 80% ഗ്രാമീണരും 70% നഗരവാസികളും. 60% കുടുംബങ്ങളുടേയും മാസവരുമാനം 5000 രൂപയിൽ താഴെയാണ്. 90% വ്യവസായങ്ങളിലും 7–ാം ശമ്പളക്കമ്മീഷൻ നിർണ്ണയിച്ച കുറഞ്ഞ കൂലിയിലും താഴെയാണു വേതനം. 2400 കലോറി ഊർജ്ജം നേടാൻ ആവശ്യമായ 375 രൂപ പ്രതിദിന വരുമാനം ആക്കണമെന്ന് തൊഴിൽ മന്ത്രാലയത്തിന്റെ ഒരു സമിതി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ബി.ജെ.പി. ഗവണ്മെന്റ് കൊണ്ടുവന്ന വേജ് കോഡ് ബില്ലിൽ 178 രൂപയാണ് കുറഞ്ഞവേതനമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. 80 ശതമാനത്തിലധികം തൊഴിലാളികളും സ്ഥിര വരുമാനമോ സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങളോ ഇല്ലാതെ പണിയെടുക്കുന്നു. കമ്പോളത്തിലെ ചോദനയിലെ കുറവിന്റെ പ്രാഥമിക കാരണം സാധാരണക്കാരുടെ ഈ വേതനക്കുറവും സമ്പത്തിന്റെ വിതരണത്തിലെ അസമത്വവുമാണ്. ഭാവിയിൽ അതിനിയും രൂക്ഷമാകുമെന്നാണ് സൂചന. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള ഈ വിടവ് അമ്പരപ്പിക്കുന്ന രീതിയിൽ ഇങ്ങനെ വലുതായാൽ കമ്പോളം എങ്ങനെ വികസിക്കാനാണ്?

രണ്ടാമതായി, കണക്കുകൂട്ടലിൽ തിരുത്തലും കൈക്രിയയും നടത്തി ജിഡിപി വളർച്ചാനിരക്ക് 4.7% ത്തിൽ നിന്ന് 6.9% എത്തുമെന്നൊക്കെ അവകാശപ്പെട്ടെങ്കിലും അത് 4.5% ശതമാനത്തിലേയ്ക്ക് ചുരുങ്ങിയിരിക്കുകയാണ്. ബജറ്റിനുമുമ്പുള്ള സാമ്പത്തികസർവ്വേയിൽ, 2020–21–ൽ ഇത് 7% ആ

(ശേഷം 14–ാം പേജിൽ)

# സാമൂഹ്യക്ഷേമ മേഖലകൾ അവഗണിക്കപ്പെടുന്നു

(13-ാം പേജിൽ നിന്ന്)

കുമെന്നാണ് പറയുന്നത്. എന്നിട്ടും എന്തുകൊണ്ടിതുനേടാൻ ക്ഴിയുന്നില്ല എന്നോ, സമ്പദ്രംഗം കിതയ്ക്കുന്നതെന്തുകൊണ്ടെന്നോ ചോദിച്ചാൽ അവരുടെ സ്ഥിരം ഉത്തരം ആഗോള സാമ്പത്തികമാന്ദ്യം എന്നതാണ്. സംശയമുന്നയിക്കുന്നവരോട്, എല്ലാ സൂചകങ്ങളും പോസിറ്റീവ് ആണ് എന്ന മറുപടി മാത്രമാണ് ധനമന്ത്രിയുൾപ്പടെയുള്ളവർക്കു പറയാനുള്ളത്. യഥാർത്ഥ ജിഡിപി വളർച്ചാ നിരക്കിനുപകരം നാമമാത്ര ജിഡിപിയുടെ നിരക്കാണ് ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ ഉപയോഗിച്ചതും 10% ആകുമെന്നു പറഞ്ഞതും. യഥാർത്ഥ ജിഡിപി വളർച്ചാനിരക്ക്, ഉല്പന്നങ്ങളുടേയും സേവനങ്ങളുടേയും പണമൂല്യം എന്ന തരത്തിൽ കണക്കാക്കുമ്പോൾ നാമമാത്ര ജിഡിപി ഉല്പന്നങ്ങളുടേയും സേവനങ്ങളുടേയും ഇപ്പോഴത്തെ വിലയാണ് (സാമ്പത്തിക ഉൽപാദനം എന്നർത്ഥം) കണക്കുകൂട്ടലിൽ ഉൾപ്പെടുത്തുന്നത്. വ്യത്യസ്ത കാലഘട്ടങ്ങളെ താരതമ്യം ചെയ്യുമ്പോൾ ഉയരുന്ന വിലയുടെ വേഗതയെ അത് ഒഴിവാക്കുന്നു എന്നതിനാൽ ഊതിവീർപ്പിച്ച സംഖ്യയാണതിൽ ലഭിക്കുക. നാമമാത്ര ജിഡിപി 10% എന്നു പറയുന്ന ധനമന്ത്രിക്ക് എതിർപ്രവാഹത്തെക്കുറിച്ച് ബോധ്യമുണ്ടാകണം. പക്ഷേ ധനമന്ത്രി പറയുന്ന സൂചകങ്ങൾ എന്തൊക്കെയാണ്? ജിഡിപിയിലെ താഴ്ച്ച, വ്യാവസായിക ഉൽപാദനത്തിലെ ഇടിവ്, ഉൽപാദനപരമായ നിക്ഷേപത്തിന്റെ അഭാവം, ഉയരുന്ന പണപ്പെരുപ്പം (യഥാർത്ഥ വരുമാനത്തിലെ ഇടിവ് എന്നർത്ഥം), കുറഞ്ഞു കൊണ്ടിരിക്കുന്ന വേതനം, ഉപഭോഗത്തിലെ ഇടിവ്, നികുതി വരുമാനത്തിലെ കുറവ്, ഉയരുന്ന കറണ്ട് അക്കൗണ്ട് കമ്മി (കയറ്റുമതിയേക്കാൾ കൂടുതൽ ഇറക്കുമതി എന്നർത്ഥം), കൂടിവരുന്ന ധനക്കമ്മി ഈ പട്ടിക നീണ്ടു നീണ്ടു പോകും. എന്നിട്ടും വളർച്ചയുടെ കെട്ടുകഥയിൽ അഭിരമിക്കുന്ന ധനമന്ത്രി ബൃഹദ് സാമ്പത്തിക സൂചകങ്ങളെല്ലാം അനുകൂലമാണെന്നു വിശ്വസിപ്പിക്കാൻ പണിപ്പെടുകയാണ്. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിൽ സർക്കാരിലേയും പാർട്ടിയിലേയും തലമൂത്തവരുടെയൊപ്പം ധനമന്ത്രി എത്തുന്നില്ല എന്നാരെങ്കിലും പറഞ്ഞുകൊടുക്കേണ്ടിയിരിക്കുന്നു.

### നികുതി രംഗത്തെ ചെപ്പടി വിദ്യകൾ

നികുതിപിരിവിലെ തിരിമറികളെക്കുറിച്ചിനിനോക്കാം. 2020-21 ലെ ബജറ്റ് 24.23 ലക്ഷം കോടി രൂപയുടെ നികുതി വരുമാനമാണ് ലക്ഷ്യമിടുന്നത്.ഇത് 2019-20 ബജറ്റിലെ പ്രതീക്ഷിത നികുതി വരുമാനത്തേക്കാൾ അല്പം കുറവാണ്. എങ്കിലുമിത് ഈ സാമ്പത്തിക വർഷത്തെ പുതുക്കിയ ലക്ഷ്യത്തേക്കാൾ 12% ത്തോളം കൂടുതലാണ്. ഇത് യാഥാർത്ഥ്യബോധത്തോടെയുള്ളതാണോ? പാർലമെന്റിൽ സർക്കാർ തന്നെ സമ്മതിച്ചത് 2019-20 ഏപ്രിൽ- നവംബർ കാലയളവിൽ ജി.എസ്.ടി. വരുമാനത്തിൽ ബജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 40% കുറവുണ്ടായിരിക്കുന്നു എന്നാണ്. കൂടുതൽ വരുമാനമുള്ളവരിൽ നിന്നു കൂടുതൽ നികുതി പിരിക്കണമെന്നതാണ് സാമാന്യബോധം പറയുന്നത്. കൂടുതൽ വരുമാനമുള്ളവരാരാണ്? തീർച്ചയായും അതു കോർപ്പറേറ്റുകൾ ആണ്. കഴിഞ്ഞ ജൂലൈ മാസത്തിൽ അവതരിപ്പിച്ച 2019-ലെ ബജറ്റിൽ കോർപ്പറേറ്റ് നികുതി 33% ത്തിൽ നിന്ന് 22% ആയി കുറച്ചിരിക്കുകയാണ് ധനമന്ത്രി. ഈ വർഷവും അതു തുടരുന്നു. ഒക്ടോബർ 1 നു ശേഷം പ്രവർത്തനം തുടങ്ങിയ ഉൽപ്പന്ന നിർമ്മാണ സംരംഭങ്ങൾക്ക് നികുതി 15% ആയി കുറച്ചു കൊടുത്തിട്ടുണ്ട്. ജൂലൈ 5 നു മുമ്പ് ഷെയറുകൾ തിരികെ വാങ്ങാൻ പ്രഖ്യാപനം നടത്തിയ ലിസ്റ്റ് ചെയ്ത കമ്പനികളുടെ അധിക നികുതി ഒഴിവാക്കിക്കൊടുത്തിരിക്കുന്നു. 25 കോടിരൂപ വരെ വിറ്റുവരവുള്ള സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് ആദ്യ 7 വർഷങ്ങളിൽ തുടർച്ചയായ ഏതെങ്കിലും മൂന്നു വർഷങ്ങളിലെ നികുതി ഒഴിവാക്കിക്കൊടുത്തിരിക്കുന്നു. പ്രത്യേക സാമ്പത്തിക മേഖലകളിലെ സംരംഭങ്ങൾക്കും വൈദ്യുതി ഉൽപാദന-പ്രസരണ-വിതരണമേഖലകളിലെ കമ്പനികൾക്കുമെല്ലാം നികുതിയിളവുകളും മറ്റാനുകൂല്യങ്ങളും ധാരാളം വേറേയുണ്ട്. 2017-18 ൽ ഇത്തരം നികുതിയിളവു വഴിയുള്ള റവന്യൂ നഷ്ടം ഏതാണ്ട് 9.38 ലക്ഷം കോടി രൂപ ആയിരുന്നു. അതും തുടരുകയാണ്. കോർപ്പറേറ്റ് നികുതി 22% ആയി കുറച്ചതുവഴിയുള്ള വരുമാന നഷ്ടം 1.46 ലക്ഷം കോടിയുടേതാണെന്ന് കഴിഞ്ഞ ജൂലൈ മാസത്തിൽ ധനമന്ത്രിവെളിപ്പെടുത്തിയിരുന്നു. സർക്കാർ നികുതിയിളവുകളും ആനുകൂല്യങ്ങളും വാരിക്കോരിക്കൊടുക്കുന്നതിനൊപ്പം നികുതിഅടവിൽ വീഴ്ച്ച വരുത്തുന്നവരേയും വെട്ടിപ്പുകാരേയും യാതൊരു നടപടിയും കൂടാതെ വെറുതെ വിടുകയും ചെയ്യുന്നു. വിവിധ അപ്പലേറ്റ് അതോറിട്ടികളിലും മറ്റും കേസ് നടത്തിക്കൊണ്ടിരിക്കുന്നവരുടെപിഴയും പലിശയും എഴുതിത്തള്ളി ഒറ്റത്തവണ തീർപ്പാക്കലുംസർക്കാർ പ്രഖ്യാപിച്ചിരിക്കുന്നു. ഇതെത്ര തുകയുണ്ടാകുമെന്നു ധനമന്ത്രി പറയുന്നില്ലെങ്കിലും വിശ്വസനീയ കേന്ദ്രങ്ങളിൽ നിന്നറിയുന്നത് 8 ലക്ഷം കോടി രൂപയ്ക്കു മേൽ വരുമെന്നാണ്. 2019 -20 ലെ ബജറ്റ് കമ്മിതന്നെ ഏകദേശം ഇത്രത്തോളമാണ്. പ്രധാനമായും കോർപ്പറേറ്റുഭീമന്മാർ വായ്പയെടുത്തു തിരിച്ചടക്കാത്തവകയിൽ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി 14 ലക്ഷം കോടി രൂപയ്ക്കടുത്താണ്. എന്നിട്ടും വീണ്ടും വായ്പ കൊടുക്കാൻ പൊതുമുതലിൽ നിന്ന് ബാങ്കുകൾക്ക് സർക്കാർ പണമനുവദിക്കുന്നു.

### ഈ റവന്യൂ നഷ്ടം എങ്ങനെയാണു സർക്കാർ പരിഹരിക്കുന്നത്?

തീർച്ചയായും പാപ്പരായ ജനകോടികളുടെ മേൽ കൂടുതൽ പ്രത്യക്ഷനികുതിയുടെ ഭാരം അടിച്ചേല്പിച്ചു കൊണ്ടു തന്നെ. റിസർവ്ബാങ്കിന്റെ കരുതൽ ധനത്തിൽ നിന്ന് സർക്കാർ 1.76 ലക്ഷം കോടി രൂപബലം പ്രയോഗിച്ചെന്നവണ്ണം കൈക്കലാക്കിയതെങ്ങനെയെന്നു നമ്മൾ കണ്ടതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ കുത്തകഗ്രൂപ്പുകൾക്കു വിറ്റ് 2.1 ലക്ഷം കോടി രൂപ സമാഹരിക്കാനും സർക്കാർ ലക്ഷ്യമിടുന്നു. കഴിഞ്ഞ ഡിസംബർ 10 ന് പാർലമെന്റിൽ സമർപ്പിച്ച റിപ്പോർട്ടിൽ കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ തന്നെ പറയുന്നത് പൊതുമേഖലാ ഓഹരി വിറ്റഴിക്കലിന്റെ ലക്ഷ്യം തന്നെ നേടിയിട്ടില്ല എന്നാണ്. മറുഭാഗത്ത് , കുറഞ്ഞ വരുമാനമുള്ള വ്യക്തിഗത നികുതിദായകർക്ക് പുതിയ ഒരു നികുതി സ്ലാബു കൂടി ഏർപ്പെടുത്തുകയും അതേസമയം തന്നെ നിക്ഷേപങ്ങൾ വഴി ലഭിച്ചിരുന്ന നികുതിയിളവുകൾ എടുത്തു കളയുകയും ചെയ്തതിന്റെ വങ്കത്തരം എല്ലാവർക്കും മനസ്സിലാകുകയും ചെയ്തിട്ടുണ്ട്.

### കൃഷിയും കൃഷിക്കാരും- മരിച്ചവരെ വീണ്ടുംകൊല്ലുന്നു

ആരോഗ്യപരിരക്ഷ, വിദ്യാഭ്യാസം തുടങ്ങിയ പൊതുജനക്ഷേമമേഖലകളെപ്പോലെതന്നെ കൃഷിയുടെ കാര്യത്തിലും സർക്കാരിന്റെ മുതലാളിത്ത അനുകൂല മനോഭാവം തന്നെയാണ് കാണാൻ കഴിയുക. സാധാരണക്കാർക്കും പാവങ്ങൾക്കും മധുരം പുരട്ടിയ ചവറുകൾ വിളമ്പുന്ന പതിവ് അനുസരിച്ച് ധനമന്ത്രി ഇത്തവണ അഭിലാഷങ്ങളുടെ ഇന്ത്യ എന്ന ഗണത്തിലാണ് കൃഷിയെ പെടുത്തിയിരിക്കുന്നത്. വ്യക്തമായ പിൻബലം ഒന്നുമില്ലാതെ തന്നെ, കൃഷിയെ വളർച്ചയുടെ പാതയിലേക്ക് നയിക്കും എന്നുപറഞ്ഞുകൊണ്ട് ധനമന്ത്രി ഇത്തവണയും കുറേ നടപടികൾ പ്രഖ്യാപിച്ചിരിക്കുന്നു. തരിശായി കിടക്കുന്ന വലിയ അളവിലുള്ള കൃഷിഭൂമി, നഗരവൽക്കരണത്തിനും വികസനത്തിനുമായി പിടിച്ചെടുത്തഫലഭൂയിഷ്ഠമായ ഭൂമി, ഭക്ഷ്യോൽപാദനത്തിലെ കുറവ്, വിത്ത് വളം, കീടനാശിനി, ഡീസൽ എന്നിവയുടെ വിലക്കയറ്റം,വരൾച്ചയും വെള്ളപ്പൊക്കവും മൂലം ഉണ്ടാകുന്നനാശനഷ്ടങ്ങൾ, ഇവയ്ക്കെല്ലാം പുറമേ ഭരണകക്ഷി നേതാക്കളുടെയും ഗ്രാമമുഖ്യന്മാരുടേയും പഞ്ചായത്ത് അധികാരികളുടെയും പോലീസിന്റേയും ഉദ്യോഗസ്ഥന്മാരുടെയും നേതൃത്വത്തിലുള്ള, സർവത്ര അഴിമതി നിറഞ്ഞ ഉൽപ്പന്ന സംഭരണ സംവിധാനങ്ങൾ, ഇവയിലൂടെയൊക്കെയാണ് ഗ്രാമീണ ഇന്ത്യയുടെ കഷ്ടസ്ഥിതി തെളിഞ്ഞു കാണുന്നത്. ലേബർ ബ്യൂറോയുടെ റിപ്പോർട്ട് പ്രകാരം 2019 ഒക്ടോബറിൽ ഗ്രാമീണ ദരിദ്രരുടെ യഥാർത്ഥ വരുമാനം 4.7 ശതമാനം കുറഞ്ഞിരിക്കുന്നു. കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനെ എക്കണോമിക് സർവ്വേ വിമർശിച്ചിരുന്നു. (യഥാർത്ഥത്തിൽ അതു വൻകിട കർഷകരെ മാത്രമാണ് സഹായിക്കുന്നത്). പക്ഷേ, മണ്ണിന്റേയും ജലദൗർലഭ്യത്തിന്റേയും പ്രശ്നങ്ങൾ, കാലാവസ്ഥ വ്യതിയാനവും ആവർത്തിക്കുന്ന വരൾച്ചയും വെള്ളപ്പൊക്കവും സൃഷ്ടിക്കുന്ന നാശനഷ്ടങ്ങൾ ഇവയൊക്കെ എങ്ങനെ പരിഹരിക്കണമെന്ന യാതൊരു നിർദേശവും അവർക്കില്ല. കർഷകരുടെ പ്രശ്നങ്ങളോട് അനുഭാവം ഉണ്ടായിരുന്നുവെങ്കിൽ ഈ ബജറ്റിൽ അവരുടെ മണ്ണും വെള്ളവും വിത്തും സംരക്ഷിക്കുവാനുള്ള സഹായ പദ്ധതികൾ ഉണ്ടാകുമായിരുന്നു.

ഈ നാട്ടിലെ പാവങ്ങളുടെയും അരികുവൽക്കരിക്കപ്പെട്ടവരുടെയും പ്രശ്നങ്ങൾ ഒന്നുപോലും അഭിസംബോധന ചെയ്യപ്പെട്ടിട്ടില്ല എന്നതാണു വാസ്തവം. 'പി.എം.ഫസൽ ബിമാ യോജന' വഴി ഇൻഷ്വർ ചെയ്യപ്പെട്ട 6.11 കോടി കർഷകർക്ക് തങ്ങളുടെ സർക്കാർ ആശ്വാസം പകർന്നതായി ധനമന്തി പറയുന്നു. അനൗദ്യോഗിക റിപ്പോർട്ടുപ്രകാരം ഈ സംഖ്യ ഇതിലും താഴെയാണ്. ഇൻഷ്വർ ചെയ്യുന്നവർ നേരത്തെ പൊതുമുതലിന്റെ 12 ശതമാനത്തിൽ താഴെ കൈവശം വെക്കുകയും ബാക്കി കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തിരുന്നു. ഇപ്പോഴാകട്ടെ അവർ 44 ശതമാനം കൈവശം വെയ്ക്കുകയാണ്. കർഷകർ ആകട്ടെ സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് പ്രശ്നപരിഹാരത്തിനായി നെട്ടോട്ടമോടുകയാണ്. ദുരിതമനുഭവിക്കുന്ന കർഷകർക്ക് ആശ്വാസം നൽകുകയാണോ അതോ കോർപ്പറേറ്റ് ഇൻഷ്വുറൻസ് കമ്പനികൾക്ക് പൊതുധനം കൈമാറ്റം ചെയ്യുകയാണോ എന്ന ചോദ്യം ന്യായമായി ഉന്നയിക്കപ്പെടുന്നുണ്ട്. എല്ലാ ചെറുകിട കർഷകർക്കും 6000 രൂപ വീതം പ്രതിവർഷം നൽകുമെന്ന് പ്രഖ്യാപിക്കപ്പെട്ട പി.എം.കിസാൻ പദ്ധതിയിലേക്കുള്ള വകയിരുത്തൽ 75,000 കോടി രൂപയിൽ നിന്നു മാറ്റമില്ലാതെ നിലനിർത്തിയിരിക്കുകയാണ്. അഭിലാഷങ്ങളുടെ ഇന്ത്യ എന്ന ഈ നിർദ്ദേശങ്ങൾ പ്രസക്തമായ ചോദ്യങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുകയും കൊട്ടിഘോഷിക്കപ്പെട്ട വിള ഇൻഷ്വുറൻസ്, തരിശുനിലങ്ങളെ സൗരോർജ പാർക്കുകൾ ആക്കി മാറ്റൽ, കാർഷിക ചരക്കുനീക്കം വ്യോമയാന സംവിധാനം വഴിയാക്കൽ, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി ആവിഷ്ക്കരിക്കൽ, കൃഷി സ്വതന്ത്രവും മത്സരാധിഷ്ഠിതവുമാക്കൽ, കാർഷികമേഖലയെ ധന കമ്പോള മേഖലകളുമായി ഉദ്ഗ്രഥിക്കൽ തുടങ്ങിയവയെ ചുറ്റിത്തിരിയുകയും ചെയ്യുകയാണ്. ഇവയെല്ലാം നിരാലംബരായ കർഷകരെ കൂടുതൽ ചൂഷണം ചെയ്യുന്നതിന് ഗ്രാമീണ കുലാക്കുകൾക്കും എം.എൻ.സി.കൾക്കും അവസരം ഒരുക്കും എന്നതാണ് അനുഭവം. മറുഭാഗത്ത്, കാർഷിക മേഖല ഒന്നാകെ സ്വദേശ-വിദേശ കുത്തകകളുടെ കൊള്ളയ്ക്ക് തുറന്നിടുകയും ചെയ്യുന്നു. വളം സബ്സിഡി, കാർഷികോൽപന്നങ്ങൾ സംഭരിക്കുന്നതിനും പൊതു വിതരണത്തിനുമായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്കു നൽകുന്ന ധനസഹായം ഇവയെല്ലാം സർക്കാർ ഗണ്യമായി വെട്ടിക്കുറച്ചിരിക്കുന്നു.കഴിഞ്ഞവർഷം ബജറ്റ് തുകയുടെ 2.88 ശതമാനത്തിൽ കൂടുതൽ കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് സർക്കാർ ചെലവഴിച്ചിട്ടില്ല. കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിക്കാൻ തീരെ താല്പര്യം കാണിക്കാത്ത സർക്കാർ രാജ്യത്തെ 69 ശതമാനം വരുന്ന കർഷകരുടെ ദുരവസ്ഥയെ പരിഹസിച്ചുകൊണ്ടെന്നവണ്ണം പറയുന്നു, 2022 -ഓടെ കർഷകരുടെ വരുമാനം ഇരട്ടിയാക്കും എന്ന്. കാർഷിക രംഗത്തെ നിയന്ത്രിക്കുന്ന മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെ കണക്കുകളും വിശദീകരണങ്ങളും പ്രകാരം തന്നെ കർഷകരുടെ യഥാർത്ഥ വരുമാനം അടുത്ത മൂന്നു വർഷത്തേക്കെങ്കിലും 15 ശതമാനം വീതം വർദ്ധിപ്പിക്കേണ്ടതുണ്ട്. വീർത്തുവരുന്ന കോർപ്പറേറ്റ് കുടുംബങ്ങ

(ശേഷം 15-ാം പേജിൽ)

# കണക്കുകളിൽ കൃത്രിമം കാണിച്ച് ജനങ്ങളെ വഞ്ചിക്കുന്നു

(14-ാം പേജിൽ നിന്ന്)

ളുടെ ലാഭവും ശോഷിച്ചു വരുന്ന കർഷകരുടെ വരുമാനവും കൂട്ടിച്ചേർത്തു ശരാശരി എടുക്കുന്ന ചെപ്പടിവിദ്യ കൊണ്ടു മാത്രമേ ഇത് നേടിയെടുത്തു എന്നു പറയാനാകൂ. ദിവസം കഴിയുന്തോറും കർഷകരുടെ വരുമാനം കുറഞ്ഞുവരുന്നുവെന്നും കർഷകരുടെ ആത്മഹത്യ നിയന്ത്രണാതീതമായി പെരുകുന്നുവെന്നും കൃഷി ഭൂമിയിൽ നിന്ന് പുറത്താക്കപ്പെട്ട കർഷകർ നഗരങ്ങളിൽ ചേക്കേറി കുടിയേറ്റ തൊഴിലാളികളായും യാചകരായും മാറുന്നു എന്നുമാണ് ലഭ്യമായ വിവരങ്ങൾ സൂചിപ്പിക്കുന്നത്. വിലയില്ലാത്തതു കാരണം കർഷകർ തങ്ങളുടെ ഉൽപ്പന്നങ്ങൾ പൊതുവഴിയിൽ നശിപ്പിച്ചു പ്രതിഷേധിക്കുന്ന കാഴ്ചകൾ നാം കണ്ടുകൊണ്ടിരിക്കുന്നു. ഗ്രാമീണ ഇന്ത്യയുടെ ഉപഭോഗച്ചെലവ് വർദ്ധിപ്പിക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതിക്ക് കൂടുതൽ പണം വകയിരുത്തേണ്ടതിനു പകരം കഴിഞ്ഞ ബജറ്റിൽ 13% വെട്ടിക്കുറവാണ് വരുത്തിയിരിക്കുന്നത്. ഭക്ഷ്യസബ്സിഡിയിലും ഗണ്യമായ കുറവാണ് വരുത്തിയിരിക്കുന്നത്. കർഷകരുടെ വരുമാനം ഇരട്ടിയാക്കും എന്ന വാഗ്ദാനവും ഈ യാഥാർത്ഥ്യങ്ങളും തമ്മിൽ എങ്ങനെ പൊരുത്തപ്പെടും?

### സമ്പത്തിന്റെ സ്രഷ്ടാക്കൾ ആരാണ്?

അപ്പോൾ സർക്കാർ ആരെയാണ് സംരക്ഷിക്കുന്നത്? പണപ്പെരുപ്പം നിയന്ത്രണമില്ലാതെ തുടരുമ്പോഴും വരുമാനംകുറഞ്ഞുകൊണ്ടിരിക്കുന്ന സാധാരണക്കാരെയോ, അതോ കോടിക്കണക്കിന് രൂപയുടെ നികുതി വെട്ടിപ്പ് നടത്തുകയും ബാങ്കുകളിൽനിന്ന് കോടിക്കണക്കിന് കടമെടുത്തു മുങ്ങി വിദേശത്തുപോയി സുഖജീവിതം നയിക്കുകയും ചെയ്യുന്ന അതിസമ്പന്നരെയോ, ഏഴ് ലക്ഷത്തോളം ഫാക്ടറികൾ അടച്ചുപൂട്ടി ദശലക്ഷക്കണക്കിനാളുകളെ തൊഴിലിൽ നിന്നു പുറത്താക്കുകയും കർഷകരെ നാശത്തിന്റെ ഗർത്തത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്ന മനഃസാക്ഷിയില്ലാത്ത കോർപ്പറേറ്റ് ഭീമന്മാരെയോ? പ്രധാനമന്ത്രിയുടെ സ്വാതന്ത്ര്യദിനപ്രസംഗത്തെ അനുസ്മരിച്ചുകൊണ്ട് ധനമന്ത്രി പറഞ്ഞു സമ്പത്ത് സൃഷ്ടിക്കുന്നവർ ആദരിക്കപ്പെടുമെന്ന്. സമ്പത്തിന്റെ ഹേതു അധ്വാനമാണ് അഥവാ അധ്വാനത്തിന്റെ സൃഷ്ടിയാണ് സമ്പത്ത് എന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്. അങ്ങനെയെങ്കിൽ തങ്ങളുടെ അധ്വാനശക്തി, സമ്പത്ത് സൃഷ്ടിക്കാനായി ഉഴിഞ്ഞു വയ്ക്കുന്ന അശരണരായ തൊഴിലാളികളോ, അതോ തൊഴിലാളികളുടെ അധ്വാനത്തിൽ നിന്ന് മിച്ചമൂല്യം അഥവാ കൊടുക്കാത്ത വേതനം കവർന്നെടുത്തു ലാഭം കുന്നുകൂട്ടുകയും പൊതുധനം കവരുകയും കള്ളപ്പണം ഉണ്ടാക്കി വിദേശത്തേക്ക് കടത്തുകയും ചെയ്യുന്ന ചെറുന്യൂനപക്ഷം കുത്തകകളോ ആരാണു സമ്പത്തിന്റെ സ്രഷ്ടാക്കൾ?

### ജനക്ഷേമ മേഖലകളെ അവഗണിക്കൽ

വിദ്യാഭ്യാസമേഖലയെ സ്വകാര്യ കുത്തകകൾക്കു തീറെഴുതാൻ സർക്കാർ കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണ്. പുതിയ വിദ്യാഭ്യാസ നയം ഉടൻ ആവിഷ്ക്കരിക്കുമെന്ന് ധനമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. അതാകട്ടെ സ്വകാര്യവൽക്കരണത്തെയും വാണിജ്യവൽക്കരണത്തെയും പ്രോത്സാഹിപ്പിക്കുന്നതും ആയിരിക്കും. വിദ്യാഭ്യാസ അവകാശ നയത്തിൽ എന്തെങ്കിലും ആത്മാർഥത ഉണ്ടായിരുന്നുവെങ്കിൽ സർക്കാർ നാടെമ്പാടും പുതിയ സ്കൂളുകൾആരംഭിക്കുകയും ലക്ഷക്കണക്കിന് അധ്യാപകരെ നിയമിക്കുകയും ചെയ്യുമായിരുന്നു. അതുപോലെ ഉന്നതവിദ്യാഭ്യാസരംഗത്തെക്കുള്ള പ്രവേശനം ഒരു സാർവ്വത്രിക അവകാശമായി സർക്കാർ കണക്കാക്കിയിരുന്നെങ്കിൽ ധാരാളം കോളേജുകൾ ആരംഭിക്കുകയും അഭ്യസ്തവിദ്യരായ അനേകം യുവതീയുവാക്കളെ അധ്യാപകരായി നിയമിക്കുകയും ചെയ്യുമായിരുന്നു. ജി.ഡി.പി.യുടെ ആറു ശതമാനം വിദ്യാഭ്യാസത്തിനായി നീക്കിവെക്കണമെന്ന് വിദ്യാഭ്യാസ വിചക്ഷണർ ഏറെക്കാലമായി ആവശ്യപ്പെടുന്നുണ്ടെങ്കിലും സ്വാതന്ത്ര്യത്തിനുശേഷം ഇക്കാലം വരെ അതു നടപ്പിലാക്കിയിട്ടില്ല. കഴിഞ്ഞ വർഷത്തെ 0.45 ശതമാനത്തിൽ നിന്ന് ഇത്തവണ അത് 0.44 ശതമാനമായി കുറഞ്ഞിരിക്കുന്നു. വിദ്യാഭ്യാസത്തിനുള്ള നീക്കിയിരിപ്പ് കൂട്ടിയിരിക്കുന്നു എന്നുള്ള സർക്കാർ അവകാശവാദം തീർത്തും സത്യവിരുദ്ധമാണ്. മാത്രമല്ല, വിദ്യാഭ്യാസരംഗത്ത് ബാഹ്യവാണിജ്യ കടമെടുപ്പും നേരിട്ടുള്ള വിദേശ നിക്ഷേപവും കൊണ്ടുവരുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. വിദേശ മൂലധനത്തിന് പരമാവധി ലാഭമുണ്ടാക്കാനുള്ള വേട്ടനിലങ്ങളായി വിദ്യാഭ്യാസരംഗം മാറുമെന്ന് വിദ്യാഭ്യാസസ്നേഹികൾ ഭയപ്പെടുന്നു. കുതിച്ചുയരുന്ന വിദ്യാഭ്യാസച്ചെലവുകൾ മൂലം ബഹുഭൂരിപക്ഷം സാധാരണക്കാരും വിദ്യാഭ്യാസ രംഗത്തു നിന്നു പുറത്താകാൻ പോകുകയാണ്. പൊതുവിദ്യാഭ്യാസരംഗത്ത് വിദ്യാഭ്യാസവും തൊഴിൽ ക്ഷമതയും തമ്മിൽ ബന്ധിപ്പിക്കുമെന്ന ബജറ്റ് നിർദ്ദേശം, മനുഷ്യനെ സൃഷ്ടിക്കുകയും സ്വഭാവരൂപീകരണം നടത്തുകയും ചെയ്യുക എന്ന മഹത്തായ വിദ്യാഭ്യാസ ലക്ഷ്യത്തെ അട്ടിമറിക്കും. ആരോഗ്യരംഗത്താകട്ടെ, പ്രൈമറി, സെക്കൻഡറി തലങ്ങളിലെ ആരോഗ്യ പരിരക്ഷാ സംവിധാനങ്ങളെ മെച്ചപ്പെടുത്താൻ എന്തൊക്കെ മൂർത്തമായ നടപടികളാണ് കൊണ്ടുവരാൻ പോകുന്നത് എന്നു പറയുന്നതിനു പകരം ധനമന്ത്രിയുടെ വാചാടോപം ഇങ്ങനെയാണ്, "വ്യക്തിയുടെ ഉന്നമനത്തിലേക്കു നയിക്കുന്ന സമഗ്രമായ ആരോഗ്യപരിരക്ഷാ ദർശനമാണ് നമുക്കുള്ളത്". അങ്ങനെയെങ്കിൽ പ്രാഥമിക-ദ്വിതീയ തലങ്ങളിലെ ആരോഗ്യപരിരക്ഷാ നിലവാരം ഉയർത്തുകയും സർക്കാർ ആശുപത്രികളെ മെച്ചപ്പെടുത്തുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. എങ്കിൽ നിരവധി സാധാരണക്കാർക്ക് അത് അനുഗ്രഹമാകുകയും അനേകം പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്യുമായിരുന്നു. ബജറ്റ് അതിനെക്കുറിച്ച് ഒന്നും മിണ്ടുന്നില്ല എന്നു മാത്രമല്ല പി.എം.ജെ.എ.വൈ., ആയുഷ്മാൻ ഭാരത്, സ്വച്ഛ്ഭാരത് തുടങ്ങിയ പദ്ധതികൾക്കുള്ള വിഹിതം വെട്ടിക്കുറയ്ക്കുകയും ചെയ്തിരിക്കുന്നു. പിൻവാതിലിൽക്കൂടി സ്വകാര്യവൽക്കരണത്തിന് അരങ്ങൊരുക്കുന്ന പൊതു-സ്വകാര്യ ആശുപത്രികളെ കുറിച്ചും ധനമന്ത്രി സൂചിപ്പിക്കുന്നുണ്ട്. അഴിമതി, രോഗികളെ പിഴിഞ്ഞു പണമൂറ്റൽ, മരുന്ന്-ഉപകരണ കമ്പനികളുടെ ചൂഷണം തുടങ്ങി ആരോഗ്യരംഗത്തെ നിരവധി അനാരോഗ്യ ശീലങ്ങൾക്കെതിരെ ഒരു നിർദ്ദേശവും ഇല്ല. അനുവദിക്കപ്പെട്ട 69,000 കോടി രൂപയിൽ 6400 കോടി രൂപ രൂപ AB -PMJAY പദ്ധതികൾക്ക് വേണ്ടിയാണ്. അതായത് സ്വകാര്യ ഇൻഷുറൻസ് കമ്പനികൾക്ക് പ്രീമിയം കൊടുക്കാൻ വേണ്ടി.

മറുഭാഗത്ത്, പോലീസിനു വേണ്ടി 1.05 ലക്ഷം കോടി രൂപയും പട്ടാളത്തിനു വേണ്ടി 4.70ലക്ഷം കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. പട്ടാള ബജറ്റ് ജി.ഡി.പി.യുടെ 2.1 ശതമാനവും വിദ്യാഭ്യാസത്തിനുള്ളതിന്റെ 5 ഇരട്ടിയുമാണ്.

### സ്ഥിതിവിവരക്കണക്കുകളിലെ വളച്ചൊടിക്കലും കൃത്രിമവും

കുറച്ചുകാലമായി സർക്കാർ പുറപ്പെടുവിക്കുന്ന കണക്കുകളും രേഖകളും പുകമറയ്ക്കുള്ളിൽ ആണ്. ഉദാഹരണത്തിന് ഈ വർഷത്തെ പ്രത്യക്ഷനികുതി വരുമാനം 13.35 ലക്ഷം കോടിരൂപയായി കണക്കാക്കിയിരിക്കുന്നു. അതിൽ 7.6 ലക്ഷംകോടി രൂപ കോർപ്പറേറ്റ് നികുതിയും 5.6 ലക്ഷം കോടി രൂപ ആദായനികുതിയുമാണ്. നികുതിപിരിവ് 12.3 ശതമാനം വർദ്ധിക്കും എന്ന് ധനമന്ത്രി പറയുന്നു. പക്ഷേ ജിഡിപി വളർച്ച 10 ശതമാനമായി നിശ്ചയിക്കുമ്പോൾ നികുതിവരുമാനം എങ്ങനെയാണ് 12 ശതമാനത്തിലധികം ആവുന്നത്? ബൂർഷ്വാ സാമ്പത്തിക നിയമങ്ങൾ പ്രകാരം തന്നെ ഇത് അസംഭവ്യമാണ്. എന്ന് മാത്രമല്ല, കോർപ്പറേറ്റ് നികുതി പിരിവ് കഴിഞ്ഞ ജനുവരി 10 വരെ, സർക്കാർ ലക്ഷ്യമിട്ടതായി പറയുന്നതിന്റെ പകുതിയോളം മാത്രമെ എത്തിയിട്ടുള്ളു. വ്യക്തിഗത ആദായനികുതി പിരിവും വളരെ താഴ്ന്ന നിലയിലാണ്. പരോക്ഷ നികുതി പിരിവ് ആകട്ടെ ഒരു വർഷം കൊണ്ട് 5 ശതമാനത്തിൽ നിന്ന് 4.9 ശതമാനമായി കുറഞ്ഞിരിക്കുന്നു. എന്നിട്ടും സർക്കാർ പ്രതിമാസ ജി.എസ്.ടി. നികുതി വരുമാനം 17 ശതമാനം വർധിക്കും എന്നു പറയുന്നു. ഈ സാമ്പത്തികതളർച്ചയുടെ കാലത്ത് ഇത് സാധ്യമാണോ? രണ്ടാമതായി ധനമന്ത്രി പറയുന്നത് ബജറ്റ് കമ്മി ജി.ഡി.പി.യുടെ 3.8 ശതമാനം ആണെന്നാണ്. പക്ഷേ ബജറ്റിനു പുറമേയുള്ള സർക്കാരിന്റെ ബാധ്യതകൾ കൂടി പരിഗണിച്ചാൽ ഇത് 5.5 ശതമാനം വരും എന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്. കണക്കുകൾ കൃത്രിമമാണെന്നതിനാൽ ഇത്തരം വ്യത്യാസങ്ങൾ ഇനിയും ധാരാളമുണ്ടാകും.

### ജനവിരുദ്ധവും മുതലാളിത്താനുകൂലവുമായ ബജറ്റ്

ജനങ്ങളുടെ കഷ്ടപ്പാടുകൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ തരിമ്പു പോലുമില്ല ഈ ബജറ്റിൽ. മറിച്ച് അതിൽ ദുരുദ്ദേശങ്ങളും കള്ളത്തരങ്ങളും മാത്രമേയുള്ളൂ. ഇത് ചൂഷക വർഗ്ഗത്തിനു വേണ്ടിയുള്ള, കോർപ്പറേറ്റുകൾക്കു വേണ്ടിയുള്ള, കുത്തകകൾക്ക് വേണ്ടിയുള്ള, ഫിനാൻസ് മൂലധനത്തിനു വേണ്ടിയുള്ള ബജറ്റാണ്. പാർലമെന്റിൽ മൂന്നു മണിക്കൂർ കാടും പടലും തല്ലി ഈ വസ്തുത മറച്ചുപിടിക്കാനാണ് ധനമന്ത്രി ശ്രമിച്ചത്. അതുകൊണ്ട് ഈ ബജറ്റ്, ഭരിക്കുന്ന ബി.ജെ.പി.യുടെ രാഷ്ട്രീയ പ്രഖ്യാപനമാണ്. ജനങ്ങളുടെ ദുരിതവും കഷ്ടപ്പാടും അല്ലാതെ മറ്റൊന്നും ഇതിൽനിന്ന് പ്രതീക്ഷിക്കാനില്ല. അതുകൊണ്ട് ഈ ബജറ്റ് ജനവിരുദ്ധം എന്ന് മാത്രമല്ല ജനങ്ങളുടെ മേലുള്ള സാമ്പത്തിക ആക്രമണങ്ങളെ രൂക്ഷമാക്കുന്നതും കൂടിയാണെന്ന വസ്തുത മനസ്സിലാക്കുവാൻ ജനങ്ങളോട് എസ്.യു.സി.ഐ. (കമ്മ്യൂണിസ്റ്റ്) ആഹ്വാനം ചെയ്യുന്നു. ആവശ്യമായ രാഷ്ട്രീയബോധം ആർജ്ജിച്ചു കൊണ്ട്, ജനജീവിതം നേരിടുന്ന നീറുന്ന പ്രശ്നങ്ങളെ അധികരിച്ച്, ഉയർന്ന സാംസ്കാരിക-നൈതിക ധാരണകളുടെ അടിസ്ഥാനത്തിൽ ജനങ്ങൾ ഒറ്റക്കെട്ടായി സമരരംഗത്ത് അണിനിരക്കുമ്പോൾ മാത്രമാണ് ഈ കിരാതമായ ആക്രമണങ്ങളെ ചെറുക്കാൻ കഴിയുക ■

> **അപ്പോൾ സർക്കാർ ആരെയാണ് സംരക്ഷിക്കുന്നത്? പണപ്പെരുപ്പം നിയന്ത്രണമില്ലാതെ തുടരുമ്പോഴും വരുമാനംകുറഞ്ഞുകൊണ്ടിരിക്കുന്ന സാധാരണക്കാരെയോ, അതോ കോടിക്കണക്കിന് രൂപയുടെ നികുതി വെട്ടിപ്പ് നടത്തുകയും ബാങ്കുകളിൽനിന്ന് കോടിക്കണക്കിന് കടമെടുത്ത് മുങ്ങി വിദേശത്തുപോയി സുഖജീവിതം നയിക്കുകയും ചെയ്യുന്ന അതിസമ്പന്നരെയോ, ഏഴ് ലക്ഷത്തോളം ഫാക്ടറികൾ അടച്ചുപൂട്ടി ദശലക്ഷക്കണക്കിനാളുകളെ തൊഴിലിൽനിന്ന് പുറത്താക്കുകയും കർഷകരെ നാശത്തിന്റെ ഗർത്തത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്ന മനഃസാക്ഷിയില്ലാത്ത കോർപ്പറേറ്റ് ഭീമന്മാരെയോ?**


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER UNITY**

FORM IV (See Rule 8)

Place of Publication : Trivandrum
Periodicity of the Publication : Monthly
Printer's Name : V.Venugopal
Nationality : Indian
Address : TC12/1242, Trivandrum Pin 695 035
Printer's Name, Nationality, Address : ,,
Editor's Name, Nationality, Address : ,,
Name and address of individuals who own the Newspaper or shareholder holding more than one percent of the total capital : KERALA STATE COMMITTEE, SOCIALIST UNITY CENTRE OF INDIA(COMMUNIST)
I, V.Venugopal, hereby declare that the articulars given above are true to the best of my knowledge and belief

Sd/- V.Venugopal
Signature of Publisher

01. 03. 2020

16 Date of publishing 01/03/2020
REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY MALAYALAM MONTHLY

March 2020
Vol.46 No.12
Price : Rs 5.00

മാർച്ച് 14

## തൊഴിലാളിവർഗ്ഗത്തിന്റെ മഹോന്നതനായ ആചാര്യൻ

# കാൾ മാർക്സ്

## അനുസ്മരണദിനം

"**ബൂ**ർഷ്വാസി നാടുവാഴിത്ത ചരടുകളുടെ കെട്ടുപാടുകളെ നിഷ്ക്കരുണം പൊട്ടിച്ചെറിഞ്ഞു. മനുഷ്യനും മനുഷ്യനും തമ്മിൽ നഗ്നമായ സ്വാർത്ഥമൊഴികെ, ഹൃദയശൂന്യമായ രൊക്കം പൈസയൊഴികെ, മറ്റൊരു ബന്ധവും അത് ബാക്കിവച്ചില്ല. മതത്തിന്റെ പേരിലുള്ള സായൂജ്യലബ്ധിയുടെയും ആവേശഭരിതമായ വീരശൂരപരാക്രമങ്ങളുടെയും കേവലമായ വികാരപരതയുടെയും ദിവ്യമായ ആനന്ദനിർവൃതികളെ അത് സ്വാർത്ഥപരമായ കണക്കുകൂട്ടലുകളുടെ ശൈത്യത്തിലാഴ്ത്തി. വ്യക്തിയോഗ്യതയെ അത് വിനിമയമൂല്യത്തിൽ അലിയിച്ചു. അലംഘനീയങ്ങളായ അസംഖ്യം പ്രത്യേക അവകാശങ്ങളുടെ സ്ഥാനത്ത് അത് നിർദ്ദയമായ സ്വതന്ത്രവ്യാപാരം എന്ന ഒറ്റ അവകാശത്തെ പ്രതിഷ്ഠിച്ചു. ഇന്നുവരെയും ആദരിക്കപ്പെടുകയും ഭയഭക്തികളോടെ വീക്ഷിക്കപ്പെടുകയും ചെയ്ത എല്ലാ തൊഴിലുകളിൽനിന്നും അവയുടെ വിശുദ്ധപ്രഭാവലയത്തെ ബൂർഷ്വാസി പിച്ചിച്ചീന്തി. ഡോക്ടറെയും അഭിഭാഷകനെയും പുരോഹിതനെയും കവിയെയും ശാസ്ത്രജ്ഞനെയുമെല്ലാം അത് തങ്ങളുടെ ശമ്പളക്കാരായ കൂലിവേലക്കാരാക്കിമാറ്റി. കുടുംബത്തിൽനിന്ന് അതിന്റെ വൈകാരിക മൂടുപടം എടുത്തുമാറ്റി. കുടുംബബന്ധത്തെ കേവലം പണത്തിന്റെ ബന്ധമാക്കി അധഃപതിപ്പിക്കുകയും ചെയ്തു".

**കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽനിന്ന്**



## ട്രംപിന്റെ ഇന്ത്യാ സന്ദർശനത്തിനെതിരെ രാജ്യവ്യാപക പ്രതിഷേധം




എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) എറണാകുളം ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ, തൃപ്പൂണിത്തുറയിൽ നടന്ന പ്രതിഷേധയോഗം ആൾ ഇന്ത്യാ ആന്റി ഇംപീരിയലിസ്റ്റ് ഫോറം ജില്ലാപ്രസിഡന്റ് പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു. ■

## ജസ്റ്റിസ് മുരളീധറിന്റെ സ്ഥലംമാറ്റത്തെക്കുറിച്ച് സഖാവ് പ്രൊവാഷ് ഘോഷ് 2020 ഫെബ്രുവരി 28 ന് പുറപ്പെടുവിച്ച പ്രസ്താവന

**കി**രാതമായ ഡൽഹി കലാപത്തെ നേരിടുന്നതിൽ ബോധപൂർവമായ വീഴ്ച വരുത്തിയ ഡൽഹി പോലീസിനെ ശക്തമായി വിമർശിക്കുകയും നിരവധിയായ മരണങ്ങൾക്കും അക്രമത്തിനും കൊള്ളക്കും നശീകരണത്തിനും ഉത്തരവാദിത്വം അവർക്കാണെന്ന് പറയുകയും, വിദ്വേഷം ജനിപ്പിക്കുന്ന വർഗീയ പ്രസംഗങ്ങൾ നടത്തിയ ബിജെപി നേതാക്കൾക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്യുവാൻ ഉത്തരവിടുകയും ചെയ്ത ജസ്റ്റിസ് മുരളീധറിനെ മണിക്കൂറുകൾക്കകം ഒരു 'പാരിതോഷികം'എന്നവണ്ണം അർദ്ധരാത്രിയിൽ സ്ഥലംമാറ്റിയ നടപടി ബിജെപി ഭരണത്തിനുകീഴിൽ ഒരു അത്ഭുതമല്ല. ഒരു ജഡ്ജിയുടെ അത്തരമൊരു ധീരമായ നടപടി എങ്ങനെയാണ് ബിജെപി സർക്കാരിന് അംഗീകരിക്കാൻ ആകുക.

നീതിന്യായ വ്യവസ്ഥ സ്വതന്ത്രവും ഭരണനിർവ്വഹണ വിഭാഗത്തിന്റെ ഇടപെടലുകളിൽനിന്ന് മുക്തവുമാണെന്ന് അവകാശപ്പെടുന്നുവെങ്കിലും ബൂർഷ്വാഭരണത്തിനു കീഴിൽ കാലങ്ങളായി അത് വെറുംകടലാസിൽ മാത്രമാണുള്ളത്. വളരെക്കാലം മുമ്പുതന്നെ പാർലമെന്ററി ജനാധിപത്യം ഫാസിസ്റ്റ് ആധിപത്യമായി മാറി എന്നത് അവിതർക്കിതമായ ഒരു വസ്തുതയാണ്. നീതിന്യായവ്യവസ്ഥയുടെ സാപേക്ഷികമായ സ്വാതന്ത്ര്യം ഏതെങ്കിലും അളവിൽ നമ്മുടെ നാട്ടിൽ നിലനിന്നിരുന്നുവെങ്കിൽ, ശ്രീമതി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് ഭരണകാലത്ത് അതിന്റെ ഉന്മൂലന പ്രക്രിയയ്ക്ക് തുടക്കമിട്ടു. ഇപ്പോൾ ബിജെപി സർക്കാർ ശവപ്പെട്ടിയുടെ അവസാനത്തെ ആണിയും അടിച്ചിരിക്കുകയാണ്. ഭരണകക്ഷിയുടെ ആഗ്രഹത്തെ തൃപ്തിപ്പെടുത്താത്ത നിരവധിയായ ജഡ്ജിമാർ സ്ഥലം മാറ്റപ്പെടുകയും സർക്കാരിന്റെ ഇച്ഛയ്ക്കൊപ്പം നിന്നവർക്ക് അനർഹമായ സ്ഥാനക്കയറ്റം നൽകുകയും ചെയ്തു. ജസ്റ്റിസ് ലോയ എന്ന ജഡ്ജി ദുരൂഹമായ മരണത്തിന് ഇരയായി. ഇന്നത്തെ ആഭ്യന്തരവകുപ്പ് മന്ത്രി പ്രതിയായ ഒരു കൊലപാതകക്കേസിന്റെ വിചാരണയിൽ അധ്യക്ഷനായ അദ്ദേഹം കോഴയ്ക്ക് വിധേയനാകുവാൻ വിസമ്മതിച്ചതിനാൽ കൊല്ലപ്പെട്ടതാണെന്നാണ് അദ്ദേഹത്തിന്റെ കുടുംബം പറയുന്നത്. ഭരണകക്ഷിയും ഭരണവർഗവും നിയന്ത്രിക്കുന്ന ഭരണനിർവഹണ വിഭാഗത്തിന്റെ ദാസന്മാരായി നീതിന്യായവ്യവസ്ഥ ചുരുങ്ങി. അതിന്റെ സാപേക്ഷികമായ സ്വാതന്ത്ര്യം ഭരണവർഗ്ഗത്തിന്റെ കാൽക്കീഴിൽ അമരുകയും അത് അനീതിമാത്രം നൽകുന്ന ഒന്നായി മാറുകയും ചെയ്തു. ഇത് രാജ്യത്തിന് വളരെ ഗുരുതരമായ അപകടമാണെന്നും സഖാവ് പ്രൊവാഷ്ഘോഷ് പ്രസ്താവനയിൽ പറഞ്ഞു. ■

## മാധ്യമവിലക്ക് അടിമുടി ജനാധിപത്യവിരുദ്ധം

**ദി**ല്ലി അക്രമം റിപ്പോർട്ടുചെയ്തതിന്റെ പേരിൽ ഏഷ്യാനെറ്റ് ന്യൂസ്, മീഡിയ വൺ എന്നീ ടി.വി.ചാനലുകളുടെ സംപ്രേഷണം 48 മണിക്കൂർ വിലക്കിക്കൊണ്ടുള്ള കേന്ദ്രസർക്കാരിന്റെ ഉത്തരവ് ജനാധിപത്യഘടനയുടെ അടിസ്ഥാനപ്രമാണങ്ങളുടെ നഗ്നമായ ലംഘനമാണെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനക്കമ്മിറ്റി അഭിപ്രായപ്പെട്ടു. സ്വതന്ത്രവും നിർഭയവുമായ മാധ്യമപ്രവർത്തനത്തെ തടഞ്ഞുകൊണ്ട് എതിരഭിപ്രായങ്ങളെയും വിയോജിപ്പുകളെയും അടിച്ചമർത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ഇത് ഒരു കാരണവശാലും വിലപ്പോവില്ലെന്ന് ചരിത്രത്തിന്റെ പാഠങ്ങൾ അസന്നിഗ്ദ്ധമായി തെളിയിക്കുന്നു.

അക്രമത്തിൽ പോലീസിന്റെ നിഷ്ക്രിയത്വത്തെയും സംഘപരിവാർ സംഘടനകളുടെ പങ്കിനെയും സംബന്ധിച്ച് ഇൻഡ്യയിലെ ഏതാണ്ട് മുഴുവൻ അച്ചടിമാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും ഒരേ സ്വരത്തിൽ രൂക്ഷമായി വിമർശനം ഉന്നയിച്ചിരുന്നു. വിദേശ മാധ്യമങ്ങളും ഇതേ കാര്യങ്ങൾതന്നെയാണ് ലോകം മുഴുവൻ റിപ്പോർട്ടു ചെയ്തിരുന്നത്. അതേ ദിശയിൽത്തന്നെയാണ് ഇപ്പോൾ മാധ്യമവിലക്ക് നേരിട്ട മാധ്യമങ്ങളും റിപ്പോർട്ടു ചെയ്തത്. ദില്ലി കോടതിപോലും പ്രാരംഭഘട്ടത്തിൽ മാധ്യമങ്ങൾ പുറത്തുകൊണ്ടുവന്ന വിഡിയോ ദൃശ്യങ്ങളെ ആധികാരികമായി ആശ്രയിക്കുകയുണ്ടായി. ഇപ്രകാരം സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട ഉള്ളടക്കത്തിന്റെ പേരിൽ വിലക്ക് അടിച്ചേൽപ്പിച്ചത് ഭരണകൂടത്തിന്റെ ഫാസിസ്റ്റ് മുഖത്തെയാണ് വെളിവാക്കുന്നത്. വ്യാപകമായ എതിർപ്പിനുമുമ്പിൽ പിന്നീട് വിലക്ക് പിൻവലിക്കാൻ സർക്കാർ തയ്യാറായെങ്കിലും വരുംനാളുകളിൽ വരാനിടയുള്ള സമാന സ്വഭാവത്തിലുള്ള അതിക്രമങ്ങൾക്കെതിരെ ജനങ്ങൾ ജാഗ്രതയോടെ നിലകൊള്ളണമെന്ന് എസ്‌യുസിഐ(സി) സംസ്ഥാനക്കമ്മിറ്റി അഭ്യർത്ഥിച്ചു. ■




ഡൽഹിയിൽ സംഘപരിവാർ ആസൂത്രണംചെയ്ത അക്രമങ്ങളുടെ ദൃശ്യങ്ങൾ സംപ്രേഷണം ചെയ്തതിന്റെ പേരിൽ മാധ്യമവിലക്ക് ഏർപ്പെടുത്തിയ കേന്ദ്രസർക്കാരിന്റെ നടപടികൾക്ക് എതിരെ തിരുവനന്തപുരത്ത് മാർച്ച് 7ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിപ്രവർത്തകർ നടത്തിയ പ്രതിഷേധയോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസ്ഥാനസെക്രട്ടേറിയറ്റംഗം സഖാവ് ആർ.കുമാർ പ്രസംഗിക്കുന്നു. ■

Edited, Printed & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C). Printed at Cochin Printech Pvt Ltd, Kochi.